**ധനകാര്യം**

## 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച

ശ്രീ. സി.പി. മുഹമ്മദ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ.എം. മാണി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുന്നു. പതിനൊന്ന് ബഡ്ജറ്റ് അവതരിപ്പിക്കുകയും ഏത് ധനശാസ്ത്രവിശാരദനെയും വെല്ലുന്ന വിധത്തിൽ കേരളത്തിന്റെ പ്രശ്നങ്ങൾ വസ്തുതാപരമായി വിശകലനം ചെയ്യുകയും കേരളത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾ കരതലാമലകംപോലെ ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്ത സവ്യസാചിയായ മാണി സാറിനെ ഞാൻ അഭിനന്ദിക്കുന്നു. മണി മാണിയിൽനിന്ന് വരുമ്പോൾ അതിന് പൊൻതിളക്കമാണ്. പതിനൊന്ന് ബഡ്ജറ്റ് അവതരിപ്പിച്ച് തന്റെ പ്രാഗത്ഭ്യം തെളിയിച്ച മാണിസാർ കേരളത്തിന് ഒരഭിമാനമായി മാറിയിരിക്കുകയാണ്. ആശ്വാസം തേടുന്നവരെ സഹായിക്കുന്ന വിശ്വാസിയാണ് അദ്ദേഹം. പ്രതിപക്ഷംപോലും ഈ ബഡ്ജറ്റിനെക്കുറിച്ച് ഒന്നും പറയുന്നില്ല. കഴിഞ്ഞ ബഡ്ജറ്റിൽ നടപ്പാക്കാൻ കഴിയാത്തവയെക്കുറിച്ച് പ്രസംഗിക്കുകയാണ്. ഈ ബഡ്ജറ്റിലെ ചില കാര്യങ്ങൾ തങ്ങളുടെ കാലത്ത് ആരംഭിച്ചതാണെന്നും പറയുന്നു. ചെമ്മണ്ണ് നിറഞ്ഞ പാതയിലൂടെ അനേകം ചക്രങ്ങളുള്ള രഥം ഉരുണ്ടുപോകുമ്പോൾ ചക്രത്തിന്മേലിരിക്കുന്ന ഈച്ച, തന്റെ ശ്വാസോച്ഛ്വാസം കൊണ്ടാണ് പൊടിപടലമുണ്ടാകുന്നത് എന്ന് വിചാരിക്കുന്നതുപോലെ, പ്രതിപക്ഷം ഈ ഗവൺമെന്റ് ചെയ്യുന്ന ഓരോ കാര്യങ്ങളും തങ്ങൾ നേരത്തെ തുടങ്ങിവച്ചതുകൊണ്ടാണെന്ന് അവകാശപ്പെടുന്നു. ഈ ബഡ്ജറ്റിൽ എന്നെ ആകർഷിച്ച ഒരു കാര്യം സമയബന്ധിതമായി ബഡ്ജറ്റ്

നിർദ്ദേശങ്ങൾ പൂർത്തിയാക്കാൻ ഏർപ്പെടുത്തുന്ന സംവിധാനമാണ്. ബ്യൂറോ ക്രസിയിലെ സചിവോത്തമൻമാരുടെ കനിവുകൂടിവേണം ഈ കാര്യങ്ങ ളെല്ലാം നടപ്പാക്കാൻ. ഈ ബഡ്ജറ്റ് അക്ഷരസഹസ്രസകോടികൾ നിരത്തിവച്ച വാചക അജീർണ്ണമല്ല. കേരളത്തിലെ ഗർഭസ്ഥ ശിശുക്കൾപോലും ഈ ബഡ്ജറ്റിനെ വാഴ്ത്തും എന്നുള്ള കാര്യത്തിൽ സംശയമില്ല. സർവ്വതല സ്പർശിയായ ഈ ബഡ്ജറ്റ് കൂരിരുട്ടിലെ രജതരേഖയാണ്. ആർദ്രതയുള്ള ഹൃദയമാണ് മാണിസാറിനുള്ളത്. ഒരു ചെറിയ സങ്കടംപോലും അദ്ദേഹത്തിന് സഹിക്കാനാകില്ല. സിനിമയിലെ ഒരു ദു:ഖരംഗം കണ്ടാൽ കരയുന്ന ആളാണ് മാണി സാറെന്ന് ഞാൻ കേട്ടിട്ടുണ്ട്. കാരുണ്യമുള്ള മനസ്സും ഹൃദയത്തിൽ തൊടുന്ന വചസ്സും ഈ ബഡ്ജറ്റിലുണ്ട്. 12-ാം പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷത്തിന്റെ അവസാന ദിവസങ്ങളിൽ ഈ ബഡ്ജറ്റ് അവതരിപ്പി ക്കുമ്പോൾ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി വലിയ അഭിമാനം നമ്മെ സംബന്ധിച്ചിടത്തോളമുണ്ട്, ഈ സഭക്കുമുണ്ട്. ചെറുകിട കർഷകരുടെ പലിശ ബാധ്യത എഴുതിത്തള്ളുന്ന, എല്ലാ ചെറുകിട കർഷകർക്കും പലിശരഹിത കാർഷികവായ്പ ഉറപ്പാക്കുന്ന, ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട കർഷകർക്ക് ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള എല്ലാ പരിരക്ഷയും നൽകുന്ന, കാർഷിക വായ്പാ തിരിച്ചടവിന് റിസ്ക് ഇൻഷ്വറൻസ്, കർഷകരുടെ സമഗ്ര വിള ഇൻഷ്വറൻസ് ഇവയെല്ലാം പ്രതിപാദിക്കുന്ന ഈ ബഡ്ജറ്റ് കർഷക സൗഹൃദ പ്രധാനമാണ് എന്നുള്ള കാര്യത്തിൽ സംശയമില്ല. എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ ആരംഭിക്കാൻ പോവുകയാണ്. അത് കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിക്കണമെന്ന് ഡെപ്യൂട്ടി സ്പീക്കർ ഇവിടെ

പറഞ്ഞു, ഞാനും അതിനെ പിന്താങ്ങുന്നു. സുസ്ഥിര തൊഴിൽവികസന പദ്ധതി ഈ ബഡ്ജറ്റിന്റെ ആകർഷണീയതയാണ്. പ്രബന്ധങ്ങൾ, പേറ്റന്റു കൾ, കണ്ടുപിടിത്തങ്ങൾ എന്നിവ നടത്തുന്ന സ്ഥാപനങ്ങളെ പ്രോത്സാഹിപ്പി ക്കാൻ സംവിധാനമുണ്ട്. എന്റെ നിയോജകമണ്ഡലമായ പട്ടാമ്പിയിൽ ബയോ-ഡീസൽ ഉല്പാദിപ്പിക്കുന്ന പരീക്ഷണം വിജയിച്ചിരിക്കുകയാണ്. അതിന്റെ പരീക്ഷണം ആദ്യം നടത്തിയ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി യാദൃച്ഛികമായി പട്ടാമ്പിവഴി കടന്നുപോകുമ്പോൾ അവിടെ വരികയുണ്ടായി. അദ്ദേഹത്തിനുതന്നെ ആ കാര്യം ബോധ്യപ്പെട്ടതുമാണ്. അവരെയൊക്കെ പ്രോത്സാഹിപ്പിക്കാൻ സംവിധാനമുണ്ടാകുന്നത് വളരെ നല്ലതാണ്. ഫോസ്റ്ററിംഗ് ലിങ്കേജസ് ഫോർ അക്കാഡമിക് ഇന്നൊവേഷൻ ആന്റ് റിസർച്ച് (FLAIR) എന്ന പദ്ധതി ഈ രംഗത്തെ ആദ്യത്തെ കാൽവയ്പാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുമുമ്പുള്ള സമ്മേളനത്തിൽ വീടുകൾക്ക് പെർമിറ്റ് നൽകുമ്പോൾ മാലിന്യ സംസ്കരണ പ്ലാന്റും മഴവെള്ള സംഭരണിയും സൗരോർജ്ജ പാനലും നിർബന്ധമാക്കണമെന്ന് ഒരു സബ്മിഷനിലൂടെ ഞാൻ ഇവിടെ ഉന്നയിച്ചിരുന്നു. അത് ഇപ്പോൾ യാഥാർത്ഥ്യമായി എന്നുള്ള തിൽ എനിക്ക് സന്തോഷമുണ്ട്. ഞാൻ ധനകാര്യവകുപ്പ് മന്ത്രിയോട് നന്ദി രേഖപ്പെടുത്തുന്നു.

ക്യാൻസർ രോഗികൾ, കുഷ്ഠരോഗികൾ, വൃക്ക തകരാറുള്ളവർ, ഡയാ ലിസിസ് ചെയ്യുന്നവർ എന്നിവർക്ക് 525 രൂപയിൽ നിന്നും 800 രൂപയും 900 രൂപയുമായി പെൻഷൻ വർദ്ധിപ്പിച്ചുവെന്നുപറഞ്ഞാൽ അത് ഈ സംസ്ഥാന ത്തുതന്നെ ആദ്യമാണ്. ഒരു ദയാലുവായ ഒരാൾക്കേ അങ്ങനെ ചിന്തിക്കാൻ

കഴിയൂ. മഹാത്മജി 'വിശക്കുന്നവന്റെ മുമ്പിൽ ദൈവംപോലും ആഹാരത്തിന്റെ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്' എന്ന് പറഞ്ഞിട്ടുണ്ട്. 'മാനവസേവ മാധവസേവയാണെന്ന്' സ്വാമി വിവേകാനന്ദനും പറഞ്ഞിട്ടുണ്ട്. അതുപോലെ കാരുണ്യമുള്ള ഒരു ഹൃദയമാണ് ധനകാര്യ വകുപ്പുമന്ത്രിക്ക് എന്ന് അദ്ദേഹം തെളിയിച്ചിരിക്കുന്നു. സ്ത്രീശാക്തീകരണ രംഗത്ത് പുതിയ പദ്ധതികൾക്ക് ഈ ബഡ്ജറ്റ് തുടക്കം കുറിക്കുകയാണ്. വിവാഹധൂർത്ത് നമ്മുടെ രാജ്യത്ത് വ്യാപകമാണ്. വലിയ പ്രമാണിമാരുടെയും വി.ഐ.പി.കളുടെയും മക്കളുടെയും കല്ല്യാണം കഴിഞ്ഞാൽ പിറ്റേദിവസം പെൺകുട്ടി ഇരുന്നൂറും ഇരുന്നൂറ്റി അൻപതും പവൻ സ്വർണ്ണമണിഞ്ഞ് സർവ്വാഭരണവിഭൂഷിതയായി നമ്മുടെ വാർത്താ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന നാടാണ് കേരളം. ഇവിടെ ത്രീസ്റ്റാർ ഹോട്ടലുകളിലോ 500-ൽ കൂടുതൽ ഇരിപ്പിടസൗകര്യമുള്ള ഓഡിറ്റോറിയത്തിലോ നടക്കുന്ന വിവാഹങ്ങൾക്ക് 3 ശതമാനത്തിൽ കുറയാത്ത സംഭാവന മംഗല്യനിധിയിലേയ്ക്ക് എന്നുള്ളത് 1000 സീറ്റുകളിൽ കൂടുതൽ ഇരിപ്പിട സൗകര്യമുള്ളത് എന്നാക്കണം. കാരണം, ഇന്ന് ഏത് ചെറുകിട കല്ല്യാണങ്ങളും ഒന്നാമത് 500 ഇരിപ്പിട സൗകര്യമുള്ള കല്ല്യാണമണ്ഡപങ്ങൾ വളരെ കുറവാണ്. അതിന് പകരമായി 3 ശതമാനം എന്നുള്ളത് 5 ശതമാനമാക്കി മാറ്റണം. 500 പവൻകൊടുത്ത് കല്ല്യാണം നടത്തുന്നയാളിന് 5 ശതമാനം തുക എന്നുപറയുന്നത് വളരെ ചെറുതാണ്. അത് മാറ്റണമെന്ന് ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. വരൾച്ചാ പ്രതിരോധത്തിന്റെ കാര്യത്തിലും ഈ ബഡ്ജറ്റ് മാതൃകയാണ്. ചെക്ക്ഡാമും മഴവെള്ള സംഭരണിയും വിദ്യാലായങ്ങളിലും പൊതുസ്ഥലങ്ങ

ളിലും ഉണ്ടാക്കാനുള്ള പരിപാടിയെ ഞാൻ അഭിനന്ദിക്കുന്നു. മദ്ധ്യകേരള ത്തിൽ ക്യാൻസർ ആശുപത്രി എന്ന ആവശ്യം വളരെ ഇഷ്ടപ്പെട്ടു. യാചക മുക്ത കേരളമുണ്ടാക്കാനും ഗോവിന്ദച്ചാമിമാരടക്കമുള്ള യാചകന്മാരെ, അതിൽ ക്രിമിനലുകളുണ്ട്, ക്രിമിനലുകൾ അല്ലാത്തവരുമുണ്ട്, അത് നല്ല ആകർഷണീയമായ ഒരു പരിപാടിയാണ്. ഡീ-അഡീക്ഷൻ സെന്ററുകൾ നമ്മുടെ രാജ്യത്ത് വളരെ ആവശ്യമാണ്. മദ്യവർജ്ജനം മാത്രമേ നാട്ടിൽ നട ക്കൂ. മദ്യനിരോധനം പ്രായോഗികമല്ലാത്തതുകൊണ്ട് മദ്യത്തിനടിമകളായ ചെറുപ്പക്കാരെ ഡീ-അഡീക്ഷൻ സെന്ററുകളിലേയ്ക്ക് അയയ്ക്കാൻ സാധി ക്കും. ആധുനിക ശ്മശാനങ്ങൾ-മുസ്ലീങ്ങൾക്ക് പള്ളി കബർസ്ഥാനുണ്ട്. ക്രിസ്ത്യാനികൾക്ക് ശ്മശാനമുണ്ട്. പക്ഷേ, ഈ രാജ്യത്തിലെ ഭൂരിപക്ഷം വരുന്ന ഹിന്ദുസമൂഹത്തിന്....... തെക്കോട്ടെങ്ങനെയാണെന്ന് എനിക്കറിയില്ല പട്ടാമ്പിയിലൊക്കെ ഹിന്ദുക്കൾ മരിച്ചാൽ സാധാരണ തിരുവില്വാമലയിലേ യ്ക്കാണ് കൊണ്ടുപോകുന്നത്. അവിടെയിപ്പോൾ അവർ സംസ്കാരം പരിമി തപ്പെടുത്തി. ഒരുദിവസം ആയിരക്കണക്കിന് സംസ്കാരങ്ങൾ നടന്നിരുന്നി ടത്ത് വിരലിലെണ്ണാവുന്നതുമാത്രമേ സമ്മതിക്കുന്നുള്ളൂ. അതിന് ആധുനിക ശ്മശാനങ്ങൾ വേണം. കമുകറ പുരുഷോത്തമൻ പാടിയ 'ആത്മവിദ്യാലയ ങ്ങൾ, ആധുനിക ശ്മശാനങ്ങൾ' ആരംഭിക്കാൻ തീരുമാനിച്ചതിനെ ഞാൻ ശ്രീ. കെ. എം. മാണിയെ അഭിനന്ദിക്കുന്നു. അന്യതൊഴിലാളി ക്ഷേമമടക്ക മുള്ള ഒരുപാട് കാര്യങ്ങൾ...... ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല, സമയം കഴിഞ്ഞുപോകുമെന്ന് ഞാൻ കരുതുന്നു. ഈ സർക്കാരിന് ഭൂരി പക്ഷം കുറവാണെന്നും ഈ സർക്കാർ ഇപ്പോൾ വീഴുമെന്നും കരുതി പ്രതി പക്ഷം നടക്കുകയാണ്. രണ്ടുപേർ മൂത്രമൊഴിക്കാൻ പോയാൽ സർക്കാർ

വീഴുമെന്ന് പറഞ്ഞുനടന്നു. മലർപ്പൊടിക്കാരന്റെ ദിവാസ്വപ്നംപോലെ അടുത്ത മന്ത്രിയാകാൻ സ്വപ്നം കണ്ട് നടക്കുന്നവരുമുണ്ട്. ഞങ്ങൾ അഞ്ചു കൊല്ലം ഭരിക്കും. ഒരാളും അങ്ങോട്ടുവരില്ല, നിങ്ങളിൽ പലരും ഇങ്ങോട്ടുവരും, സി.പി.ഐ.യ്ക്കും വന്നുകൂടെ; സി.പി.ഐ.യുടെ ചരിത്രത്തിലെ ഏറ്റവും നല്ല സുവർണ്ണകാലം അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലമായിരുന്നു. ഇപ്പോൾ ഇടതുപക്ഷത്തിന്റെ മാർക്സിസ്റ്റ് പാർട്ടിയുടെ മേധാവിത്വവും ആട്ടുംതുപ്പും കേട്ട് സി.പി.ഐ. അവിടെ നിൽക്കുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. അച്യുതമോനോന്റെ നേതൃത്വത്തിൽ നമ്മൾ ഒരുപോലെ അടിയന്തരാവസ്ഥകാലത്ത് ഒരുമിച്ചുനിന്നതാണ് എന്നുള്ളത് വിസ്മരിക്കരുത്. അതുകൊണ്ട് സി.പി.ഐ. ഈ മുന്നണിയിലേയ്ക്ക് വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നിങ്ങളുടെ ഇടയിലാണ് തർക്കം. നിങ്ങളുടെ ഇടയിൽനിന്ന് അധികം വൈകാതെ ചില എം.എൽ.എ. മാർ ഇങ്ങോട്ടുവരും. നിങ്ങൾ കാത്തുസൂക്ഷിച്ച കസ്തൂരിമാമ്പഴം കാക്കകൊത്തിപ്പോയി എന്നുപറഞ്ഞ് സങ്കടപ്പെടേണ്ടിവരും എന്നുള്ള കാര്യത്തിൽ സംശയമില്ല. ബീഡിക്ക് ഡ്യൂട്ടി വർദ്ധിപ്പിക്കണം. സിഗററ്റിന് ഡ്യൂട്ടി വർദ്ധിപ്പിക്കാമെങ്കിൽ ബീഡിക്കും ഡ്യൂട്ടി വർദ്ധിപ്പിക്കാം. ബീഡി വലിക്കുന്നതും നിരുത്സാഹപ്പെടുത്തണം. നമ്മൾ നമ്മളെത്തന്നെ ഉദ്ധരിക്കണം, നമ്മൾ നമ്മളെ ക്ഷീണിപ്പിക്കരുത്, നമ്മുടെ ബന്ധുക്കൾ നമ്മൾതന്നെ, നമ്മുടെ ശത്രുക്കളും നമ്മൾതന്നെ എന്ന ഗീതാവാക്യമുദ്ധരിച്ച് ശ്രീ. കെ. എം. മാണി ബഡ്ജറ്റ് പ്രസംഗം ഉപസംഹരിച്ചു. ശത്രുക്കളിൽനിന്നും മിത്രങ്ങളിൽനിന്നും രക്ഷിക്കണേയെന്ന് ശ്രീ. കെ. എം. മാണിക്കും അപ്പുറത്തിരിക്കുന്നവർക്കും ഒരുപോലെ പ്രാർത്ഥിക്കേണ്ട സന്ദർഭത്തിലാണ് നമ്മുടെ സഭ ഇവിടെ സമ്മേളിക്കുന്നത്. ഗീതയിൽതന്നെ മറ്റൊരു വാക്യം കൂടി ശ്രീ. കെ. എം. മാണി ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

പ്രശസ്തമായ വാക്യമാണ്, 'കർമ്മണ്യേവാധികാരസ്തേ മാ ഫലേഷു കദാചന' പ്രതിഫലേച്ഛ കൂടാതെ കർമ്മംചെയ്യുന്ന ഒരു ടീം കൂടിയുണ്ടെങ്കിലെ ഏത് ബഡ്ജറ്റും വിജയപ്രദമാക്കാൻ സാധിക്കുകയുള്ളൂ. കേരളത്തിലെ ദാരിദ്ര്യമിപ്പോൾ ഭക്ഷണത്തിനല്ല. ഏറ്റവുമധികം സ്വർണ്ണം ഇറക്കുമതിചെയ്യുകയും ഏറ്റവുമധികം ജൂവലറികൾ വരുന്നതും ഏറ്റവും കൂടുതൽ കാറുകൾ വിറ്റഴിക്കപ്പെടുന്നതും ഏറ്റവുമധികം സൗന്ദര്യവർദ്ധക വസ്തുക്കൾ വിൽക്കപ്പെടുന്നതും ഏറ്റവുമധികം ഫാസ്റ്റ് ഫുഡ് കടകൾ ഉണ്ടാകുന്നതും കേരളത്തിലാണ്. ഇവിടെയുള്ള ദാരിദ്ര്യം ഭക്ഷണത്തെക്കാളേറെ ഇപ്പോൾ ആഡംബരങ്ങൾക്കും സുഖസൗകര്യങ്ങൾക്കുമാണ്. അത് ഉൾക്കൊണ്ടുകൊണ്ട് ഈ ബഡ്ജറ്റ് പ്രഖ്യാപിക്കാൻ ശ്രീ. കെ. എം. മാണിക്ക് കഴിഞ്ഞുവെന്നുള്ളതിലാണ് ഞാൻ അദ്ദേഹത്തെ വാഴ്ത്തുന്നത്. എന്റെ നാട്ടിലെ ഒരാനക്കാരൻ ആനയിടഞ്ഞപ്പോൾ ഇടത്താനെ, വലത്താനെയെന്ന് ഒരുപാട് വട്ടം പറഞ്ഞു. ആന വഴങ്ങിയില്ല, അവസാനം നിർബന്ധമില്ലാതെ, ഇഷ്ടംപോലെ ചെയ്യാനെ എന്ന മട്ടിലാണ് ശ്രീ. വി. എസ്. അച്ചുതാനന്ദനെ മാർക്സിസ്റ്റ് പാർട്ടിയിപ്പോൾ കൈകാര്യം ചെയ്യുന്നത്. അദ്ദേഹം വഴങ്ങുന്നില്ലയെന്നുകണ്ടപ്പോൾ അദ്ദേഹത്തിന്റെ കരചരണങ്ങൾ ഛേദിക്കാൻ വേണ്ടി അദ്ദേഹത്തിന്റെ സ്റ്റാഫിനെ ഒഴിവാക്കണമെന്നുപറഞ്ഞു. സ്വന്തം പ്രതിപക്ഷനേതാവിന്റെ സ്റ്റാഫിനെ ഒഴിവാക്കണമെന്ന് പറയുന്ന ഒരു പ്രതിപക്ഷമാണ് അദ്ദേഹത്തെ മുന്നിൽ നിർത്തി ഈ സഭയിൽ ഒരുമിച്ചുകൂടിയിരിക്കുന്നത് എന്നുള്ളതാണ് വാസ്തവം. പക്ഷെ, ഒരു കാര്യം ഞാൻ പറയുന്നു മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ന് ഒരുപാട് വളർന്നുവെന്നുപറഞ്ഞ് ധാർഷ്ട്യത്തിൽ പ്രസംഗിക്കുന്നുണ്ട്, സി.പി.ഐ.ക്കാരോടും പറയുന്നുണ്ട്. പക്ഷെ സി.പി.ഐ. എന്ന പാർട്ടി ഇൻഡ്യയിലെ എല്ലാ

സംസ്ഥാനങ്ങളിലും ഒരു ചെറിയതോതിലെങ്കിലുമുണ്ട്. പക്ഷേ, സി.പി.ഐ. എന്ന പാർട്ടിയെക്കാളും ഒട്ടും മെച്ചപ്പെട്ട രീതിയിലല്ല ഇന്ന് മാർക്സിസ്റ്റ് പാർട്ടി. കാരണം, ബംഗാളിൽ ദയനീയമായി പരാജയപ്പെട്ടു. ഇനി ഇൻഡ്യ യിലെ ഏത് സംസ്ഥാനത്താണ്. ഞാനും ഡോ. ടി. എം. തോമസ് ഐസകും അതുപോലെ മുൻ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണനുമൊക്കെ സിംലയിൽ പോയപ്പോൾ അവിടത്തെ കോർപ്പറേഷന്റെ മേയറും ഡെപ്യൂട്ടി മേയറും സി. പി.എം. ആണെന്ന് കണ്ടു. അതല്ലാതെ ഇൻഡ്യമുഴുവൻ പര്യടനം നടത്തി നാളെ ഇൻഡ്യാ രാജ്യം പിടിക്കാനുള്ള ഒരു ശക്തി മാർക്സിസ്റ്റ് പാർട്ടിക്ക് ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. മാർക്സിസ്റ്റ് പാർട്ടിയുടെ മഹാനായ നേതാവ് എന്റെ നിയോജകമണ്ഡലത്തിൽനിന്ന് അഞ്ചുതവണ ജയിച്ച് നിയമ സഭയിലേയ്ക്ക് വന്ന മഹാനായ ഇം.എം.എസ്. നമ്പൂതിരിപ്പാട്, അദ്ദേഹം മല പ്പുറം ജില്ലയിലെ പട്ടിക്കാട് നിന്ന് പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർവരെ യുള്ള പതിനായിരക്കണക്കിന് ഏക്കർ സ്ഥലമുള്ള ആ ജന്മി കുടുംബത്തിലെ അംഗമായ മഹാനായ അദ്ദേഹം ഏലംകുളം മനയ്ക്കലിലെ നാലുകെട്ടിന്റെ നടുമുറ്റത്ത് വേദമന്ത്രാതിഹാസങ്ങൾ കേട്ടുവളർന്ന് വിപ്ലവകാരികളുടെ നേതാവായ മഹാനായ അദ്ദേഹം തന്റെ ഭൂമിയെല്ലാം വിറ്റ് പാർട്ടിക്ക് കൊടുത്ത് പാർട്ടിക്കാരോടും ജനങ്ങളോടും പറഞ്ഞത് ജന്മി കുടുംബത്തിൽ ജനിച്ചുവന്ന ഞാൻ തൊഴിലാളി വർഗ്ഗത്തിന്റെ ദത്തുപുത്രനാണ് എന്നാണ്. ഇന്ന് ചരിത്രമറിയുന്ന എല്ലാവർക്കുമറിയാം തൊഴിലാളി വർഗ്ഗത്തിന്റെ ദത്തുപുത്രന്മാർക്കു പകരം മുതലാളി വർഗ്ഗത്തിന്റെ ദത്തുപുത്രന്മാരായി സി.പി.ഐ.(എം) ലെ പോളിറ്റ് ബ്യൂറോവിലുള്ളവർപ്പോലും മാറിയിരിക്കുന്നു എന്നുള്ളതാണ് വാസ്തവം. മന്ത്രിമാർക്കെതിരെ ഇവിടെ അഴിമതിയാരോപണം ഉന്നയിച്ചു കൊണ്ടിരിക്കുകയാണ്. അഴിമതി നടത്തുന്നുണ്ടെങ്കിൽ തെളിവോടുകൂടി

ആരോപണം ഉന്നയിക്കുന്നതിൽ തെറ്റില്ല. പക്ഷേ നല്ല രീതിയിൽ ചരിത്രപരമായിത്തന്നെ അഴിമതിയുടെ കറപുരളാതെ ദീർഘകാലം പൊതുപ്രവർത്തനം നടത്തിയ മന്ത്രിമാരെക്കുറിച്ച്..

മി. സ്പീക്കർ: ശ്രീ സി. പി. മുഹമ്മദ്, മൂന്ന് മിനിട്ട് അധികമായി

ശ്രീ. സി. പി. മുഹമ്മദ്: സർ, ഇല്ല സർ ഒരുപാട്പേർ ഇന്നലെ അധികസമയമെടുത്തു. അങ്ങനെയുള്ള മന്ത്രിമാരെ, ശ്രീ. കെ. ബാബുവിനെപ്പോലെയുള്ള, ശ്രീ. അനൂപ് ജേക്കബിനെപ്പോലെയുള്ള.... ശ്രീ. അനൂപ് ജേക്കബ്ബ് ഒക്കെ രാഷ്ട്രീയ പ്രവർത്തനം തുടങ്ങിയിട്ടെയുള്ളൂ.. ശ്രീ. കെ. ബാബു, എം. എൽ.എ. എന്നുള്ള നിലയിൽ ദീർഘകാലം കറപുരളാത്ത വ്യക്തിത്വത്തിന്റെ ഉടമയാണ്. അവർക്കെതിരെ ആരോപണങ്ങൾ എഴുതിക്കൊടുത്ത് വെറുതെ ഒരടിസ്ഥാനവുമില്ലാതെ ആരോപണമുന്നയിച്ച് അവരെയൊക്കെ ചിത്രവധംചെയ്യാനുള്ള ശ്രമം നിന്ദ്യവും നികൃഷ്ടവുമാണ് എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഈ പ്രതിപക്ഷത്തിന് ഗവൺമെന്റിനെ സൃഷ്ടിപരമായി വിമർശിക്കാനുള്ള കാര്യങ്ങൾ ഒന്നുമില്ല എന്നുള്ളതാണ് വാസ്തവം. പ്രതിപക്ഷത്തിന് അതിനുള്ള ധാർമ്മിക ശക്തി നഷ്ടപ്പെട്ടിരിക്കുന്നു. ഈ പ്രതിപക്ഷത്തിന്റെ വിലയാണ് ഇടിഞ്ഞിരിക്കുന്നത്. യഥാർത്ഥത്തിൽ താങ്ങുവില വേണ്ടത് ഈ പ്രതിപക്ഷത്തിനാണ് എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഇവിടെയെല്ലാവരും ശ്രീ. സണ്ണി ജോസഫ് അടക്കം ആവർത്തിച്ച ചർവ്വിതചർവ്വണം നടത്തി പുതുമ നഷ്ടപ്പെട്ട ഒരു കാര്യം എല്ലാവർക്കും അറിയാം. എന്റെ നിയോജകമണ്ഡലമടക്കമുള്ള പ്രദേശങ്ങളിൽ താലൂക്കുകളുടെ കാര്യം, അത് ഒന്നുകൂടി ദയവായി പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നു.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുന്നു. പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി അഭിമുഖീകരിച്ച് പ്രശ്ന ങ്ങൾ പരിഹരിക്കുവാൻ കഴിയുന്ന പദ്ധതി വീക്ഷണവും (plan perspective) അതിനാവശ്യമായ സമ്പത്തിന്റെ അലോട്ട്മെന്റുമാണ് ബഡ്ജറ്റിന്റെ സാമ്പ ത്തിക അടിത്തറയാകേണ്ടത്. അത്തരത്തിലൊരു വീക്ഷണം ഈ ബഡ്ജറ്റിൽ ഇല്ല എന്നുള്ളതുകൊണ്ട് ഈ ബഡ്ജറ്റ് യുക്തിഭദ്രമല്ല എന്ന് ഞാൻ ആരോപി ക്കുന്നു. പ്രധാനമായും 5 കാര്യങ്ങൾകൊണ്ടാണ് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നത്. മൊത്തമായും ഈ ബഡ്ജറ്റ് യുക്തിഭദ്രമല്ല. സ്പെസിഫി ക്കായി എന്തുകൊണ്ട് യുക്തിഭദ്രമല്ല എന്ന് 5 കാര്യങ്ങളിലൂടെ ഞാൻ വ്യക്ത മാക്കാം. കേരളം നേരിടുന്ന സുപ്രധാനങ്ങളായ പ്രശ്നങ്ങളെക്കുറിച്ച് സി.&.എ.ജി.യും എക്കണോമിക് റിവ്യൂവും എക്കണോമിക് സർവ്വേയും വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിൽ ഒന്ന്, രൂക്ഷമായ തൊഴിലില്ലായ്മ രണ്ട്, അഭൂതപൂർവ്വമായ കാർഷിക തകർച്ച മൂന്ന്, ഗുരുതരമായ വിലക്കയറ്റം നാല്, അപകടകരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ അഞ്ച്, വളർന്നുവരുന്ന സ്ത്രീ പ്രശ്നങ്ങൾ ആറ്, തകരുന്ന കെ.എസ്.ആർ.ടി.സി.യും വൈദ്യുതി ഉത്പാദനവും. ഏഴ് ഭീക്ഷണിയായിട്ടുള്ള കുടിവെള്ള പ്രശ്നം. കുടിവെള്ള സ്രോതസ്സുകൾ ഏറ്റവും കൂടുതൽ മലിനീകരിക്കപ്പെടുന്ന പ്രദേശങ്ങളിലൊ ന്നാണ് കേരളമെന്ന് നിരവധി പഠനങ്ങൾ സൂചിപ്പിക്കുകയാണ്. ഇത്തരം പ്രശ്നങ്ങളെ ഈ ബഡ്ജറ്റ് പ്രോപ്പറായി അഡ്രസ്സ് ചെയ്തിട്ടില്ല എന്ന് ഞാൻ വ്യക്തമായി ആരോപിക്കുകയാണ്. ഈ പ്രശ്നങ്ങളെക്കുറിച്ചെല്ലാം ബഡ്ജ റ്റിൽ പറയുന്നുണ്ട്. പക്ഷേ അഭിമുഖീകരിക്കേണ്ട വിധത്തിൽ അഭിമുഖീകരി ക്കുന്നില്ല. രണ്ടാമത്തെ പ്രശ്നം, അധികാരവികേന്ദ്രീകരണത്തെ ശക്തമാ

ക്കേണ്ട സമയത്ത് ഈ ബഡ്ജറ്റ് അതിനെ നിരുത്സാഹപ്പെടുത്തുകയാണ്. പദ്ധതിവിഹിതം വർദ്ധിപ്പിച്ച് 50 ശതമാനമെങ്കിലും ആക്കേണ്ട സമയത്ത് പദ്ധതി വിഹിതം കുറച്ചിരിക്കുകയാണ്. മൂന്ന്, വിലക്കയറ്റവും തൊഴിലില്ലായ്മയും വൻതോതിൽ വർദ്ധിക്കുന്ന സമയത്ത് 1138.8 കോടി രൂപയുടെ പരോക്ഷ നികുതി വർദ്ധനവ് നടത്തിയിരിക്കുകയാണ്. അതിലൂടെ വിലക്കയറ്റം രൂക്ഷമാകും എന്ന കാര്യം വ്യക്തമാണ്. നിലവിലുള്ള നികുതി പിരിവിൽ തന്നെ വൻ വീഴ്ചയുണ്ടെന്ന് സി.&എ.ജി.യുടെ റിപ്പോർട്ടും വ്യക്തമാക്കുന്നുണ്ട്. നാല്, 3.5 ശതമാനം ധനക്കമ്മിവരെ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടും 2.82 ശതമാനം ധനക്കമ്മി നിറുത്തികൊണ്ട് കേരളത്തിന്റെ മുലധന നിക്ഷേപ രംഗത്തെ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല. 2,000 കോടി രൂപയെങ്കിലും ഇവിടെ നടത്തുന്ന മൂലധന നിക്ഷേപത്തിന് മുകളിൽ നടത്താനുള്ളൊരു സാധ്യത ഈ ബഡ്ജറ്റിൽ ഒഴിവാക്കുകയാണ്. അഞ്ച്, മിച്ച ബഡ്ജറ്റാണെന്ന് തോന്നിപ്പിക്കുന്ന വിധം കണക്കുകളിൽ ഒരു കോളം കാണുന്നു. ഇത് മിച്ച ബഡ്ജറ്റല്ല, കമ്മി ബഡ്ജറ്റാണ്. റവന്യൂ ചെലവുകളുടെ ചില പ്രത്യേക വിന്യാസമാണ് മിച്ചം എന്ന കോളം ഉണ്ടാക്കിയത്. അത് ശരിയല്ല. ഈ അഞ്ച് കാരണങ്ങളാൽ ഈ ബഡ്ജറ്റ് യുക്തിഭദ്രമല്ല എന്നു ഞാൻ വീണ്ടും പറയുകയാണ്. മേൽപറഞ്ഞ അഞ്ച് അടിസ്ഥാന പ്രശ്നങ്ങളെ ആസ്പദമാക്കി ഈ ബഡ്ജറ്റിലുണ്ടാകേണ്ടത് ഒരു പ്ലാൻ ഓറിയന്റേഷനായിരുന്നു. ദീർഘവീക്ഷണത്തോടുകൂടി മേൽപറഞ്ഞ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ബഡ്ജറ്റിന് കഴിയുമായിരുന്നു. അങ്ങനെയൊരു പ്ലാൻ ഓറിയന്റേഷനില്ല, ആക്ടിവിറ്റി ഓറിയന്റേഷൻ മാത്രമാണ് ഈ ബഡ്ജറ്റിലുള്ളത്. അതുകൊണ്ട് മേൽപറഞ്ഞ പ്രശ്നങ്ങളെ മറികടക്കുവാൻ ഈ ബഡ്ജറ്റിലൂടെ കഴി

യുകയില്ല. സ്പെസിഫിക്കായി ചില ഉദാഹരണങ്ങൾ ഞാൻ വ്യക്തമാക്കാം. ഒന്നാമത്തേത് കൃഷിയാണ്. നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്ന ങ്ങളായ തൊഴിലില്ലായ്മ പ്രശ്നമുണ്ടാകുന്നതും ഭക്ഷ്യ പ്രശ്നമുണ്ടാകുന്നതും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുന്നതും കുടിവെള്ള പ്രശ്നമുണ്ടാകുന്നതും കാർഷിക തകർച്ചയിലൂടെയാണ്. അതുകൊണ്ട് കേന്ദ്ര പ്രശ്നമെന്നു പറ യുന്നത് കാർഷിക തകർച്ചയാണ്. രാജ്യത്തിന്റെ എക്കണോമിക് സർവ്വേ പറ യുന്നത് ഇന്ത്യയുടെ കാർഷിക വളർച്ച 1.8 ശതാനം മാത്രമാണ്. എക്കണോ മിക് റിവ്യൂ പറയുന്നത് കേരളത്തിന്റെ കാർഷിക വളർച്ച നെഗറ്റീവാണെ ന്നാണ്. ഈ പ്രശ്നം കേന്ദ്ര സംസ്ഥാന സർക്കാരുകൾ ശരിയാംവണ്ണം അഡ്രസ്സ് ചെയ്തിട്ടില്ല. വളരുന്ന ഭക്ഷ്യ ആവശ്യം നിറവേറ്റപ്പെടണമെങ്കിൽ കേരളത്തിന്റെ കാർഷിക വളർച്ച ചുരുങ്ങിയത് ഒരു വർഷം 5 ശതമാനമെ ങ്കിലും ആകണം. ഇങ്ങനെയൊരു പ്ലാൻ ലക്ഷ്യം വച്ചുകൊണ്ട് ഈ ബഡ്ജ റ്റിൽ നിർദ്ദേശങ്ങൾ വന്നിട്ടില്ല. അതായത് 5 ശതമാനമെങ്കിലും കാർഷിക വളർച്ച തുടർന്നുള്ള വർഷങ്ങളിലുണ്ടായാലേ നമ്മുടെ ഭക്ഷ്യ പ്രശ്നത്തിന് നേരിയ പരിഹാരമെങ്കിലും കാണാൻ കഴിയുകയുള്ളൂ. ജി.ഡി.പി. യിലും ജി. എസ്.ഡി.പി. യിലും കാർഷിക മേഖലയുടെ വിഹിതം നിരന്തരം കുറഞ്ഞുവ രികയാണ്. Percentage of agriculture in GSDP and GDP നിരന്തരമായി കുറഞ്ഞുവരികയാണ്. എന്നിട്ടും മൊത്തം ജി.ഡി.പി.യുടെ വളർച്ചയാണ് വികസനം എന്ന് പറയുന്നത് തെറ്റാണ്. കാർഷിക വളർച്ച 5 ശതമാനമുണ്ടാ കണമെങ്കിൽ ഇപ്പോഴുള്ള കാർഷിക മേഖലയിലെ ക്യാപ്പിറ്റൽ ഫോർമേഷൻ 30 ശതമാനമെങ്കിലും വർദ്ധിപ്പിക്കണം. അങ്ങയുടെ ബഡ്ജറ്റിൽ കേവലം 16 ശതമാനം മാത്രമാണ് പദ്ധതി വിഹിതം വർദ്ധിപ്പിച്ചിട്ടുള്ളത് എന്നാണ് കാണു

ന്നത്. അതുതന്നെ ചില ആനുകൂല്യങ്ങൾ നൽകുന്നതിനാണ്. ചില പ്രധാന പ്പെട്ട പദ്ധതികളും നിർദ്ദേശിച്ചിട്ടുണ്ട്. തീർച്ചയായും കർഷകർക്ക് നൽകിയ ആനുകൂല്യങ്ങൾ നല്ലതുതന്നെയാണ്. ആ ആനുകൂല്യങ്ങൾ കുറച്ചുകൂടി വർദ്ധിപ്പിക്കുകയാണ് വേണ്ടത്. പക്ഷേ പ്രശ്നമതല്ല. അതുകൊണ്ട് 5 ശത മാനം കാർഷിക വളർച്ച കൈവരിക്കാൻ കഴിയില്ല. അടുത്ത വർഷവും കാർഷിക വളർച്ചാ നിരക്ക് നെഗറ്റീവാകുമെന്നുള്ള കാര്യം ഞാൻ ഇപ്പോൾതന്നെ പറയുകയാണ്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ ഇപ്പോഴും കൃഷിക്ക് പ്രതികൂലമാണ് എന്നത് സംസ്ഥാനത്തിന് പരിഹരിക്കാൻ കഴിയുന്ന കാര്യമല്ല എങ്കിലും അതാണ് ഏറ്റവും വലിയ പ്രശ്നം. 5 ശത മാനം കാർഷിക വളർച്ച കൈവരിക്കുവാൻ ഒരു പ്ലാൻ ഉണ്ടാകണം. അതിൽ പ്രഥമ പരിഗണന ഉത്പാദനക്ഷമത വർദ്ധിക്കുന്നതിനായിരിക്കണം. അതി ലൂടെ മാത്രമേ കേരളത്തിന്റെ കൃഷി വികസിപ്പിക്കാൻ കഴിയുകയുള്ളൂ. നെൽകൃഷിയിൽ ഗാലസ പോലുള്ള പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കി യാൽ 50 ശതമാനത്തോളം ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാനും കാർഷിക ചെലവ് കുറയ്ക്കുവാനും സാധിക്കും. എന്റെ മണ്ഡലത്തിൽ പരീക്ഷിച്ച തിന്റെ അനുഭവത്തിലാണ് ഇത് പറയുന്നത്. മറ്റ് കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ വേണ്ടി നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ ഉണ്ടാക്കണം. ഇങ്ങനെ ആസൂത്രിതമായി 50 ശതമാനം ക്യാപ്പിറ്റൽ ഫോർമേ ഷൻ വർദ്ധനവുണ്ടാക്കി 5 ശതമാനം കാർഷിക വർദ്ധനവുണ്ടാക്കാൻ വേണ്ടി യുള്ള കൃഷിയുടെ വിഹിതം 30 ശതമാനമെങ്കിലും വർദ്ധിപ്പിക്കുവാൻ കഴിയണം. അല്ലാത്തപക്ഷം എങ്ങനെയാണ് കേരളത്തിന്റെ കാർഷിക വളർച്ച ഉണ്ടാക്കുവാൻ ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നതെന്ന് അങ്ങ് വ്യക്തമാക്കണം.

ഇത്തരത്തിലുള്ള Plan perspective ഇല്ല എന്നുള്ളതാണ് എന്റെ പ്രധാനപ്പെട്ട ആരോപണം. അതുപോലെ കാലത്തിന്റെ ഏറ്റവും ന്യൂതനമായ പദ്ധതി യാണ് ബയോ ഡൈവേഴ്സിറ്റി. ബയോ ഡൈവേഴ്സിറ്റിയുടെ വർദ്ധനവിന് കൂടുതൽ പണം നീക്കിവയ്ക്കേണ്ടതുണ്ട്. തൊഴിലില്ലായ്മ ഏറ്റവും വലിയ പ്രശ്നങ്ങളിൽ രണ്ടാമത്തെ പ്രശ്നമായിട്ടെടുക്കാം. ദീർഘവീക്ഷണത്തോടു കൂടി ഇത് പരിഹരിക്കാനുള്ള ഒരു പദ്ധതി ഈ ബഡ്ജറ്റിലില്ല. തൊഴിലവസര ങ്ങൾ 5 ശതമാനമെങ്കിലും വർദ്ധിപ്പിക്കുവാൻ തൊഴിൽ സാന്ദ്രമായ മേഖലക ളിൽ 25 ശതമാനമെങ്കിലും പദ്ധതിവിഹിതം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഓരോ മേഖലയുമെങ്ങനെയെന്ന് കൃത്യമായ കണക്കുകളിലൂടെ ഞാൻ കാണിച്ചു തരാം. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. അങ്ങ യുടെ ബഡ്ജറ്റിൽ ഈ അജണ്ടയില്ല. അതായത് ഇത്തരത്തിലുള്ള ക്വാണ്ടിറ്റേ റ്റീവ് ഫിനാൻഷ്യൽ അപ്രോച്ച് ഈ ബഡ്ജറ്റിലില്ല. കാർഷിക മേഖലയിൽ 30 ശതമാനം പദ്ധതിവിഹിതം വർദ്ധിപ്പിക്കുക, പരമ്പരാഗത വ്യവസായ മേഖലക ളിൽ 25 ശതമാനം പദ്ധതി വിഹിതം വർദ്ധിപ്പിക്കുക, ചെറുകിട വ്യവസായ മേഖലകളിൽ 30 ശതമാനം പദ്ധതി വിഹിതം വർദ്ധിപ്പിക്കുക. ഇങ്ങനെയുള്ള പദ്ധതിവിഹിത വർദ്ധനവിൽ 20 ശതമാനം ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന തിനും 80 ശതമാനം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പുതിയ പദ്ധ തികൾ തുടങ്ങുന്നതിനും നീക്കിവയ്ക്കണം. ഈ സമീപനം വരുന്ന 5 വർഷ ക്കാലം തുടർന്നാൽ കേരളത്തിൽ തൊഴിൽ പ്രശ്നം ഒരു പരിധിവരെ നേരി ടാൻ കഴിയും. പരിഹരിക്കാൻ കഴിയുമെന്നല്ല, നേരിടാൻ കഴിയും. ഇങ്ങനെയൊരു പ്ലാൻ സമീപനം, ഫിനാൻഷ്യൽ അലോട്ട്മെന്റ് ഈ ബഡ്ജ

റ്റിൽ ഇല്ലയെന്ന് ഞാൻ ഒരിക്കൽകൂടി പറയുകയാണ്. വർദ്ധിച്ചുവരുന്ന സ്ത്രീ പ്രശ്നങ്ങൾ - ഒരു പക്ഷേ കേരളം നേരിടുന്ന വർത്തമാനകാലത്തിലെ ഏറ്റവും വലിയ പ്രശ്നമാണ് സ്ത്രീകൾക്കെതിരെയുള്ള പ്രശ്നങ്ങൾ. പ്രബുദ്ധ കേരളത്തെ ലജ്ജിപ്പിക്കുന്ന പ്രശ്നം കൂടിയാണിത്. ഈ പ്രശ്നമെങ്കിലും പരിഹരിക്കാൻ ഒരു ദീർഘകാല വീക്ഷണത്തോടുകൂടിയുള്ള പ്ലാൻ ഔട്ട് ലുക്ക് ഉണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സ്ത്രീ ശാക്തീകരണവും ക്ഷേമവുമെന്ന അങ്ങയുടെ ബഡ്ജറ്റിലെ 43-ാം ഖണ്ഡികയിൽ മൂന്ന് നിർദ്ദേശങ്ങളുണ്ട്. അത് നല്ലതുതന്നെ. പക്ഷേ അതുകൊണ്ട് വർദ്ധിച്ചുവരുന്ന സ്ത്രീ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല. അതിൽ മംഗല്യ നിധിയുണ്ട്, വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നുണ്ട്. അതുപോലെതന്നെ മൂല്യനിർണ്ണയത്തിൽ ജെൻഡർ ബാലൻസസ് സ്കോർ ഉൾപ്പെടുത്തുന്നുണ്ട്. ഈ ചെറിയ മൂന്നു കാര്യങ്ങൾകൊണ്ട് വർദ്ധിച്ചുവരുന്ന സ്ത്രീപ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് കരുതരുത്. അതിന് വളരെ ദീർഘവീക്ഷണത്തോടുകൂടി സമസ്ത മേഖലകളേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു പ്ലാൻ തന്നെ വേണം.

ഈ വർദ്ധിച്ചുവരുന്ന സ്ത്രീപ്രശ്നമെന്നുള്ളത് ഒരു സാംസ്ക്കാരിക, സാമൂഹിക, രാഷ്ട്രീയ പ്രശ്നമാണ്. അത്തരത്തിൽ ഈ വിഷയത്തെ കണ്ടുകൊണ്ട് വിദ്യാഭ്യാസം, സംസ്ക്കാരം, സ്ത്രീ സുരക്ഷ, സാമൂഹ്യ സുരക്ഷ, സാമൂഹ്യക്ഷേമം, തൊഴിൽ സുരക്ഷ, ഊഹക്കച്ചവട സംസ്ക്കാരത്തിന് എതിരായിട്ടുള്ള നിലപാടുകൾ എന്നീ വിഷയങ്ങളിൽ കൃത്യമായ നിലപാടുകളെടുത്ത് ദീർഘവീക്ഷണത്തോടുകൂടി പദ്ധതി തയ്യാറാക്കി ഘട്ടംഘട്ടമായി

പ്രവർത്തനത്തിന് ഇപ്പോൾ നീക്കിവച്ച തുകയുടെ ഇരട്ടി തുകയെങ്കിലും മാറ്റി വയ്ക്കേണ്ടതുണ്ട്. അത്തരത്തിലൊരു സമീപനമുണ്ടെങ്കിൽ മാത്രമേ ബഡ്ജറ്റിൽ ഈ പ്രശ്നത്തെ പ്രോപ്പറായി അഭിമുഖീകരിച്ചുവെന്ന് നമുക്ക് പറയാൻ കഴിയൂ. ബഡ്ജറ്റിൽ ചില വാചകങ്ങൾ ഉണ്ടായതുകൊണ്ട് ആ പ്രശ്നത്തെ അഭിമുഖീകരിച്ചുവെന്ന് പറയാൻ കഴിയുകയില്ല. അത്തരത്തിലൊരു സമീപനം ഈ മേഖലയിലുണ്ടാകേണ്ടതുണ്ട്. അതുപോലെതന്നെയാണ് കെ.എസ്.ആർ.ടി.സി.-യും വൈദ്യുതി ഉൽപ്പാദനവും. കെ.എസ്.ആർ.ടി.സി.-ക്ക് അഡീഷണലായി 100 കോടി രൂപ മാറ്റിവച്ചു. എന്തിനാണ് പ്രസ്തുത തുക ഉപയോഗിക്കുക? കെ.എസ്.ആർ.ടി.സി.-യെ ദീർഘവീക്ഷണത്തോടുകൂടി വരുന്ന ഇരുപത് വർഷംകൊണ്ട് ലാഭത്തിലെത്തിക്കുവാൻ ഒരു പ്ലാനുണ്ടോ? ആ പ്ലാൻ ഫെയ്സ് ചെയ്തുകൊണ്ട് വാർഷികമായി ഒരു പ്ലാൻ ഉണ്ടോ? ആ പ്ലാനിന് 100 കോടി രൂപയേ വേണ്ടൂവെങ്കിൽ 100 കോടി രൂപ മതി. ഓരോ വർഷവും ഈ പ്ലാൻ അനുസരിച്ച് ഏത് ഫെയ്സാണ് പ്രവർത്തിപ്പിക്കുക എന്ന് കൃത്യമായി പറഞ്ഞിരുന്നുവെങ്കിൽ 100 കോടി രൂപ മതിയെന്ന് നമുക്ക് പറയാം. 100 കോടി കൊടുക്കുന്നു, എന്തിനാണ് ഉപയോഗിക്കുന്നത്? ഒരു പ്ലാൻ ഇല്ലാത്തതുകൊണ്ട് അത് എന്തിനെങ്കിലും ഉപയോഗിക്കും. ആ 100 കോടി രൂപയും പോയി. അടുത്ത കൊല്ലം 200 കോടിരൂപ കൊടുത്താലും ഇത് രക്ഷപ്പെടുകയില്ല. അതുകൊണ്ട് ഒരു പ്രശ്നത്തെ വളരെ ദീർഘവീക്ഷണത്തോടുകൂടി plan perspective-ൽ കണ്ട് അതിന് ആവശ്യമായ പദ്ധതിപ്പണം അലോട്ട് ചെയ്യലാണ് ബഡ്ജറ്റിംഗ് എന്ന് നമ്മൾ മനസിലാക്കേണ്ടിയിരിക്കുന്നു. ഇതുപോലെതന്നെയാണ് വൈദ്യുതി ഉൽപ്പാദനം. ഏറ്റവും രൂക്ഷ

മായ മറ്റൊരു പ്രശ്നമായി കേരളത്തിലെ വൈദ്യുതി ഉൽപ്പാദനം വരികയാണ്. ഒറ്റ വ്യവസായവും കേരളത്തിൽ വരാൻ കഴിയാത്ത രീതിയിൽ വൈദ്യുതി ഉൽപ്പാദനം തകർന്നുകൊണ്ടിരിക്കുകയാണ്. വൈദ്യുതി മേഖല ഗുരുതരമായ പ്രതിസന്ധിയിലാണ്. എത്രയെത്ര സാധ്യതകളാണ് നമ്മുടെ നാട്ടിലുള്ളത്? അത്തരത്തിലുള്ള ലോംഗ് വിഷനുള്ള പദ്ധതികൾ ഈ ബഡ്ജറ്റിലുണ്ടോ? ആ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പണം ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ, ഞാൻ കണ്ടിട്ടില്ലായെങ്കിൽ പറഞ്ഞുതന്നാൽ ഞാൻ സമ്മതിക്കാം. അങ്ങനെയാണെങ്കിൽ വൈദ്യുതിയുടെ പ്രശ്നം പരിഹരിക്കാം. ഇത്തരത്തിലുള്ള ഒരു ദീർഘവീക്ഷണം ഈ ബഡ്ജറ്റിലില്ല എന്നത് വളരെ ഗുരുതരമാണ്. അതുകൊണ്ട് ഞാൻ നേരത്തേ പറഞ്ഞ പ്രശ്നങ്ങൾ ഇത്തരത്തിലുള്ള ഒരു plan perspective ഇല്ലാത്ത ബഡ്ജറ്റിലൂടെ മറികടക്കാൻ കഴിയുകയില്ല എന്നുള്ള കാര്യം കേരളം മനസ്സിലാക്കണം. ഇത് കേവലം നേരത്തേ ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞതുപോലെ, ആലങ്കാരിക ഭാഷയിൽ പറഞ്ഞ് പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതല്ല. പദ്ധതിപ്പണം മാറ്റിവച്ച് പ്ലാനുണ്ടാക്കി ദീർഘവീക്ഷണത്തോടെ ഫെയ്സ് ചെയ്ത് നടപ്പിലാക്കിക്കൊണ്ടുമാത്രമേ കേരളത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയുള്ളൂ. ആലങ്കാരിക ഭാഷയിലൂടെ നടപ്പിലാക്കാൻ കഴിയുന്നതല്ല കേരളത്തിലെ പ്രശ്നങ്ങൾ. ഒന്നുരണ്ട് നിർദ്ദേശങ്ങൾകൂടി ഞാൻ പറയാം, തൃശ്ശൂർ അടക്കമുള്ള വടക്കൻ ജില്ലകളിലെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി........, കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ജലസേചനം. അതുകൊണ്ടാണ് ഞാൻ ഈ വിഷയം ആദ്യം പറയുന്നത്. അതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണ് MIRPA (Malabar Irrigation Package).

അതിൽ 25-ഓളം വലിയ പദ്ധതികൾ, ശ്രീ. ടി. എൻ. പ്രതാപന്റെ മണ്ഡലത്തിൽ അടക്കമുള്ള 25-ഓളം പദ്ധതികൾ, പാതിവഴിയിലാണ്. അവയെല്ലാം കാർഷികോൽപ്പാദനം വർദ്ധിക്കുന്നതിനുമാത്രം ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളാണ്. അവയെല്ലാം പൂർത്തീകരിച്ചില്ലെങ്കിൽ വലിയ നഷ്ടം നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്കുണ്ടാകും. ഒന്നുകിൽ MIRPA തുടരണം, അല്ലെങ്കിൽ ആ പദ്ധതിയുടെ പൂർത്തീകരണത്തിനുവേണ്ടി പണം കണ്ടുവയ്ക്കണം. കേരളത്തിൽ ഏറ്റവും പ്രധാനപ്പെട്ടതും വളർന്നുവരുന്നതുമായ മേഖലയാണ് ആയുർവ്വേദ മേഖല. ആ മേഖലയിലുള്ള ഉൽപ്പാദകർ രണ്ട് വർഷമായി ഒരു നിർദ്ദേശം വയ്ക്കുന്നുണ്ട്. 12-11-2009 മുതൽ 31-03-2012 വരെയുള്ള കാലയളവിൽ അവർക്ക് മുൻകാല പ്രാബല്യം നൽകിക്കൊണ്ട് അവരുടെ ഉൽപ്പാദനത്തെ സഹായിക്കണമെന്ന നിർദ്ദേശം കഴിഞ്ഞ വർഷവും അവർ ആവശ്യപ്പെട്ടു. ഞാൻതന്നെ അത് അവതരിപ്പിച്ചു, പലരും അതിവിടെ അവതരിപ്പിച്ചു. അത് പരിശോധിക്കാമെന്ന് അങ്ങ് മറുപടി പ്രസംഗത്തിലും പറഞ്ഞു. പക്ഷേ ഈ ബഡ്ജറ്റിലും അതിനെക്കുറിച്ച് പറഞ്ഞിട്ടില്ല. ദയവുചെയ്ത് ആയുർവ്വേദ ഉൽപ്പാദകരുടെ ആ ആവശ്യം അംഗീകരിച്ച് ആയുർവ്വേദത്തെ രക്ഷിക്കണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ മണ്ഡലം ആസ്തി ഫണ്ട്, 25 ലക്ഷം രൂപയുടെ മിനിമം 10 പ്രോജക്ട് എന്നുള്ളത് 10 ലക്ഷം രൂപയുടെ മിനിമം 15 പ്രോജക്ടുകളായി മാറ്റണമെന്ന നിർദ്ദേശം കൂടിയുണ്ട്. പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി അഭിമുഖീകരിച്ച് അവയെ പരിഹരിക്കുന്നതിനുള്ള പദ്ധതി സമീപനമില്ലാത്തതിനാൽ ഈ

ബഡ്ജറ്റ് യുക്തിഭദ്രമല്ല എന്ന് ഒരിക്കൽകൂടി അഭിപ്രായപ്പെട്ടുകൊണ്ട്, ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് നിറുത്തുന്നു.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുകയാണ്. വളരെ സങ്കീർണ്ണമായ ഒരു സാമ്പത്തിക സാഹചര്യത്തിലാണ് ലോകമുള്ളത്, ഇന്ത്യയുള്ളത്. ആ ഒരു പരിസരത്തുനിന്നുകൊണ്ട് ഒരു നല്ല ബഡ്ജറ്റ്, ഒരു സാമ്പത്തികമായിട്ടുള്ള ആസൂത്രണം, വളരെ ക്ലിഷ്ടമായിട്ടുള്ള ഒരു കർത്തവ്യനിർവ്വഹണമാണ്. അഭിവന്ദ്യനായ ശ്രീ. കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ചിരപരിചിതനായിട്ടുള്ള അദ്ദേഹം ഈ ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള മികവിനെക്കുറിച്ചൊന്നും ഞാൻ കൂടുതലായി പറയുന്നില്ല. ലോകമാസകലം കോടീശ്വരന്മാർ വർദ്ധിച്ചുവരുന്ന ഒരു സാമ്പത്തിക സാഹചര്യമാണ്. കോടീശ്വരന്മാരുടെ വാർഷികപ്പട്ടികയിൽ, 1153 കോടീശ്വരന്മാർ ലോകത്താകെയുള്ളതിൽ 48 പേർ ഇന്ത്യയിലാണ്. അത് ഒട്ടും ശുഭോദർക്കമായിട്ടുള്ള ഒരു സാഹചര്യമല്ല. അതുമാത്രമല്ല, ദേശീയ വരുമാനവുമായി കോടീശ്വരന്മാരുടെ പങ്കിനെ താരതമ്യം ചെയ്യുമ്പോഴും BRIC (Brazil, Russia, India, China) രാജ്യങ്ങളിൽ റഷ്യ മാത്രമാണ് ഇന്ത്യയിൽനിന്ന് വേറിട്ടുനിൽക്കുന്നത്. ബാക്കിയുള്ളതിലൊക്കെ തന്നെ ദേശീയമായിട്ടുള്ള ഈ സാമ്പത്തിക സാഹചര്യം വളരെ ഭയാനകമാണ്. അതെല്ലാം പരിഗണിച്ചുകൊണ്ടുള്ള ഒരു സാമ്പത്തിക ആസൂത്രണം ആവശ്യപ്പെടുന്ന സമയത്താണ് മെച്ചപ്പെട്ട ഒരു ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഞാൻ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് മറ്റൊരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത് അങ്ങുതന്നെ കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ ഊന്നിപ്പറഞ്ഞ ഒരു കാര്യമാണ്. ബഡ്ജറ്റാകട്ടെ മറ്റ് എന്താകട്ടെ രാഷ്ട്രീയ

ത്തിന്റെ ഒരു നിലവാരം ഉയർത്തിക്കൊണ്ടും നിയമനിർമ്മാണ സഭകളുടെ ഒരു നിലവാരം ഉയർത്തിക്കൊണ്ടുമാത്രമേ നമുക്ക് ഇന്നത്തെ സാമൂഹിക സാഹചര്യങ്ങളെ, അനാരോഗ്യകരമായിട്ടുള്ള പ്രവണതകളെ നേരിടാൻ സാധിക്കുകയുള്ളൂ. നമ്മൾ ഒന്നിച്ച് അഭിസംബോധന ചെയ്യേണ്ടതായിട്ടുള്ള വളരെ പ്രധാനപ്പെട്ട ഒരു സമസ്യയാണത് എന്ന് ഞാൻ വിശ്വസിക്കുന്നു. കേരളം ഇന്ത്യക്ക് വഴികാണിച്ച ഒരു സംസ്ഥാനമാണ്. സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത്, വിദ്യാഭ്യാസത്തിൽ ഒന്നാം സ്ഥാനത്ത്. രാഷ്ട്രീയ പ്രബുദ്ധതയിൽ, ആദ്യമായി ഈ രാജ്യത്തിന് കൂട്ടുകക്ഷി ഭരണ സംവിധാനം പരിചയപ്പെടുത്തിയത് കേരളമാണ്. ഇന്ന് ഏത് മുന്നണി ഇന്ത്യ ഭരിച്ചാലും കൂട്ടുകക്ഷി ഭരണമാണ്. കേരളത്തിന്റെ രാഷ്ട്രീയ പരീക്ഷണശാലയിൽ ഭരണയന്ത്രത്തെ ഭംഗിയായി നിർവ്വഹിക്കുന്നത് ഇവിടെ വികസിപ്പിച്ചെടുത്ത രാഷ്ട്രീയ മന്ത്രങ്ങളാണ്, രാഷ്ട്രീയ സമവാക്യങ്ങളാണ് ഇന്ത്യക്കുപോലും ദിശാബോധം നൽകിയത്. അങ്ങനെയുള്ള നമ്മുടെ സംസ്ഥാനം ഇന്ന് എവിടെയെത്തി നിൽക്കുന്നുവെന്ന ഒരു ആത്മപരിശോധന വളരെ അടിയന്തരമായി നടത്തേണ്ടതുണ്ട് എന്നതാണ് എന്റെ വ്യക്തിപരമായ എളിയ വിശ്വാസം. ഞാൻ അത് ബഹുമാനപ്പെട്ട സമുന്നതമായ ഈ സഭയുമായി പങ്ക് വയ്ക്കുകയാണ്. കേരളം ഇന്ന് മദ്യപാനത്തിൽ രണ്ടാം സ്ഥാനത്താണ്. ആത്മഹത്യയിൽ മറ്റ് സംസ്ഥാനങ്ങളുടെയെല്ലാം മുമ്പിലാണ്. സ്ത്രീകൾക്ക് എതിരായിട്ടുള്ള അക്രമത്തിന്റെ കാര്യത്തിലും അങ്ങനെതന്നെ. അതുകൊണ്ട് ആകെക്കൂടിയുള്ള ഒരു ശൂന്യതയുണ്ട്. ആ ശൂന്യത പരിഹരിക്കാൻ ഏറ്റവും പ്രധാനപ്പെട്ട കടമയുള്ളത് രാഷ്ട്രീയ നേതൃത്വത്തിനാണ്. രാഷ്ട്രീയമെന്നുപറയുന്നത് സമൂഹത്തിന്റെ ശിരസ്സാണ്. കേരളീയ നവോത്ഥാനത്തിന്റെ തുടർച്ചയായിട്ടാണ് കേരള

രാഷ്ട്രീയം വളർന്നുവന്നിട്ടുള്ളത്. ആ നവോത്ഥാന മൂല്യങ്ങളെല്ലാം കള ഞ്ഞുകുളിച്ചുകൊണ്ട് ഇന്ന് നാം എങ്ങോട്ട് പോകുന്നുവെന്നുള്ളത് ആലോചി ക്കേണ്ട കാര്യമാണ്. ഈ കേരളീയ നവോത്ഥാനത്തിന്റെ മുഖ്യശില്പികളിൽ അദ്വിതീയനായിട്ടുള്ള നാരായണ ഗുരുവിന്റെ വാക്കുകൾ ഞാൻ ഓർക്കുന്നു,

അപരനുവേണ്ടിയഹർന്നിശം പ്രയത്നം
കൃപണത വിട്ടു കൃപാലു ചെയ്തിടുന്നൂ;
കൃപണനധോമുഖനായ്ക്കിടന്നു ചെയ്യു-
ന്നപചയകർമ്മമവനുവേണ്ടി മാത്രം.

ഈ അധോമുഖത്വം അവനവനുവേണ്ടി വ്യക്ത്യാഥിഷ്ഠിതമായി തീരുമ്പോൾ രാഷ്ട്രീയത്തിന് സംഭവിക്കുന്ന വലിയൊരു തകർച്ച അത് വ്യക്ത്യാധിഷ്ഠിത മായിത്തീരുക എന്നുള്ളതാണ്. നമ്മുടെ രാഷ്ട്രീയം വ്യക്ത്യാധിഷ്ഠിത മായിപ്പോകുന്നുവോ എന്ന ഒരു ഭയാനകമായിട്ടുള്ള ഒരു സാഹചര്യം ഇന്നുണ്ട്. ഓരോന്നിനും ഒരു ദൗത്യവും ഒരു ധർമ്മവുമുണ്ട്. ആ ദൗത്യവും ധർമ്മവും നിർവ്വഹിക്കുമ്പോൾ മാത്രമേ അത് വിജയിക്കുന്നുള്ളൂ. കലയാക ട്ടെ, സാഹിത്യമാകട്ടെ, രാഷ്ട്രീയമാകട്ടെ. നമ്മൾ കലയെപ്പറ്റി പറയാറുണ്ട്, കല ജീവിതഗന്ധിയാകണം, സാഹിത്യം ജീവിതഗന്ധിയാകണം. മനുഷ്യന്റെ വിയർപ്പും അതിന്റെ മണവുമുൾക്കൊണ്ടുകൊണ്ടായിരിക്കണം കലാസാഹിത്യ പ്രക്രിയകൾ ശക്തിയാർജ്ജിക്കേണ്ടത്. ഇന്നത് രാഷ്ട്രീയത്തെക്കുറിച്ചും പറ യേണ്ടി വന്നിരിക്കുന്നു. മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെടാതെ, സാധാ രണക്കാരന്റെ, സമ്മതിദായകന്റെ വികാര-വിചാരങ്ങളെ ഉൾക്കൊള്ളാത്ത രാഷ്ട്രീയമായി നമ്മുടെ രാഷ്ട്രീയം മാറുമ്പോൾ അത് അരാഷ്ട്രീയമാണെന്ന് തിരിച്ചറിയാൻ നമുക്ക് സാധിക്കണമെന്നതാണ് എന്റെ അഭിപ്രായം. ഇങ്ങനെയുള്ള ഒരു അവസ്ഥകണ്ട് മനംമടുത്ത് ആരെങ്കിലും അരാഷ്ട്രീയവാ

ദികളായി മാറുന്നുവെങ്കിൽ അതിന്റെ ഉത്തരവാദിത്വവും രാഷ്ട്രീയ നേതൃത്വം ഏറ്റെടുക്കേണ്ടി വരുമെന്നുള്ളതാണ് നമ്മുടെ നാട്ടിലുള്ള സാഹചര്യം.

ഒരു വർഷം ഒരാൾ ഒരു മൊബൈൽ ഫോൺ ഉപയോഗിക്കുമ്പോൾ 120 കിലോഗ്രാം കാർബൺ ഡൈ ഓക്സൈഡാണ് പുറത്തേയ്ക്ക് ബഹിർഗമിക്കുന്നത്. ഒരാൾ ഗൂഗിളിൽ ഒരു വാക്ക് തെരയുമ്പോൾ 8 ഗ്രാം കാർബൺ ഡൈ ഓക്സൈഡാണ് പുറത്തേയ്ക്ക് ബഹിർഗമിക്കുന്നത്. ഒരു മൊബൈൽ ഫോണിന്റെ നിർമ്മാണത്തിൽ 60 കിലോഗ്രാം കാർബൺ ഡൈ ഓക്സൈഡാണ് പുറത്തേയ്ക്ക് ബഹിർഗമിക്കുന്നത്. നമ്മുടെ രാഷ്ട്രീയം പുറത്തേക്ക് വിടുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് അളന്ന് നോക്കാൻ കഴിയാത്തവിധം ജീവിതത്തിൽ സഫോക്കേഷനും വളരെ വലിയ ആത്മീയ ദാരിദ്യവും ഉണ്ടാക്കിതീർക്കുന്ന ഒരു അവസ്ഥാ വിശേഷം സംജാതമാകുന്നതിന് മുൻപ് ഈ കാര്യം നമ്മൾ അഭിസംബോധന ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. കേരളത്തിന്റെ രാഷ്ട്രീയത്തിൽ ഒരു കാലഘട്ടമുണ്ടായിരുന്നു, വ്യക്തികൾക്കതീതമായി പാർട്ടികളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും ഒരു രാഷ്ട്രീയം. ഇക്കഴിഞ്ഞ മാർച്ച് 19-ന് ഇ.എം.എസിന്റെ ചരമദിനമായിരുന്നു. ഞാൻ ഇ.എം.എസിനെ ഓർത്തുപോവുകയാണ്. കടവല്ലൂരിൽ അന്യോന്യം സംഘടിപ്പിക്കുന്ന സമയത്ത് അന്യോന്യത്തിലേക്ക് ഹൈന്ദവ സഹോദരങ്ങൾ എന്നെ ക്ഷണിച്ചിരുന്നു. ക്ഷണം കഴിഞ്ഞ് നോട്ടീസ് വന്നപ്പോൾ മുസ്ലീം മതത്തിൽപ്പെട്ടയാൾ അന്യോന്യത്തിൽ പങ്കെടുക്കുന്നത് ഉചിതമാണോയെന്ന് ആരോ ഒരാൾ അഭിപ്രായ വ്യത്യാസം പറഞ്ഞു. ഞാൻ അത് കേട്ടപ്പോൾത്തന്നെ പോകണ്ടായെന്ന് തീരുമാനിച്ചു. പക്ഷെ, ഇ.എം.എസ്.

ദേശാഭിമാനി വാരികയിൽ സമദാനി പോയാലെന്താണെന്ന് ചോദിച്ച് ലേഖനമെഴുതി. ഞാൻ അന്ന് വളരെ ചെറുപ്പമാണ്. വിദ്യാർത്ഥി ജീവിതം കഴിഞ്ഞ് നിൽക്കുന്ന സമയമാണ്. 19-ാം തീയതി ഇ.എം.എസിന്റെ ചരമദിനം കടന്നുപോയ സന്ദർഭത്തിൽ ഓർക്കാനുള്ള കാരണം വ്യക്തികൾക്കതീതമായി ട്ടുള്ള ഒരു രാഷ്ട്രീയ സംസ്ക്കാരം നമുക്കുണ്ടായിരുന്നു. വ്യക്തികളെയല്ല കാണുന്നത്. വ്യക്തി വിരോധമല്ല. തത്വങ്ങൾക്ക് വേണ്ടിയാണ് പോരാട്ടം. രാജ്യ ത്തിനും രാജ്യതാത്പര്യങ്ങൾക്കും പൊതുതാത്പര്യത്തിനും പ്രാധാന്യം നൽകുമ്പോൾ വ്യക്തിപരമായ താത്പര്യമില്ലാതെയായി തീരും. രാഷ്ട്രീയ ത്തിന് സാംസ്കാരികമായിട്ടുള്ള ഒരു ഉള്ളടക്കം ആവശ്യമുണ്ട്. Cultural content of the politics അതാണ് നമുക്കിന്ന് കൈമോശം വന്നു കൊണ്ടിരി ക്കുന്നത്. അത് കൈമോശം വന്നാൽ ഏറ്റവും വലിയ പതനമാണ് ഉണ്ടാകു ന്നതെന്ന് തിരിച്ചറിയാൻ നമുക്ക് സാധിക്കണം. നമ്മൾ കൈകാര്യം ചെയ്യേണ്ട ഒരുപാട് വിഷയങ്ങൾ ഇവിടെയുണ്ട്. അതൊക്കെ കൈകാര്യം ചെയ്യാൻ വേണ്ടി ഒന്നിച്ച് നിൽക്കേണ്ടവരാണ് നമ്മളെല്ലാവരും. വലിയ ഒരു നിർജ്ജലീ കരണം നമ്മെ കാത്തു നിൽക്കുന്നുണ്ട്. അതുകൊണ്ട് ഇനി ബഡ്ജറ്റിലൊക്കെ കുടിവെള്ളത്തിന്റെ കാര്യം പ്രത്യേകമായി പരിഗണിക്കേണ്ടതായി വരും. 44 നദികളിലും വർഷത്തിൽ രണ്ട് തവണ - ആറ് മാസക്കാലം മഴവെള്ളം കിട്ടി യിട്ടും, ഇഷ്ടം പോലെ നീർത്തടങ്ങൾ, ധാരാളം തോടുകൾ, ഇടവപ്പാതി, തുലാവർഷം ഒക്കെയുണ്ടായിട്ടും കുടിവെള്ളത്തിന് വേണ്ടി നമ്മുടെ സഹോദരിമാർ നെട്ടോട്ടമോടുന്ന കാഴ്ചയാണ് നാം കാണുന്നത്. അതു കൊണ്ട് അടിസ്ഥാനപരമായി എന്റെ അഭിപ്രായം ഇനിയുള്ള കാലം മഴ വെള്ളം ശേഖരിക്കുന്നതിനുള്ള അടിയന്തരമായ നടപടികൾ സ്വീകരിച്ചു

കൊണ്ടല്ലാതെ നമ്മുടെ കേരളീയ സമൂഹത്തിന് മുന്നോട്ട് പോകാൻ സാധിക്കില്ല. കുടിവെള്ളം മുട്ടിക്കുന്ന നമ്മൾ മദ്യത്തിന്റെ കാര്യത്തിൽ ഇപ്പോഴും അഴകുഴമ്പൻ നയം സ്വീകരിക്കുകയാണ്. അത് തെറ്റാണ്. സ്ത്രീകൾക്കെതിരായ ആക്രമണങ്ങൾ ദേശീയ രംഗത്ത് തന്നെ ചർച്ച ചെയ്യപ്പെടുന്നു. എന്തുകൊണ്ട് അതിനൊപ്പം മദ്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. മദ്യത്തെ പ്രതികൂട്ടിൽ നിർത്തുന്നില്ല. സ്ത്രീകളുടെ ഒന്നാമത്തെ ശത്രു ഇന്ത്യാ രാജ്യത്ത് മദ്യമാണ്. ഡൽഹിയിൽ ഒരു പെൺകുട്ടിയെ കടിച്ച് കീറിയവർ മദ്യപിച്ചിരുന്നു. കേരളത്തിലും ഇന്ത്യയിലും അടുത്തകാലത്ത് സ്ത്രീകൾക്കെതിരെ നടന്ന മിക്ക അക്രമങ്ങളും മദ്യപിച്ചുകൊണ്ടാണ് നടത്തിയത്. കേരളത്തിൽ അടുത്ത കാലത്ത് ഒരാൾ ഭാര്യയെ അവരുടെ അമ്മയുടെയും സ്വന്തം കുഞ്ഞിന്റെയും മുന്നിൽ വച്ച് വെട്ടികൊന്നു. അയാളും മദ്യപിച്ചിരുന്നു. ഞാൻ കഴിഞ്ഞ കുറേ നാളായി ഈ സഭയിൽ ഉന്നയിക്കുന്ന ഒരു കാര്യമുണ്ട് മദ്യം സമൂഹത്തിൽ വരുത്തുന്ന ദുരന്തഫലങ്ങളുടെ കണക്കെടുക്കണം. മദ്യത്തിന്റെ റവന്യൂ വരുമാനം കൊണ്ടാണ് രാജ്യഭരണം നടക്കുന്നതെന്ന മിഥ്യാ ധാരണ ഇവിടെയുണ്ടാക്കി വച്ചിട്ടുണ്ട്. അത് കള്ളമാണ്. അത് തകർക്കണം. മദ്യത്തിന്റെ കുപ്പിയിൽ നിന്ന് സ്വാതന്ത്ര്യം നേടുമ്പോഴേ എന്റെ രാജ്യം സ്വതന്ത്രയായെന്ന് ഞാൻ പറയൂവെന്ന് പറഞ്ഞ ഒരു മഹാത്മാവിന്റെ നാട്ടിൽ നമുക്ക് പറ്റിയെ തെറ്റ് ഗാന്ധിജിയെ മറന്നതാണ്. കറൻസി നോട്ടിലും നാണയ തുട്ടിലും മാത്രം ഗാന്ധിജിയെ ഒതുക്കി. ഗാന്ധിജിയിലേയ്ക്കുള്ള തിരിച്ചുപോക്കല്ലാതെ ഇനിയുള്ള കാലം ഇന്ത്യയ്ക്ക് രക്ഷയില്ല എന്നത് ഊന്നി പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. രാഷ്ട്രീയത്തിലെ മൂല്യ ശേഷണത്തിന്റെ കാരണം എന്തായാലും ഒരേ ഒരു പരിഹാരം ആ മഹാത്മാവിലേക്ക്, ആ മഹാത്മാവ് പഠിപ്പിച്ച രാഷ്ട്രീയത്തിലേയ്ക്ക്, ആ നൈതിക രാഷ്ട്രീയത്തിലേയ്ക്ക്

ആ സംശുദ്ധ രാഷ്ട്രീയത്തിലേയ്ക്ക്, ആ നവോത്ഥാനത്തിന്റെ സങ്കൽപ്പങ്ങളിലേയ്ക്ക് തിരിഞ്ഞു നടക്കുകയെന്നുള്ളതാണ്. ഇന്ത്യ കണ്ട ഏറ്റവും വലിയ മതേതരവാദിയുമദ്ദേഹമായിരുന്നു ഇന്ത്യ കണ്ട ഏറ്റവും വലിയ ഹിന്ദുവും അദ്ദേഹമായിരുന്നു. അത് രണ്ടും കൂടി സമഞ്ജസമായി സമ്മേളിപ്പിച്ചുകൊണ്ട് രാഷ്ട്രീയത്തിന് നൈതികതയുടെ ആത്മീയതയുടെ മൂല്യബോധം ഒന്നടങ്കം നൽകിയ ഗാന്ധിജിയെ നാം ഓർക്കുന്നുണ്ടോ. ഗാന്ധിജിയെ ഓർക്കുന്നുവെങ്കിൽ മദ്യം ഒഴുക്കുന്നതിനെതിരെ എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല. അത് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഈ രാജ്യത്തിലുണ്ടാക്കുന്നത്. വളരെ ക്രൂരമായ നിഷേധാത്മകതയുടെ അന്തരീക്ഷത്തിൽ നിൽക്കുമ്പോൾ ഒരു നിർമ്മാണത്തിന് വേണ്ടി ഒറ്റക്കെട്ടായി നിൽക്കാൻ സാധിക്കണം. ഒരു ശ്ലോകാകാരൻ പറഞ്ഞത് ഞാനോർക്കുന്നു

ഭയങ്കരമിതം ശൂന്യം വേതാള നഗരം യഥാ

തഥൈവ വിശ്വമഖിലം ബദരോത്ഭുതം വിഭോ

പിശാച് പാർക്കുന്ന പട്ടണം പോലെ ഈ ലോകം ശൂന്യമായി തീരുകയാണ്. കടമ്മനിട്ട പറഞ്ഞത്, എല്ലാ കിണറുകളും വറ്റിയെന്നാണ്. അങ്ങനെ എല്ലാ കിണറുകളും വറ്റി നിൽക്കുമ്പോഴും വറ്റാതെ നിൽക്കേണ്ട ഒരു കിണറുണ്ട് അത് രാഷ്ട്രീയമായ പ്രബുദ്ധതയുടെ വറ്റാത്ത നീരുറവ സമൂഹത്തിന് പ്രദാനം ചെയ്യുന്ന കിണറാണ്. അത് നിലനിർത്താൻ നമുക്ക് സാധിക്കണം. ഈ ബഡ്ജറ്റിലുള്ള മറ്റൊരു പ്രധാന നിർദ്ദേശം വിവാഹ ആർഭാടത്തിനെതിരായിട്ടുള്ളതാണ്. വിവാഹ ആർഭാടം ഇന്ന് വലിയ ഒരു വിപത്താണ്. ഗതാഗത തടസ്സങ്ങൾ വരെ ഉണ്ടാകുന്നുണ്ട്. ഇന്നല്ലെങ്കിൽ നാളെയെങ്കിലും പൊതു പ്രവർത്തകർ ഇത്തരം വിവാഹങ്ങൾ ബഹിഷ്ക്കരിക്കുന്ന ഒരവസ്ഥയുണ്ടാകണം. എല്ലാ അർത്ഥത്തിലും ഒരു സാമൂഹ്യ പരിഷ്ക്കരണത്തിന് വേണ്ടി

നമ്മുടെ രാഷ്ട്രീയത്തെ ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കട്ടെ. രാഷ്ട്രീയത്തിന് അപഭ്രംശം സംഭവിച്ചുകൂട എന്നർത്ഥത്തിൽ ഞാൻ ഇവിടെ സംസാരിച്ചപ്പോൾ ഓർക്കുന്നത് 'സാരെ ജഹാംസെ അച്ഛാ' എന്ന വളരെ പ്രശസ്തമായ ദേശസ്നേഹ ഗാനം എഴുതിയ ഇക്ബാലിന്റെ ഒരു ഡയറിക്കുറിപ്പാണ് 'stare reflections' എന്നാണ് അതിന്റെ പേര്. അത് നോട്ട് ബുക്കാണ്. ഓരോ ദിവസവും വളരെ വ്യത്യസ്തമായ ഓരോ കാര്യങ്ങൾ അദ്ദേഹം അതിൽ എഴുതി വയ്ക്കും. ഒരു ദിവസം ഷേക്സ്പിയറിനെക്കുറിച്ച്, ഒരു ദിവസം കാളിദാസനെക്കുറിച്ച്, ഒരു ദിവസം മനുഷ്യന്റെ ലുബ്ധിനെക്കുറിച്ച്, ഒരു ദിവസം ഹാലിയുടെ വാൽ നക്ഷത്രത്തെക്കുറിച്ച് ഇങ്ങനെ വളരെ വിഭിന്നമായ കാര്യങ്ങൾ. എനിക്കത് പരിഭാഷപ്പെടുത്താനും ശ്രീ. എം. ടി. വാസുദേവൻ നായർ അതിന് അവതാരിക എഴുതി പ്രസിദ്ധീകരിക്കാനും സൗഭാഗ്യമുണ്ടായത് ഞാൻ ഓർക്കുകയാണ്. അതിലെ ഒരു പേജിൽ ഇക്ബാൽ എഴുതി 'Nations are born in the hearts of poets and are spoiled in the hands of politicians'- രാഷ്ട്രങ്ങൾ കവി ഹൃദയങ്ങളിൽ ജനിക്കുന്നു അത് രാഷ്ട്രീയക്കാരന്റെ കരങ്ങളിൽ തകരുകയും ചെയ്യുന്നു. അങ്ങനെ ഒരു രാഷ്ട്രീയ സംസ്ക്കാരം നമുക്ക് ഇല്ലാതാകട്ടെ എന്നാശിച്ചുകൊണ്ട് നമ്മുടെ രാഷ്ട്രീയത്തിന്റെയും പ്രവർത്തനങ്ങളുടെയും വ്യവഹാരങ്ങളുടെയും നിലവാരം ഉയർത്തുന്നതിന് വേണ്ടി അങ്ങ് ഇവിടെ ഉന്നയിച്ച വലിയ വാക്കുകളെ പിന്തുണച്ചു കൊണ്ടും മാണി സാറിന്റെ ഈ ബഡ്ജറ്റിന് എല്ലാവിധ പിന്തുണയും അറിയിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റിനെ ശക്തമായി എതിർക്കുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച എന്റെ മാന്യസുഹൃത്തും പണ്ഡിതനും അദ്ദേഹത്തിന്റെ ആത്മസംഘർഷങ്ങൾ പങ്കുവയ്ക്കാൻ അദ്ദേഹം ഇരിക്കുന്നത് അവിടെയാണെങ്കിലും അങ്ങേയ്ക്ക് ഗാന്ധിയോടുള്ള സ്നേഹം വളരെ പ്രകടമായി. അതുകൊണ്ട് സീറ്റ് ഒന്ന് മാറിയിരുന്നാലും കുഴപ്പമൊന്നുമില്ല. ഗാന്ധിയെക്കാൾ മനുഷ്യരാശിക്ക് സ്വകാര്യ ജീവിതത്തിലും സമൂഹ ജീവിതത്തിലും ഏറ്റവും വലിയ സംഭാവനകൾ ചെയ്തത് പ്രവാചകന്റെ തിരുവചനങ്ങളാണ്. അതാണ് ഗാന്ധിയെയും സ്വാധീനിച്ചത്. അങ്ങ് അത് വിട്ടുപോയി. ഗാന്ധിയെ ജീസസും, പ്രവാചകനും ശ്രീകൃഷ്ണനും സ്വാധീനിച്ചിരുന്നു. അതെല്ലാം കൂടി ബ്ലെൻഡ് ചെയ്തതാണ് ഗാന്ധിജിയുടെ സന്ദേശമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റുമായി ഇതിനെന്താണ് ബന്ധമെന്നറിയില്ല. മാണി സാർ ഈ ബഡ്ജറ്റിൽ 477 പോയിന്റുകളാണ് നിർദ്ദേശിച്ചിട്ടുള്ളത്.................ബഡ്ജറ്റിന്റെ ചർച്ചയാണ്. തീരാൻ പോവുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും വേറെ കാര്യങ്ങൾ സംസാരിക്കുകയാണ്. ഞാൻ ശബ്ദം ഉയർത്തി പറഞ്ഞാൽ എന്റെ സുഹൃത്ത് പറയും മലിനീകരണമാണെന്ന്................477-ാമത്തെ ഖണ്ഡികയിൽ ക്രിയാത്മകമല്ലാത്ത സമര പരിപാടികളിലൂടെ വികസനത്തിന് പ്രതിബന്ധം സൃഷ്ടിക്കരുത് എന്നുണ്ട്. ജനങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി ജനാധിപത്യത്തിൽ അംഗീകരിച്ചിട്ടുള്ള സമരമാർഗ്ഗങ്ങളെ മുഴുവൻ അപലപിക്കുന്ന കേരളത്തിലെ ആദ്യത്തെ ബഡ്ജറ്റാണ്. We are 99 എന്ന് പറയുന്ന ലോകം ഇന്ന് സമരത്തിന്റെ പാത

യിലാണ്. യൂറോപ്യൻ നഗരങ്ങളിൽ മുഴുവൻ ജനകീയ പ്രക്ഷോഭങ്ങളുടെ കൊടുങ്കാറ്റാണ്. അറബി രാജ്യങ്ങളിലെല്ലാം മുല്ലപ്പൂ വസന്തമാണ്. ജനാധിപത്യത്തിന് വേണ്ടിയും ജീവിക്കാൻ വേണ്ടിയുമുള്ള ജനങ്ങളുടെ ആഗോള സമരങ്ങൾ ഉയർന്നു വരികയാണ്. കേരളത്തിൽ ജനാധിപത്യപരമായ അവകാശങ്ങൾക്കുവേണ്ടി, അഴിമതിക്കെതിരായി, വിലക്കയറ്റത്തിനെതിരായി, സമരം ചെയ്യാൻ പാടില്ല അത് അപലപിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്റെ ബഡ്ജറ്റ് അവസാനിപ്പിച്ചിരിക്കുന്നത്. അത് ജനങ്ങളോടുള്ള അവഹേളനമാണ്. അതിന്റെ ബാക്കി വരികളൊന്നും ഞാൻ വായിക്കുന്നില്ല.

അതിന് അദ്ദേഹം ഭഗവദ് ഗീത വരെ പോയി. ധാരാളം ഉപദേശങ്ങൾ ഇതിനകത്ത് പറയുന്നുണ്ട്. അങ്ങയുടെ കഴിഞ്ഞകാലത്തെ ബഡ്ജറ്റ് കണ്ണോടിച്ച് വായിച്ചെങ്കിൽ ഇതിൽ പറഞ്ഞിരിക്കുന്ന ഒരൊറ്റ കാര്യം നടപ്പിലായിട്ടില്ല എന്ന് കാണാൻ കഴിയും. ഈഞ്ചയ്ക്കലിൽ ഒരു ഇന്റർനാഷണൽ ബസ് ടെർമിനൽ എന്നു പറഞ്ഞിട്ടുണ്ട്, ഈഞ്ചയ്ക്കൽ എന്റെ വീട്ടിനടുത്താണ്. ഇന്നുവരെ അത് ഉണ്ടായിട്ടില്ല. മുട്ടത്തറയിൽ കോളേജ് തുടങ്ങുമെന്ന് പറഞ്ഞു. ഇന്നുവരെ തുടങ്ങിയിട്ടില്ല. എന്തിനാണ് ഇങ്ങനെ ഒരു ബഡ്ജറ്റ് എഴുതി വച്ച് ഞങ്ങളെക്കൊണ്ട് എക്സർസൈസ് ചെയ്യിപ്പിക്കുന്നത്. ഇതിലേതെങ്കിലും 50% നടപ്പിലാക്കാൻ കഴിഞ്ഞോ? 1 വർഷം കഴിഞ്ഞില്ലേ. ഇപ്പോഴും ആവർത്തിക്കുന്നു. ഇന്ന് രാവിലെ അടിയന്തര പ്രമേയം കൊണ്ടുവന്നത് വിലക്കയറ്റത്തിന്മേലാണ്. അത് നന്നായി ചർച്ച ചെയ്തതുകൊണ്ട് ഞാൻ അക്കാര്യം സംസാരിക്കുന്നില്ല. പക്ഷേ എനിക്ക് മനസ്സിലാകാത്തത് കേരളത്തിലെ വിലക്കയറ്റം തടയാൻ കഴിഞ്ഞ ഗവൺമെന്റ് ആദ്യം നടപ്പിലാ

ക്കിയത് കളക്ടർമാർ ചെയർമാനായ മാവേലി ഹോട്ടലുകളാണ്. ആ മാവേലി ഹോട്ടലുകളെല്ലാം അടച്ചു പൂട്ടി. പണ്ടേ പൂട്ടിയതല്ല. നിങ്ങളുടെ കാലത്ത്......., ഞാൻ വന്നപ്പോൾ ഞാനും നിങ്ങളുമായി പോയതാണ്. ഹോട്ടലുണ്ടായിരുന്നു. ഗവൺമെന്റ് കരാർ അനുസരിച്ച് കൊടുക്കാമെന്ന് പറഞ്ഞ സാധനങ്ങൾ കൊടുത്തില്ല. അതുകൊണ്ട് പൂട്ടി. ഇപ്പോൾ പറഞ്ഞിരിക്കുന്നത് തൃപ്തി ഹോട്ടലാണ്. മാവേലി ഹോട്ടലിന്റെ ശവപ്പറമ്പിൽ തൃപ്തി ഹോട്ടൽ ഉയർന്നു വരികയാണ്. നല്ല കാര്യം, സ്വാഗതം ചെയ്യുന്നു. എല്ലാവരും തൃപ്തിയാകട്ടെ. ഇത് നടക്കുമോ ഇല്ലയോ എന്നുള്ളത് കഴിഞ്ഞ ബഡ്ജറ്റിന്റെ അനുഭവം പോലെയായിരിക്കും. ഇതിൽ മാണി സാറിന്റെ ഏറ്റവും വലിയ കൗശലം പാവപ്പെട്ട തൊഴിലുറപ്പ് പദ്ധതിക്കാരെക്കുറിച്ചാണ്. അവർക്ക് 10000 രൂപ കഴിഞ്ഞ ഗവൺമെന്റ് കൊടുത്തുകൊണ്ടിരുന്നത് അവസാനിപ്പിച്ചിട്ട് കേന്ദ്രത്തിന്റെ 10000 രൂപ കിട്ടും. അത് രണ്ടും തൊഴിലാളികളുടെ വിഹിതവും കൂടി ചേർത്ത് ഒരു പെൻഷൻ, പക്ഷേ ആ പെൻഷൻ സ്കീം എന്താണെന്ന് പറയുന്നില്ല. ഇപ്പോൾ കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യം തട്ടിയെടുക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിക്കാർക്ക് 10000 രൂപയുടെ കാര്യമില്ല, അത് ഗവൺമെന്റിലിട്ടേക്കാം, പെൻഷൻ ഫണ്ടിലിടുമെന്നും പറയുന്നു. ആരുടെ പെൻഷൻ ഫണ്ട്? അതൊന്നും ഇതിനകത്ത് പറഞ്ഞിട്ടില്ല. ഇവിടെ ട്രാൻസ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. കേരളത്തിലെ ജനങ്ങളുടെ ഇന്നത്തെ ആവശ്യങ്ങളെന്താണ്? ഇന്ന് കമ്പോളത്തിലെ വിലയും കുടിവെള്ളവുമാണ് ജനങ്ങളെ അലട്ടുന്നതെങ്കിൽ കൃഷിക്കാരനെ വരൾച്ചയാണ് അലട്ടുന്നത്. ഇതൊന്നും കാണാതെ ഒരു സ്വപ്നാടനക്കാരനെപ്പോലെയാണ് അങ്ങ് ഈ ബഡ്ജറ്റിന് രൂപം നൽകിയത്. അങ്ങ് യഥാർത്ഥത്തിൽ കൃഷിക്കാരന്റെ

ബന്ധുവല്ലേ? കാർഷിക മേഖലയാകെ തകർന്നു തരിപ്പണമായി, ശവപ്പറമ്പായി. ആത്മഹത്യയുടെ വക്കിൽ നിൽക്കുന്ന കർഷകർക്ക് വേണ്ടി ഒരു മെഗാ പ്രോജക്ട് ഈ ബഡ്ജറ്റിൽ ഇപ്പോൾ അവതരിപ്പിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റുമായി വിലപേശാൻ അങ്ങേയ്ക്ക് തന്റേടമില്ലേ? ഞങ്ങൾ പിന്തുണ തരാം, പ്രതിപക്ഷം കൂടെ വരാം. കേന്ദ്രഗവൺമെന്റിന്റെ കേരളത്തിലെ പരിശോധന കൊണ്ടൊന്നും ഇത് തീരാൻ പോകുന്നില്ല. കേരളത്തിലെ ഇന്നത്തെ വരൾച്ച വർഷങ്ങളോളം ഉല്പാദനമേഖലയെ തകർക്കാൻ പോകുകയാണ്. അത് തകർന്നു തരിപ്പണമാകാൻ പോകുകയാണ്. ഒരു പ്രോജക്ടുമില്ല. 130000 പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കഴിഞ്ഞക്കാലത്തെ പബ്ലിക് സെക്ടർ റിവൈവ് ചെയ്തു. വ്യവസായ വകുപ്പുമന്ത്രി ഇവിടെയില്ല. പബ്ലിക് സെക്ടറുകളെല്ലാം വിൽക്കാൻ വച്ചിരുന്നതാണ്. കെൽട്രോണിനെ വിലപേശിയതാണ്. ഏജന്റുമാർ വന്ന് സ്ഥലം നോക്കി പ്രമാണം കൈമാറിയതാണ്. തൊഴിലാളികളാണ് അതിനെ ബ്ലോക്ക് ചെയ്തത്. ഇപ്പോൾ കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന് മാണി സാർ ഈ ബഡ്ജറ്റിൽ വച്ചിരിക്കുന്നത് 500 കോടി രൂപയാണ്. 240 കോടി രൂപ ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സെക്ടറിന് എന്തിനാണ് 500 കോടി രൂപ. 1000 കോടി രൂപ പൊതുമേഖലയ്ക്ക്, ഗവൺമെന്റ് പണമല്ലേ? വേറെ സ്വകാര്യ കമ്പനികളല്ലല്ലോ. കുറയ്ക്കാൻ കാരണമെന്താണ്? കഴിഞ്ഞ ഗവൺമെന്റിനേക്കാൾ മൂലധന ചെലവ് കൂടുതലാണെന്ന് അങ്ങ് പറയുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇൻഫ്ളേഷൻ ഇതുപോലെയില്ലായിരുന്നു. നാണയപ്പെരുപ്പമായി തട്ടിച്ചുനോക്കിയാൽ ഇപ്പോഴും നിങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ അടുത്തെ

ത്തില്ല. സംസ്ഥാന മൂലധന ചെലവ് പെരുപ്പിച്ച് കാണിച്ചിട്ട് കാര്യമുണ്ടോ? സാമൂഹ്യസേവനങ്ങളുടെ രസകരമായ കണക്കുകളാണ് അങ്ങ് കൊടുത്തിട്ടു ള്ളത്. ഈ ബഡ്ജറ്റിനകത്ത് പെൻഷൻ കൊടുക്കുന്നവരുടെ ലിസ്റ്റ് കാണിച്ചി ട്ടുണ്ട്. അനാഥാലയങ്ങൾ, സർക്കാർ എയ്ഡഡ് അന്ധ-ബധിര, വൃക്ക തകരാർ, കുഷ്ഠം, ക്ഷയം, ക്യാൻസർ, അവശകലാകാരന്മാർ ഇതെല്ലാം എണ്ണത്തിൽ വളരെ കുറവാണ്. അങ്ങിതിൽ പറഞ്ഞിരിക്കുന്നത് കയർത്തൊ ഴിലാളി പെൻഷൻ 300 രൂപ ആയിരുന്നത് 400 രൂപ ആക്കിയെന്നാണ്. അത് തിരുത്തണം. കയർത്തൊഴിലാളികൾ ഇപ്പോൾതന്നെ 400 രൂപ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന്റെ കുടിശ്ശിക വരെ വാങ്ങിച്ചു. മറ്റു നിരവധി പരമ്പരാഗത വ്യവസായ മേഖലകളിലെ 12 ക്ഷേമപദ്ധതികൾ പെൻഷൻ വാങ്ങുന്ന ആളുകളുടെ ഗതിയെന്താണ്? ആ പെൻഷനുക ളൊന്നും ഇതിൽ പറയുന്നില്ല. സർക്കസ് കലാകാരന്മാർക്കുള്ള പെൻഷൻ പറയുന്നു. ആകെ കേരളത്തിൽ 100-ൽ താഴെയുള്ള സർക്കസ് കലാകാരന്മാ രെയുള്ളൂ. പറയാൻ ഇത് വളരെ നല്ല കാര്യങ്ങളാണ്. ബഡ്ജറ്റിന്റെ എല്ലാ കാര്യങ്ങളിലും കടക്കാൻ സമയമില്ല. അതുകൊണ്ട് ഞാൻ കടക്കുന്നില്ല. ട്രാൻസ്പോർട്ടിന്റെ കാര്യം പറയാനുണ്ട്. ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ....., ഇത് നിങ്ങളുടെ പ്രകടനപത്രികയാണ്. ഈ പ്രകടനപത്രികയിൽ പറയുന്നത്, ഇത് ആളുകളെ പറ്റിക്കാൻ പറയുന്നതാണെന്ന് ആളുകൾക്കറിയല്ലല്ലോ? 3000 മെഗാവാട്ട്, അങ്ങ് പ്രതികരിക്കുകയാണെങ്കിൽ ഞാൻ പറയാം. അങ്ങയുടെ കാര്യം പറയാം. 3000 മെഗാവാട്ട്......

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, പ്രകടനപത്രികയിൽ നിങ്ങൾ കൊടുക്കുന്നതു മാത്രമേ ഞങ്ങളും കൊടുക്കാറുള്ളൂ.

ശ്രീ. സി. ദിവാകരൻ: സർ, മന്ത്രിയെഴുന്നേറ്റ് നിന്ന് ഇങ്ങനെ സംസാരിക്കരുത്. അങ്ങ് കഴിഞ്ഞ തവണ പ്രതിപക്ഷത്തിരുന്നുകൊണ്ട് ധാരാളം കാര്യം പറഞ്ഞു. ഇപ്പോൾ അങ്ങ് മന്ത്രിയായപ്പോൾ എന്നോട് അങ്ങനെ പറയരുത്. അത് തെറ്റാണ്. മന്ത്രിമാർ ദയവ് ചെയ്ത്...., മന്ത്രിമാരായിരിക്കണം. മന്ത്രിമാരെ ബഹുമാനിച്ചാൽ മന്ത്രിമാരായിരിക്കണം. കഴിഞ്ഞ പ്രകടനപത്രികയിൽ 3000 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുമെന്ന് പറഞ്ഞു. ഒരു യൂണിറ്റ് വൈദ്യുതിയെങ്കിലും ഉല്പാദിപ്പിച്ചിട്ടുണ്ടോ? ഈ പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്നത് ദാരിദ്ര്യനിർമ്മാർജ്ജനം - ബി.പി.എൽ. വിഭാഗക്കാർക്ക് ഒരു രൂപയ്ക്കും എ.പി.എൽ. വിഭാഗക്കാർക്ക് രണ്ടു രൂപയ്ക്കും പ്രതിമാസം 35 കിലോഗ്രാം അരി എവിടെയാണ് കൊടുത്തത്? ഒരു സ്ഥലത്തും കൊടുത്തിട്ടില്ല. അപ്പോൾ അതും വെറുതെയായി. ഈ ഗവൺമെന്റിന് നാഥനില്ല. ഈ ഗവൺമെന്റിന്റെ രാഷ്ട്രീയ അടിത്തറ തകർന്നിരിക്കുകയാണ്. ഈ ഗവൺമെന്റ് വെന്റിലേറ്ററിലാണ്. ഉമ്മൻ ചാണ്ടി മന്ത്രിസഭ മൂന്നു വെന്റിലേറ്ററിൽ കിടക്കുകയാണ്. ആ വെന്റിലേറ്റർ മാറ്റിയാൽ ഈ ഗവൺമെന്റിന്റെ കഥ അപ്പോൾ കഴിയും. മൂന്നു മന്ത്രിമാർ ശ്രീ. ഷിബു ബേബി ജോൺ, ശ്രീ. കെ. ബി. ഗണേഷ് കുമാർ, ശ്രീ. അനൂപ് ജേക്കബ്, മൂന്നു വെന്റിലേറ്ററിൽ മാത്രം ജീവിച്ചിരിക്കുന്ന ഒരു ഗവൺമെന്റാണിത്. ഈ മൂന്നു വെന്റിലേറ്ററും മാറ്റിയാൽ കഥ തീരും. രാഷ്ട്രീയ അടി

ത്തറ മാറി, ഇത് തകർന്നു എന്ന് ഞാൻ വെറുതേ പറയുകയല്ല. ഡി.എം.കെ. പോയതുകൊണ്ട് കേന്ദ്രം തകർന്നു എന്ന് ഞാൻ പറയുന്നില്ല.

യു.ഡി.എഫ്.ന്റെ സമുന്നതനായ നേതാവ് ശ്രീ. എം. വി. രാഘവൻ എന്താണ് ഗവൺമെന്റിനെക്കുറിച്ച് പറഞ്ഞത്? ശ്രീമതി കെ. ആർ. ഗൗരിയമ്മ ഈ ഗവൺമെന്റിനെക്കുറിച്ച് പറഞ്ഞ വാക്കുകൾ ഞാൻ പറയട്ടേ. ഈ ഗവൺമെന്റിനെക്കുറിച്ച് എൻ.എസ്.എസ്. പറഞ്ഞ വാക്കുകൾ എന്താണ്? ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഗവൺമെന്റിനെക്കുറിച്ച് പറഞ്ഞത് കിതയ്ക്കുന്ന ഗവൺമെന്റെന്നാണ്. ഇതെല്ലാം നിങ്ങൾ കേട്ടതല്ലേ. ഇവരെല്ലാം യു.ഡി.എഫ്.അല്ലേ അവരെയൊക്കെ നിങ്ങൾ തള്ളിക്കളഞ്ഞിട്ടുണ്ടോ? കഴുത യുടെ പുറത്താണ് നിങ്ങളുടെ ഗവൺമെന്റ് സഞ്ചരിക്കുന്നതെന്ന് എസ്.എൻ. ഡി.പി. പറഞ്ഞല്ലോ. നിങ്ങളുടെ ഗവൺമെന്റിനെ നിലനിർത്താൻ വേണ്ടി മഞ്ഞപ്പാലിൽ അഭിഷേകം നടത്തിയില്ലേ. ഇത് ഏത് ഗവൺമെന്റാണ്; നിങ്ങളുടെ നാഥനാരാണ്; നിങ്ങളുടെ ഐക്യം എവിടെയാണ്; നിങ്ങൾക്ക് പരസ്പരമായ കൂട്ടുത്തരവാദിത്തമുണ്ടോ? നിങ്ങൾ ഈ സഭയിൽ വന്ന് ഞങ്ങളെ ആക്രമിക്കുന്നതല്ലാതെ നിങ്ങൾ പുറത്തിറങ്ങിയാൽ എന്തൊക്കെ കഥകളാണ് മന്ത്രിമാരെക്കുറിച്ച് ചീഫ് വിപ്പ് പറയുന്നതും ചിഫ് വിപ്പിനെക്കു റിച്ച് നാട്ടുകാർ പറയുന്നതും. നിങ്ങൾ എന്തുകൊണ്ടാണ് ഭൂമി പിടിച്ചെടുക്കാ ത്തത്? നിങ്ങൾ എന്തിനാണ് ഞങ്ങളെ ആക്ഷേപിക്കുന്നത്. സാർ ഞാൻ അവസാനിപ്പിച്ചു.

മി. ചെയർമാൻ: അഞ്ച് മിനിട്ട് കൂടുതലായി.

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരു അപേക്ഷയുണ്ട്. അങ്ങ് പലപ്പോഴും വ്യക്തിപരമായി ആളുകളെ ആക്ഷേപി ക്കുന്നു. ശ്രീ. വി. എസ്. സുനിൽ കുമാറിന് നേരെ ഇന്ന് അങ്ങ് ഉപയോഗിച്ച

വാക്കുകൾ നിർഭാഗ്യകരമായിപ്പോയി. പ്രതിപക്ഷത്തുള്ള ആളുകളെ വിശ്വാസത്തിലെടുക്കാതെ, പ്രതിപക്ഷത്തെ ബഹുമാനിക്കാതെ, പ്രതിപക്ഷ സഹകരണമില്ലാതെ എന്ത് ജനാധിപത്യമാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്. നിങ്ങൾ പറയുന്നത് മുഴുവൻ കേട്ടുകൊണ്ടിരിക്കാനാണോ. അതുകൊണ്ട് സഹിഷ്ണുതയോടുകൂടി ഞങ്ങളുടെ വിമർശനങ്ങൾ ഗവൺമെന്റിനും ജനങ്ങൾക്കും ജനാധിപത്യത്തിനും അനിവാര്യമാണ്. സഹിഷ്ണുത നിങ്ങൾ പ്രകടിപ്പിക്കുന്നില്ല. നാഥനില്ലാത്ത തകർന്നുകൊണ്ടിരിക്കുന്ന ആരുമില്ലാത്ത അടിത്തറ തകർന്ന ഗവൺമെന്റാണ്. ...........

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ അഭിമാനപൂർവ്വം പിന്താങ്ങുകയാണ്. ബഹുമാന്യനായ മുൻ മന്ത്രി ശ്രീ. സി. ദിവാകരൻ പ്രസംഗം ആരംഭിച്ചതുതന്നെ പ്രവാചകനായ മുഹമ്മദ് നബിയെ ക്വാട്ട് ചെയ്തുകൊണ്ടാണ്. പ്രവാചകനായി മുഹമ്മദ് നബി മെക്കയിലെ കഅ്ബയിൽ പള്ളി നിർമ്മാണത്തിന് ചെന്ന സമയത്ത് വിവിധങ്ങളാകുന്ന ഗോത്രവർഗ്ഗക്കാർ പള്ളിയുടെ ശിലയിടാനുള്ള അവകാശം തങ്ങൾക്ക് മാത്രമാണെന്ന് ഓരോരുത്തരും പറഞ്ഞപ്പോൾ പ്രവാചകനായ മുഹമ്മദ് നബി ഒരു വലിയ തുണി അവിടെ കൊണ്ട് വന്ന് വിരിക്കുകയും ആ തുണിയുടെ നടുക്ക് ശിലവച്ച് എല്ലാ ഗോത്രവർഗ്ഗക്കാരോടും തുണിയുടെ ഓരോ ഭാഗത്തായി പിടിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെ എല്ലാവരെയും ഒരുമിപ്പിച്ചുകൊണ്ട് ആ തുണി പിടിച്ച് ശില ഉയർത്തികൊണ്ടുപോയി യഥാസ്ഥാനത്ത് സ്ഥാപിക്കുകയും, ആ ശിലയുടെ മുകളിൽ മനോഹരമായ പള്ളി നിർമ്മിക്കുകയും ചെയ്തു, അതുപോലെയാണ് ശ്രീ. കെ. എം. മാണി സാർ. അദ്ദേഹത്തിന്റെ ബഡ്ജറ്റിന്റെ അവസാന ഭാഗത്ത് കൃത്യമായി പറഞ്ഞിരി

ക്കുന്ന കാര്യം വികസനത്തിന്റെ കാര്യത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും ശത്രുക്കളല്ല, ഒരു കാര്യത്തിലും ശത്രുക്കളല്ല നാം വികസനത്തിന്റെ യാത്ര യിൽ ബന്ധുക്കളായി മുന്നോട്ട് പോകേണ്ട ആളുകളാണ്. മുഹമ്മദ് നബി യുടെ എല്ലാ തരത്തിലുള്ള ആശയങ്ങളേയും പ്രവർത്തനങ്ങളേയും മനസ്സിൽ സ്വാംശീകരിച്ചുകൊണ്ട് മുന്നോട്ട് പോകുന്ന പരിണിതപ്രജ്ഞനായ അതുല്ല്യ നായ ഒരു ഭരണാധികാരിയെയാണ് ശ്രീ. കെ. എം.മാണി സാറിലൂടെ ദർശി ക്കാൻ കഴിയുന്നത്. ശ്രീ. കെ. എം. മാണി സാറിന്റെ ഓരോ പ്രവർത്തന ത്തിലും തന്റേതായിട്ടുള്ള പ്രത്യേകത ഉയർത്തിക്കാണിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിയമസഭയിലേയക്ക് 1965-ൽ കടന്നുവന്ന അന്ന് മുതൽ 48 വർഷക്കാലം നിയമസഭ സാമാജികനായി പ്രവർത്തിക്കുകയും 21 തവണ മന്ത്രിയാവുകയും കേരളത്തിലെ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്ത സന്ദർഭങ്ങളിലെല്ലാം മികച്ച ഭരാണാധികാരിയെന്ന നിലയിലും അതോടൊപ്പംത്തന്നെ നിരവധിയാ യിട്ടുള്ള സിദ്ധാന്തങ്ങൾക്ക് രൂപം കൊടുക്കുകയും മികച്ച സൈദ്ധാന്തിക നായി മാറുകയും ചെയ്ത ശ്രീ. കെ. എം. മാണി സാറിന്റെ പതിനൊന്നാ മത്തെ ബഡ്ജറ്റ് അത്ഭുതത്തിന്റെ ബഡ്ജറ്റ് തന്നെയാണ് അതിലൊരു സംശ യവും വേണ്ട. അവിടെ കേരളത്തിന്റെ എല്ലാ പരിമിതികളെയും മനസിലാക്കി കൊണ്ട് മുന്നോട്ടുവച്ചിട്ടുള്ള നിരവധി നിർദ്ദേശങ്ങൾ ഉൾകൊള്ളുന്ന ബഡ്ജ റ്റാണ് കെ.എം. മാണി സാറിന്റേത്. കേരളത്തിന്റെ ഭാവി വികസനം എല്ലാ നിലയിലും യാഥാർത്ഥ്യമാക്കാൻ ആഗ്രഹിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയായിട്ടാണ് നമുക്ക് ശ്രീ. കെ. എം. മാണി സാറിനെ കാണാൻ കഴിയുന്നത്. ഞാൻ ദീർഘമായി ഒന്നും സംസാരിക്കുന്നില്ല. അങ്ങേയ്ക്ക് എന്റെ സമയത്തെക്കുറിച്ച് നന്നായി അറിയാം. അൽപ്പം അങ്ങ് ദയ കാണി

ക്കണം. ഒന്നര മിനിറ്റ് കൊണ്ട് അവസാനിപ്പിക്കാം. ഇവിടെ ശ്രീ. കെ. എം. മാണി സാർ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ ഭദ്രമാക്കുന്ന തിനുവേണ്ടി ആത്മാർത്ഥമായ ശ്രമം സ്വീകരിക്കുകയാണ്. നമ്മുടെ ധന കമ്മിയും അതുപോലെ റവന്യൂ കമ്മിയും കേന്ദ്ര നിരക്കിനേക്കാൾ കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി, സാമ്പത്തിക വളർച്ച മറ്റ് സംസ്ഥാനങ്ങളെക്കാൾ ഉയരത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ നിരവധിയായ പ്രവർത്തനങ്ങൾ നമുക്ക് ആവേശം ഉണ്ടാക്കുന്നതാണ്. അദ്ദേഹത്തിന്റെ ജീവകാരുണ്യ സ്പർശിയായി ട്ടുള്ള ലോട്ടറിത്തന്നെ കേരളത്തിലും ഇന്ത്യയ്ക്ക് മാതൃകയായി നിൽക്കുക യാണ്. സാന്റിയാഗോ മാർട്ടിനെപ്പോലുള്ള ആളുകളെയും അന്യ ലോട്ടറി കളെയും പുറത്താക്കുക മാത്രമല്ല.......... കഴിഞ്ഞ കാലഘട്ടങ്ങളിലൊക്കെ പറഞ്ഞ കാര്യമുണ്ട്. ഈ ലോട്ടറിക്കാരെ നിയന്ത്രിക്കാൻ നമുക്ക് കഴിയാത്ത തുകൊണ്ട് കേന്ദ്ര നിയമം വേണമെന്ന്. ഒരു കേന്ദ്ര നിയമവുമില്ലാതെ സംസ്ഥാനത്തെ ലോട്ടറിയെ ജനങ്ങൾക്ക് പ്രിയപ്പെട്ട ലോട്ടറിയാക്കി മാറ്റുകയും ആയിരക്കണക്കിന് രോഗികളെ സഹായിക്കുകയും ചെയ്തു കൊണ്ട് ജനമിത്ര സ്ഥാനമായി മാറ്റുകയും കോടിക്കണക്കിന് രൂപ ഖജനാവി ലേയ്ക്ക് കൊണ്ടുവന്ന് അത്ഭുതം സൃഷ്ടിച്ച ധനകാര്യ വകുപ്പുമന്ത്രിയാണ് നമ്മുടെ മുന്നിൽ നിൽക്കുന്നത്. അദ്ദേഹത്തിന്റെ എല്ലാതരത്തിലുള്ള പ്രവർത്തനങ്ങൾക്കും വിജയാശംസകൾ ഞാൻ നേരുന്നു. നമ്മുടെ നാട്ടിൽ, ലോകത്ത് ആഗ്രഹിക്കുന്ന ഒന്നുണ്ട്. നന്മയെ സ്വാംശീകരിക്കുന്ന വ്യക്തിത്വ ങ്ങൾ, അവരെ നമുക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. കാലഘട്ടം ആവശ്യപ്പെ ടുന്നത് നന്മയാണ് ശത്രുതയല്ല. എല്ലാവരെയും ഒരുമിച്ച് കൊണ്ടുപോകലാണ്. കാലഘട്ടത്തിന്റെ ആവശ്യത്തെ ആത്മാവിലേറ്റെടുത്തുകൊണ്ട് മുന്നോട്ട്

പോകുന്ന ശ്രീ. കെ. എം. മാണി സാറിന് ഒരിക്കൽ കൂടി ഭാവുകങ്ങൾ നേരുന്നു. അദ്ദേഹത്തിന്റെ ബഡ്ജറ്റിൽ നിരവധി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അക്കൂട്ടത്തിൽ ഇരിങ്ങാലക്കുടയുടെ ചില കാര്യം കൂടി അങ്ങ് അനുവദിച്ചു തരണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഇത് മറ്റൊരുത്തര ത്തിലുള്ള അനാവശ്യമായ അവകാശവാദങ്ങളല്ല ന്യായമായ കാര്യം മാത്രമാണ്. അനേകം വർഷങ്ങൾക്കുശേഷം രൂപം കൊണ്ടതാണ് ഇരിങ്ങാല ക്കുടയിലെ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ. നന്നായി പോകുന്ന ഓപ്പറേറ്റിംഗ് സെന്ററാണ്. എം.എൽ.എ. ഫണ്ടിലെ പണം ഉപയോഗിച്ച് മനോഹരമായ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. രണ്ടര ഏക്കർ സ്ഥലം കെ.എസ്.ആർ. ടി.സി ഓപ്പറേറ്റിംഗ് സെന്ററിന് ഉണ്ട്. അവിടെയൊരു സബ് ഡിപ്പോയാക്കി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിനെ മാറ്റണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. അതുപോലെ പൊതുവായ ഒരു കാര്യം കൂടി പറയുക യാണ്. ഇവിടെ അഭിഭാഷകർ, അങ്ങും കൂടി അഭിഭാഷകനാണല്ലോ. ജൂനിയർ അഭിഭാഷകർ ഒരുപാട് കഷ്ടത അനുഭവിക്കുകയാണ്. രണ്ടുവർഷം പ്രാക്ടീസ് ചെയ്ത അഭിഭാഷകർക്ക് ചെറിയ തുകയെങ്കിലും ഓണറേറിയമായി നൽകാൻ അങ്ങ് മനസ് കാണിക്കണമെന്നുകൂടി പറയുന്നു. അഭിഭാഷകരുടെ ക്ഷേമനിധി വർദ്ധിപ്പിക്കണം. അഭിഭാഷകർക്ക് പെൻഷൻ കൊടുക്കുന്ന പദ്ധതി കൊണ്ടുവരണം. വക്കീൽ ഗുമസ്തന്മാർക്ക് പെൻഷൻ കൊടുക്കുകയുണ്ടായി. അതുപോലെ അഭിഭാഷകർക്ക് പെൻഷനില്ല. അതു കൊണ്ട് അവരുടെ ആവശ്യങ്ങൾ കൂടി പരിഗണിക്കണമെന്ന് ആഗ്രഹിക്കുന്നു. കുറേകാര്യങ്ങൾ പറയണമെന്ന് ആഗ്രഹിച്ചുവെങ്കിലും സമയത്തിന്റെ പരിധി യിൽ ഒതുങ്ങി നിന്നുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽ കൂടി

അഭിമാനപൂർവ്വം പിന്താങ്ങികൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. സി. കൃഷ്ണൻ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി സാർ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് ജില്ലകളെയും മണ്ഡലങ്ങളെയും സമഭാവനയോടുകൂടി കാണുന്ന ബഡ്ജറ്റല്ല. അതുപോലെത്തന്നെ നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക മേഖലയും വ്യാവസായിക മേഖലയും ഉൾപ്പെടുന്ന ഉത്പാദന മേഖലയ്ക്ക് ഊന്നൽ നൽകുന്ന ബഡ്ജറ്റുമല്ലയിത്. അതിനാൽ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുന്നു. തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനുള്ള കാഴ്ചപ്പാടോ വകയിരുത്തലുകളോ ഈ ബഡ്ജറ്റിൽ കാണുന്നില്ല. ഉത്പാദനവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട മേഖലയാണ് അത്. പരമ്പരാഗത മേഖലയിൽപ്പെട്ട ഒരു വ്യവസായം നമ്മുടെ നാടിന് അഭിമാനവും ലക്ഷക്കണക്കിന് കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗവുമായ കൈത്തറി മേഖല ഇന്ന് പൂർണ്ണമായ തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആ കൈത്തറി മേഖലയ്ക്ക് 76.75 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. അതുപോലെത്തന്നെ കയർ വ്യവസായം, ലക്ഷക്കണക്കിന് ആളുകളുടെ ഉപജീവനമാർഗ്ഗമാണ്. ആ പരമ്പരാഗത വ്യവസായത്തിന് 111.37 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കശുവണ്ടി വ്യവസായത്തിന്റെയും അവസ്ഥ ഇതുതന്നെയാണ്. പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായ മേഖലകളെ സംരക്ഷിക്കാൻ ആവശ്യമായ വകയിരുത്തലുകൾ അതിൽ ഇല്ല. എങ്ങനെയാണ് ഈ വ്യവസായങ്ങളെ സംരക്ഷിക്കാൻ പോകുന്നത്. വില നിയന്ത്രിക്കാനുള്ള നടപടി വേണം, ഉത്പാദനം വർദ്ധിപ്പിക്കണം, വരുമാനം

ഉണ്ടാക്കണം ഇതിലൂടെ മാത്രമേ നമുക്ക് മുന്നോട്ട് പോകാൻ സാധിക്കൂ. അതിനുള്ള നിർദ്ദേശങ്ങളൊന്നും ഇതിൽ അടങ്ങിയിട്ടില്ല. ഒന്നരലക്ഷത്തിൽപ്പരം തൊഴിലാളികൾ ജോലി ചെയ്തുവരുന്ന ഖാദിഗ്രാമ വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ 13.31 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാരുത്തന്നെ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റി ഖാദിഗ്രാമ വ്യവസായങ്ങളെ നവീകരിക്കുന്നതിനുവേണ്ടി 112 കോടി രൂപയുടെ പദ്ധതി ഒരു വർഷം മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. ധനകാര്യ വകുപ്പു മന്ത്രി ഉൾപ്പെടെയുള്ളവർ ചേർന്ന് ചർച്ച ചെയ്തുവെന്നാണ് മനസ്സിലാക്കുന്നത്. ആ 112 കോടി രൂപയ്ക്ക് പകരമാണ് 13.31 കോടി രൂപ ഗ്രാമവ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടി മാറ്റിവച്ചിട്ടുള്ളത്.

അതുപോലെതന്നെ മറ്റൊരു വ്യവസായമാണ് കേരളത്തിലെ ബീഡി വ്യവസായം. ഈ വ്യവസായത്തിന് ഒരു പരിഗണനയും കൊടുക്കുന്നില്ല. കാരണം ബീഡി വ്യവസായത്തെ സംരക്ഷിച്ച് നിർത്തേണ്ടതല്ല എന്നൊരു നയംതന്നെ ഇവിടെ പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. ഒന്നര ലക്ഷത്തിൽപ്പരം കുടുംബങ്ങൾ ഉപജീവനംകഴിക്കുന്ന ഒരു മേഖലയാണിത്. തൊഴിലാളികളുടേതല്ലാത്ത കാരണത്താൽ ബീഡി വ്യവസായം തകർന്നിട്ടുണ്ട്. അങ്ങനെ തകർന്ന വ്യവസായങ്ങളിലൊന്നാണ് 42000 തൊഴിലാളികൾ ജോലിചെയ്തുവന്നിരുന്ന കേരള ദിനേശ് ബീഡി വ്യവസായം. അവിടത്തെ തൊഴിലാളികളെല്ലാം കൊഴിഞ്ഞുപോയി. തൊഴിലാളികൾ എന്തെങ്കിലും കുറ്റം ചെയ്തതുകൊണ്ടല്ല. അവർ ഇന്ന് പട്ടിണിക്കാരാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്വമേധയാ

പിരിഞ്ഞുപോയ തൊഴിലാളികൾക്കുവേണ്ടി ഒരു ആശ്വാസ പെൻഷൻ പദ്ധതി കൊണ്ടുവന്നു. 5 കോടി രൂപ അന്ന് കൊടുത്തു. ഈ ഗവൺമെന്റ് വന്നതിനുശേഷം അത് നടപ്പിലാക്കിയില്ല. ആ കാര്യം സഭയുടെയും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തി. അങ്ങനെ ആശ്വാസ പെൻഷൻ പദ്ധതി നടപ്പിലാക്കുമെന്നും അതിന് പണം കൊടുക്കുമെന്നും രണ്ടുതവണ വ്യവസായ വകുപ്പുമന്ത്രിയും ഒരു തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ സഭയിൽ ഉറപ്പ് നൽകിയതാണ്. ഡിസംബർ മാസത്തിൽ അത് കൊടുത്തിരിക്കുമെന്ന് ഏറ്റവും ഒടുവിൽ മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞതാണ്. ഇതുവരെ പണം കൊടുത്തില്ലെന്നുമാത്രമല്ല ഈ ബഡ്ജറ്റിൽ അതിനുവേണ്ടി ഒരു രൂപപോലും മാറ്റിവച്ചിട്ടില്ല. ബീഡി ഒഴികെയുള്ള പുകയില ഉത്പന്നങ്ങളുടെ നികുതി കഴിഞ്ഞ ബഡ്ജറ്റിൽ 7 ശതമാനമായിരുന്നത് 10 ശതമാനമായും പിന്നീട് 15 ശതമാനമായും ഉയർത്തി. ഈ ബഡ്ജറ്റിൽ അത് 20 ശതമാനമായി ഉയർത്തുകയും 120 കോടി രൂപ ആ ഇനത്തിൽ അധിക വരുമാനമുണ്ടാക്കുമെന്നും പുകയില ഉത്പന്നങ്ങൾക്ക് നികുതി ചുമത്തിക്കൊണ്ട് ഈ ബഡ്ജറ്റിൽ എടുത്തുപറഞ്ഞിട്ടുണ്ട്. പക്ഷേ അഞ്ചോ ആറോ കോടി രൂപ പാവപ്പെട്ട ബീഡി തൊഴിലാളികൾക്ക് ആശ്വാസം പകർന്ന് കൊടുക്കുന്നതിനുവേണ്ടി അനുവദിക്കാൻ തയ്യാറായിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ആ കാര്യം പ്രത്യേകം പരാമർശിക്കുമെന്നാണ് ഞാൻ കരുതുന്നത്. സാമൂഹ്യ ക്ഷേമ പദ്ധതികളെയും പെൻഷനുകളെയും സംബന്ധിച്ചെല്ലാം പറയുന്നുണ്ട്. ചില മേഖലകളിലെ തുകയും വർദ്ധിപ്പിച്ചിട്ടുണ്ട്. അങ്ങനെ വർദ്ധിപ്പിച്ചപ്പോൾ പല

എം.എൽ.എ. മാരും ഇവിടെ സൂചിപ്പിച്ചു. കയർ, കൈത്തറി, കശുവണ്ടി, മത്സ്യം, ബീഡി എന്നിവയാണ് പ്രധാനപ്പെട്ട തൊഴിൽ മേഖലകൾ. ഈ മേഖലകളിലെ പതിനായിരക്കണക്കിന് തൊഴിലാളികൾ പെൻഷൻ പറ്റുന്നുണ്ട്. അവർക്കുളള പെൻഷൻ 400 രൂപയാണ്. ഈ പെൻഷൻ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശവും ബഡ്ജറ്റിലടങ്ങിയിട്ടില്ല. എന്തുകൊണ്ട് ഇവരുടെ കാര്യത്തിൽ ഇത്തരമൊരു നിലപാട് സ്വീകരിക്കുന്നു എന്ന് വ്യക്തമാക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ കാര്യം പറയുമ്പോൾ എല്ലാ തൊഴിലാളികളുടെയും പെൻഷൻ.............. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനത്തെ ബഡ്ജറ്റിൽ ഈ പെൻഷനുകളെല്ലാം 1,000 രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചതാണ്. ചിലതിന് 100 രൂപ വർദ്ധിപ്പിച്ചപ്പോൾ പ്രധാനപ്പെട്ട മേഖലകളെ ഒഴിവാക്കിയിരിക്കുന്നു. ഈ കാര്യം പ്രത്യേകം പരിഗണിക്കേണ്ടതുണ്ട് എന്നാണ് ഞാൻ കരുതുന്നത്.

അതുപോലെ ആശാ വർക്കർമാർക്ക് 100 രൂപയുടെയും സ്കൂൾ പാചക തൊഴിലാളികൾക്ക് 50 രൂപയുടെയും വർദ്ധനവുണ്ടായിരിക്കുന്നു. 50 രൂപയും 100 രൂപയും കൊണ്ട് എങ്ങനെ ജീവിക്കും. അംഗനവാടി, ആശാവർക്കർ, സ്കൂൾ പാചക തൊഴിലാളികൾ ഇങ്ങനെ പതിനായിരക്കണക്കിന് സഹോദരിമാർ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. അവർക്ക് ഈ 50 രൂപയുടെ വർദ്ധനവല്ല ആവശ്യം; മിനിമം കൂലിയാണ് വേണ്ടത്. അവർക്ക് കൂലിയേയില്ല. പട്ടിണി കൂലിയാണ്. അവരുടെ ആനുകൂല്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇതിന്റെ ഭാഗമായി നടപടിയുണ്ടാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

അതോടൊപ്പം തന്നെ കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം കാര്യമായ ഒരു പദ്ധതിയും അനുവദിച്ചിട്ടില്ല. ഒന്നോ രണ്ടോ കെട്ടിടങ്ങൾ മാത്രമാണ് അവിടെ അനുവദിച്ചിട്ടുള്ളത്. പയ്യന്നൂർ മണ്ഡലത്തെ സംബന്ധിച്ച് 10-15 ഓളം നിർദ്ദേശങ്ങൾ ബഡ്ജറ്റിന് മുമ്പ് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് മുഖേന ധനകാര്യ വകുപ്പുമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. അതിൽ ഒന്നുപോലും പരിഗണിക്കപ്പെട്ടിട്ടില്ല. അവിടെ ഏതാണ്ട് അര നൂറ്റാണ്ടുകാലം പഴക്കമുള്ളതാണ് പയ്യന്നൂർ സബ് ട്രഷറിയുടെ കെട്ടിടം. ആ കെട്ടിടം ചോർന്നൊലിക്കുകയാണ്. അത് പുതുക്കിപ്പണിയുന്നതിനുവേണ്ടിയുള്ള നിർദ്ദേശവും സമർപ്പിച്ചു. ഈ ബഡ്ജറ്റിൽ അതിനും വകയിരുത്തലില്ല.

അതുപോലെ നിരവധി പാലങ്ങളും റോഡുകളുമെല്ലാം പൊളിഞ്ഞുകിടക്കുകയാണ്. അവിടെ ഒരു നഗരസഭയെയും മൂന്ന് പഞ്ചായത്തുകളെയും ബന്ധിപ്പിക്കുന്ന നേവൽ അക്കാഡമി, സി.ആർ.പി.എഫ്. ക്യാമ്പ്, നാളെ അന്തർ സംസ്ഥാന റോഡായി മാറുമെന്ന് കണക്കാക്കപ്പെടുന്ന റോഡ്....... ആ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ആവശ്യപ്പെട്ടു. വെള്ളൂർ-പാടിയോട്ടുചാൽ-പുളിമം റോഡ്, കാങ്കോൽ-ചീമേനി റോഡ്, ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡ്, വെള്ളോറ-കക്കറ-നടുക്കാനം റോഡ് എന്നിവ പ്രധാനപ്പെട്ട സംസ്ഥാന മേജർ റോഡുകളാണ്. അതിനെ അഭിവ്യദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഒരു രൂപപോലും വകയിരുത്തിയിട്ടില്ല. കണ്ണൂർ ജില്ലയിലെ താലൂക്കുകളുടെ അവസ്ഥയെക്കുറിച്ച് ബഹുമാന്യനായ സണ്ണി ജോസഫ് ഇവിടെ പറയുകയുണ്ടായി. 42 റവന്യൂ വില്ലേജുകൾ

ഉൾപ്പെടുന്നതാണ് തളിപ്പറമ്പ് താലൂക്ക്. ആ താലൂക്കിൽ ഉൾപ്പെടുന്നതാണ് പയ്യന്നൂർ. പയ്യന്നൂർ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ദീർഘകാലമായി ഉന്നയിക്കപ്പെട്ടതും ഈ നിയമസഭയിൽ മറുപടി പറഞ്ഞതുമാണ്. പ്രയോറിറ്റി ലിസ്റ്റ് പ്രകാരം നാലാമത് നിൽക്കുന്നതാണ് പയ്യന്നൂർ. ഈ ബഡ്ജറ്റിന്റെ ഭാഗമായി താലൂക്കിന്റെ പ്രഖ്യാപനം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചതാണ്. അതുണ്ടായിട്ടില്ല. അതുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മറ്റൊരു കാര്യം, പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് പുതിയ നിർദ്ദേശങ്ങളൊന്നുമില്ല. പുതിയ പോലീസ് സ്റ്റേഷൻ ഉണ്ടാവുകയെന്നുപറയുന്നത് വലിയൊരു കാര്യമൊന്നുമല്ല. നമ്മുടെ കർണ്ണാടക വനാതിർത്തിയുമായി ബന്ധപ്പെട്ട് നിൽക്കുന്നതാണ് ചെറുപുഴ പഞ്ചായത്ത്. അവിടെ വനത്തിൽ തീവ്രവാദികൾ കുടിയിരിക്കുന്നുവെന്ന് പറഞ്ഞ് ജില്ലയിലെ മറ്റെല്ലാ പോലീസ് സ്റ്റേഷനുകളിലെയും പോലീസുകാർ അവിടെയാണ് ക്യാമ്പ് ചെയ്യുന്നത്. ചെറുപുഴ പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ വേണമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. ഞങ്ങളെല്ലാം അത് പ്രതീക്ഷിച്ചു. കാരണം പോലീസിനെ ഇഷ്ടംപോലെ ആവശ്യമാണല്ലോ. വേറെ ഒന്നുമില്ലെങ്കിലും ഒരു പോലീസ് സ്റ്റേഷന്റെ കാര്യമെങ്കിലും അതിൽ പരാമർശിക്കുമെന്ന് കരുതി. ദുഖകരമെന്ന് പറയട്ടെ അതും ഇതിൽ ഉണ്ടായിട്ടില്ല. അതുകൊണ്ട് ചെറുപുഴ പോലീസ് സ്റ്റേഷൻ, പയ്യന്നൂർ താലൂക്ക്, സബ് ട്രഷറിക്ക് പുതിയ കെട്ടിടം ഇതെല്ലാം അത്യാവശ്യമായിട്ടുള്ളതാണ്. അത് പരിഹരിക്കണം. അതോടൊപ്പം തന്നെ നമ്മുടെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള

നടപടികളുമുണ്ടാകണം. അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിലുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

മറ്റൊരു കാര്യം ആയുർവേദ ചികിത്സയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ ബഡ്ജറ്റിൽ പറയുന്നുണ്ട്. കേരളത്തിലെ ആയുർവേദ മേഖലയുടെ വികസനത്തിനായി ആയുഷ് വകുപ്പ് കേരളത്തിൽ പ്രത്യേകമായി ആരംഭിക്കണം എന്നൊരു നിർദ്ദേശം ഞാൻ വയ്ക്കുകയാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ആയുർവേദം അത്രത്തോളം ഇല്ലെങ്കിൽപ്പോലും അവിടെ ആയുഷ് വകുപ്പ് രൂപീകരിച്ചുകൊണ്ട് ആയുർവേദത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. ആ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുടെ നിലപാട് കേരളത്തിലും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ദരിദ്രരേയും ദുർബലരേയും പരിസ്ഥിതിയെയും സംരക്ഷിക്കുവാനാണ് ഇന്നലെ മാർപ്പാപ്പ സ്ഥാനമേറ്റപ്പോൾ ലോകജനതയോട് ആഹ്വാനം ചെയ്തത്. ഈ ബഡ്ജറ്റിലൂടെ നേരത്തെ തന്നെ മാണി സാർ ഇതെല്ലാം അന്വർത്ഥമാക്കിയിരിക്കുന്നു എന്നാണ് നമുക്ക് ഈ ബഡ്ജറ്റ് നോക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്. ദൈവസ്നേഹിയും അതുപോലെ തന്നെ മാർപ്പാപ്പയെ സ്നേഹിക്കുകയും ചെയ്യുന്ന മാണി സാർ ഇത് ഒരു ഉൾവിളിയായി എടുത്തുകൊണ്ട് നേരത്തെ തന്നെ മനസ്സിലാക്കി ഈ ബഡ്ജറ്റിലൂടെ ഇതെല്ലാം യാഥാർത്ഥ്യമാക്കിയിരിക്കുകയാണെന്നാണ് ഇതിലൂടെ ഞാൻ മനസ്സിലാക്കുന്നത്. ഈ ഗവൺമെന്റിന്റെ മുദ്രാവാക്യമായ വികസനവും കരുതലും യാഥാർത്ഥ്യമാക്കിക്കൊണ്ട് 2013-2014 സാമ്പത്തിക

വർഷത്തേയ്ക്ക് മാണി സാർ അവതരിപ്പിച്ച, ജനമനസ്സുകളിൽ ഇടം നേടിയ ഈ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും തുറന്ന മനസ്സോടെ പിന്തുണയ്ക്കുന്നു.

ലോക സാമ്പത്തിക തകർച്ചയ്ക്കിടയിലും കഴിഞ്ഞ രണ്ട് വർഷങ്ങളിലായി അവതരിപ്പിച്ച ബഡ്ജറ്റുകൾകൊണ്ട് കേരളത്തെ സാമ്പത്തിക ഭദ്രതയിലേയ്ക്ക് എത്തിക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞു. അതിന്റെ തുടർച്ചയായി ഈ വർഷം അവതരിപ്പിച്ച പുതിയ ബഡ്ജറ്റ് കേരളത്തെ കൂടുതൽ സാമ്പത്തിക പുരോഗതിയിലേയ്ക്ക് നയിക്കുമെന്നത് ഉറപ്പാണ്. നമ്മുടെ രാജ്യം കഴിഞ്ഞ വർഷം 6.2 ശതമാനം സാമ്പത്തിക വളർച്ച കൈവരിച്ചപ്പോൾ നമ്മുടെ സംസ്ഥാനം 9.51 ശതമാനം വളർച്ചയാണ് കൈവരിച്ചിരിക്കുന്നത്. മുൻ ബഡ്ജറ്റുകളുടെ പരിണിത ഫലമാണ് ഈ സാമ്പത്തിക വളർച്ചയെന്നത് തർക്കമില്ലാത്ത കാര്യമാണ്. അതിൽ ഞാൻ മാണി സാറിനെ അഭിനന്ദിക്കുന്നു. ഈ നാടിന്റെ വികസനമെന്നുവച്ചാൽ ബിൽഡിംഗുകളും റോഡുകളും മാത്രമല്ല. സാധാരണക്കാരുടെ പ്രശ്ന ങ്ങൾക്ക് പരിഹാരം കാണുമ്പോഴാണ് നാടിന്റെ വികസനം യാഥാർത്ഥ്യമാകുന്നത്. ഈ ബഡ്ജറ്റിലൂടെ അത് യാഥാർത്ഥ്യ മായിരിക്കുകയാണ്. സമൂഹത്തിൽ വളരെ പ്രയാസം നേരിടുന്നവർക്ക് നൽകുന്ന 20 ഇന പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചിരിക്കുകയാണ്. സമൂഹത്തിലെ ദുർബലരായ വിഭാഗങ്ങൾക്ക് നൽകുന്ന എല്ലാ പെൻഷനുകളും 25 ശതമാനം മുതൽ 45 ശതമാനം വരെ ഉയർത്തിയിരിക്കുന്നു. ചെറുകിട കർഷകരുടെ പലിശ ബാദ്ധ്യത

എഴുതിത്തള്ളുന്നതിന് 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതുമൂലം കർഷകർക്ക് വളരെ ആശ്വാസമാണ് ലഭിക്കുവാൻ പോകുന്നത്.

ഇന്ന് നമ്മുടെ നാട്ടിൽ ദാരിദ്ര്യം വളരെ കുറവാണ്. പാവപ്പെട്ട ജന വിഭാഗങ്ങൾ ഇന്ന് മാറാരോഗത്തിനുള്ള ചികിത്സയ്ക്കായി വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. മുൻ ബഡ്ജറ്റിൽ മാണിസാർ കൊണ്ടു വന്ന കാരുണ്യ ലോട്ടറി, ഇതുവഴി നടപ്പാക്കുന്ന ജീവകാരുണ്യ പ്രവർത്തനം ഇന്നും പാവപ്പെട്ടവർക്ക് വളരെ ആശ്വാസകരമായി മുന്നോട്ട് നീങ്ങിക്കൊണ്ടി രിക്കുകയാണ്. അതുപോലെതന്നെ സാമ്പത്തികമായി പ്രയാസമനുഭവി ക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനായി ആർഭാട വിവാഹം നടത്തുന്നവരിൽനിന്നും മൂന്ന് ശതമാനത്തിൽ കുറയാത്ത സംഭാ വന സ്വീകരിച്ചുകൊണ്ട് നടപ്പാക്കുന്ന ഒരു പദ്ധതിയാണ് മംഗല്യനിധി. ഈ പദ്ധതി വഴി ജീവകാരുണ്യ പ്രവർത്തനത്തിന് വീണ്ടും മാണി സാർ തുടക്കം കുറിച്ചിരിക്കുകയാണ്. സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചും ചെറു കിട നാമമാത്ര കർഷകരുടെ വായ്പ പലിശ എഴുതിത്തള്ളിയും പാവപ്പെട്ടവ രുടെ മക്കളുടെ വിവാഹ ധനസഹായത്തിനായി മംഗല്യനിധി ഏർപ്പെടു ത്തിയും വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി സർക്കാർ ഇപ്പോൾ നൽകിവരുന്ന 20,000 രൂപ 30,000 രൂപയായി ഉയർത്തിയും വിധവകളുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസ ഹായം ഏർപ്പെടുത്തിയും യാചകരെ സംരക്ഷിക്കാനുള്ള പുതിയ പദ്ധതിക്ക് തുടക്കം കുറിച്ചും മാനസിക രോഗികൾക്കുള്ള പുതിയ പദ്ധതിയായ 'സമഗ്ര മാനസികാരോഗ്യം' പദ്ധതി ആരംഭിച്ചും തൊഴിലുറപ്പ് തൊഴിലാളികൾക്ക്

പെൻഷൻ ഏർപ്പെടുത്തിയും അന്യസംസ്ഥാന തൊഴിലാളികൾക്കായി നൈറ്റ് ഷെൽറ്റർ പദ്ധതി നടപ്പിലാക്കിക്കൊണ്ടും സമൂഹത്തിലെ ദുർബല ജനവിഭാഗത്തോടുള്ള സർക്കാരിന്റെ അനുകമ്പ ഇവിടെ പ്രകടിപ്പിച്ചിരിക്കുകയാണ്. ഇന്നലെ അധികാരമേറ്റ മാർപ്പാപ്പ ഇത്തരം കാരുണ്യപ്രവർത്തനങ്ങൾതന്നെയാണ് ലോകജനതയോട് ആഹ്വാനം ചെയ്തത്. സമൂഹത്തിനും നാടിനും വേണ്ടി തൂലിക ചലിപ്പിക്കുന്ന പത്രപ്രവർത്തകരുടെ പെൻഷൻ തുക ഉയർത്തിയത് വളരെയധികം സ്വാഗതാർഹമാണ്. അതോടൊപ്പംതന്നെ പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധിയും ആവശ്യമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്ന കാര്യവും പരിഗണിക്കണമെന്ന് ഞാൻ മാണിസാറിനോട് അഭ്യർത്ഥിക്കുകയാണ്. ആലുവ നിയോജകമണ്ഡലത്തിൽകൂടി കടന്നുപോകുന്ന സീപോർട്ട്-എയർപോർട്ട് റോഡിന്റെ രണ്ടാംഘട്ട പ്രവൃത്തികളും ഒന്നാംഘട്ടം നാലുവരിപാതയാക്കലും പുരോഗമിച്ചുവരികയാണ്. ഇതിനായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെതന്നെ നെടുമ്പാശ്ശേരി - കുമരകം സ്റ്റേറ്റ് ഹൈവേ നിർമ്മാണത്തിനായി 20 കോടി രൂപ വകയിരുത്തിയതും സ്വാഗതാർഹമാണ്. ഇത് ടൂറിസം ഭൂപടത്തിൽ കേരളത്തിലെ വികസനത്തിലെ ആക്കം കൂട്ടുവാൻ സാധിക്കും. ഭക്തജനങ്ങൾക്ക് ആലുവാമണപ്പുറത്ത് ബലിതർപ്പണത്തിനുപോകുന്നതിനുവേണ്ടി തൂക്കുപാലം നിർമ്മിക്കുന്നതിനായി 14 കോടി രൂപ അനുവദിക്കുകയും പ്രസ്തുത പദ്ധതിക്കായി ഈ വർഷം 5 കോടി രൂപ മാറ്റിവയ്ക്കുകയും ചെയ്തു. ഇത് കേരളത്തിലെയും അതുപോലെതന്നെ ആലുവയിലെയും പൊതു സമൂഹത്തിന്റെ വർഷങ്ങളായുള്ള ആവശ്യമായിരുന്നു. മാണിസാർ ഉറപ്പ് നൽകുകയും ചെയ്തിരുന്നു. ആ ഉറപ്പ് ഇവിടെ യാഥാർത്ഥ്യമായപ്പോൾ ആലുവയിലെ പത്രങ്ങൾപോലും

മാണിസാറിന്റെ ഉറപ്പിനെക്കുറിച്ച് വളരെയധികം പ്രകീർത്തിച്ച് എഴുതുന്ന ഒരു സാഹചര്യമുണ്ടായി. ആലുവ മണ്ഡലത്തിലെ എന്റെ മുൻഗാമികളായ എം. എൽ.എ. മാരുടെ സ്വപ്നമാണ് ഇന്നിവിടെ യാഥാർത്ഥ്യമായിരിക്കുന്നത്. ഇതിൽ വളരെയധികം സന്തോഷമുണ്ട്. ഈ പാലം അനുവദിച്ചതോടുകൂടി ഉമ്മൻചാണ്ടി സർക്കാരിന്റെയും മാണിസാറിന്റെയും മതേതരത്വത്തിന്റെ മുഖം കൂടുതൽ പ്രകാശപൂരിതമായിരിക്കുകയാണ്. ഈ അവസരത്തിൽ ബഹുമാന പ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയേയും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനേയും ശ്രീ. രമേശ് ചെന്നിത്തലയേയും നന്ദിയോടുകൂടി സ്മരിക്കുക യാണ്. പാവപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ യിളവ് ബി.പി.എൽ. വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്താതെ മൂന്ന് ലക്ഷം രൂപ വാർഷിക വരുമാനമുള്ള എ.പി.എൽ കാർഡ് ഉടമകൾക്കുകൂടി ഇത് അനുവദിച്ചപ്പോൾ പാവപ്പെട്ട മാതാപിതാക്കൾക്ക് ഇത് വളരെ സഹായക രമായിട്ടുണ്ട്. വിദ്യാഭ്യാസ വായ്പ എടുക്കുന്ന ബാങ്കുകൾക്ക് ഏരിയ നിശ്ച യിച്ചിരിക്കയാണ്. ഇത് ഒഴിവാക്കുവാൻ ബാങ്കുകൾക്ക് സർക്കാർ നിർദ്ദേശം നൽകണം. അതോടൊപ്പംതന്നെ കെ.എസ്.എഫ്.ഇ. വഴിയും സഹകരണ ബാങ്കുകൾവഴിയും വിദ്യാഭ്യാസ വായ്പ നൽകുവാൻ സർക്കാർ തീരുമാനമെ ടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി വൈദ്യുതി വകുപ്പ് ഊർജ്ജ സംരക്ഷണ മുദ്രാവാക്യവുമായി മുന്നോട്ട് പോകുമ്പോൾ ഒരു പ്രത്യേക ഫണ്ട് അനുവദിച്ചുകൊണ്ട് നിയമസഭാ മന്ദിരത്തിൽ സോളാർ പാലനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പദിപ്പിച്ച് കേര ളത്തിനൊരു മാതൃകയാക്കണം. ഇതിനായി പ്രത്യേക ഫണ്ട് ബഹുമാനപ്പെട്ട മാണിസാർ അനുവദിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കു

ന്നു. ഏപ്രിൽ 1-ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്നവരുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തിയത് കേരളത്തിലെ യുവാക്കൾക്ക് പ്രതീക്ഷ നൽകുന്ന ഒരു നടപടിയാണ്. ഇതിലൂടെ മാണി സാർ കേരളത്തിലെ ചെറുപ്പക്കാരുടെ മനസ്സറിഞ്ഞ് പ്രവർത്തിക്കുകയാണ് ചെയ്തത്. ഇതിനെ എതിർക്കുന്നത് കണ്ണടച്ച് ഇരുട്ടാക്കുന്നതുപോലെയാണ്. സമരങ്ങൾക്കുവേണ്ടി സമരം ചെയ്യുന്ന ഒരു രീതിയാണ് ഇന്നലെ തിരുവനന്തപുരത്ത് അരങ്ങേറിയത്. കേരളത്തിലെ യുവാക്കളുടെ പൂർണ്ണ പിന്തുണ സർക്കാരിനും മാണിസാറിനുമുണ്ടെന്ന് ഞാൻ ഈ അവസരത്തിൽ ഉറപ്പ് നൽകുന്നു. കേരളത്തിലെ മഹാനായ സാമൂഹ്യപരിഷ്കർത്താവായിരുന്ന അയ്യൻകാളിയുടെ 150-ാം ജന്മവാർഷികം നാടെങ്ങും ആഘോഷിക്കുകയാണ്. ഈ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുവാൻ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായി വകയിരുത്തിയിട്ടുള്ള തുക ഉപയോഗിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പേരിൽ ഒരു പുതിയ പദ്ധതി പ്രഖ്യാപിക്കണമെന്ന് മാണിസാറിനോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ഇക്കാര്യം പട്ടികജാതി-പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രിയായ ശ്രീ. എ. പി. അനിൽ കുമാറിന്റേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം 1,000 രൂപയാക്കി ഉയർത്തിയതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് മെമ്പർമാരുടെ ഓണറേറിയം യഥാക്രമം 1,500,-2,000 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് മാണിസാറിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ ജില്ലാപഞ്ചായത്ത് മെമ്പറായിരുന്നപ്പോൾ ഇതിന്റെ സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ട് മനസ്സിലാക്കിയ ഒരു എളിയ രാഷ്ട്രീയ പ്രവർത്തകനായതുകൊണ്ടാണ് ബഹുമാനപ്പെട്ട മാണിസാ

റിനോട് ഇക്കാര്യം ഉന്നയിക്കുന്നത്. അതുപോലെതന്നെ പ്രതിപക്ഷത്തെ അംഗങ്ങൾ മന്ത്രിമാർക്കെതിരെ വളരെയധികം ആരോപണങ്ങൾ ഉന്നയിക്കുക യുണ്ടായി. ഈ ആരോപണങ്ങളെല്ലാം ചീറ്റിപ്പോകുന്ന ഒരു സാഹചര്യമാണ് ഇവിടെയുണ്ടായത്. ഈ ആരോപണങ്ങൾ ഞങ്ങളുടെ മന്ത്രിമാർക്കുനേരെയ ല്ലായെന്ന് ഞങ്ങൾക്കുറപ്പുണ്ട്. അക്കാര്യം ഞങ്ങൾക്ക് അറിയുകയും ചെയ്യാം. ഞങ്ങളുടെ ചെലവിൽ ശ്രീ. വി. എസ്. അച്ചുതാനന്ദനുവേണ്ടി സംസ്ഥാന കമ്മിറ്റിയിൽ കൈപൊക്കിയവരെ കുടുക്കുവാനാണ് സി.പി. ഐ.(എം)ന്റെ മറ്റേ ഗ്രൂപ്പിൽപ്പെട്ട എം.എൽ.എ.മാർ ശ്രമിക്കുന്നത്. ഇത്തരം ഗ്രൂപ്പുകളി ശക്തമാക്കാൻ ശ്രമിക്കുന്നത് ഒരിക്കലും അംഗീകരിക്കാൻ സാധി ക്കുകയില്ല. സി.പി.ഐ.(എം) ആണ് ഇന്നത്തെ പ്രധാനപ്പെട്ട പ്രതിപക്ഷ പാർട്ടി. ആഭ്യന്തര പ്രശ്നങ്ങൾ മൂലം ഈ പാർട്ടി പിളർപ്പിന്റെ വക്കിലാണ്. പാർട്ടിയിൽ നിന്നും പുറത്താക്കപ്പെട്ടവരെ നേരിൽകണ്ട് ക്ഷമചോദിക്കു വാനും കുംബസാരിക്കുവാനും പാർട്ടി നേതാക്കന്മാർതന്നെ രംഗത്ത് എത്തി യിരിക്കുകയാണ്. ശ്രീമതി കെ. ആർ. ഗൗരിയമ്മയെക്കുറിച്ചും ശ്രീ. എം. വി. രാഘവനെക്കുറിച്ചും പാർട്ടി നേതാക്കന്മാർതന്നെ അനുകൂലമായ പ്രസ്താവന നടത്തിയത് ഇതിന് ഉദാഹരണമാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട എം. എൽ.എ. രാജു എബ്രഹാം മെട്രോ റയിലിനെക്കുറിച്ചുള്ള ഒരു സ്വപ്നം ഇവിടെ പറയുകയുണ്ടായി. കോഴിക്കോടുനിന്നും മോണോ റെയിൽ കയറി കൊച്ചിയിൽനിന്നും മോട്രോ റെയിൽ കയറി തിരുവനന്തപുരത്തുനിന്നും മോണോ റെയിൽ കയറി ശ്രീലങ്കയിലേക്കുപോകണമെന്ന ഒരു സ്വപ്നം അദ്ദേഹം ഇവിടെ പറയുകയുണ്ടായി. ഒരു സംശയവുമില്ല, ശ്രീ. ഉമ്മൻചണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ആ സ്വപ്നം യാഥാർത്ഥ്യ മാക്കും. നമ്മളെല്ലാവരും അതിൽ യാത്രചെയ്യുമെന്ന് ഈ അവസരത്തിൽ പറ

ഞ്ഞുകൊണ്ട് ജനമനസ്സുകളുടെ ഹൃദയത്തിൽ ഇടംനേടിയ ശ്രീ. മാണിസ റിന്റെ ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി വളരെ സന്തോഷത്തോടുകൂടി പിന്തു ണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥന കളെ ഞാൻ പിന്താങ്ങുകയാണ്. സമൂഹത്തിലെ ദരിദ്രരോടും ദുർബല ജന വിഭാഗങ്ങളോടുമുള്ള മാണിസാറിന്റെ കരുണാർദ്രമായ സമീപനമാണ് അദ്ദേ ഹത്തിന്റെ പതിനൊന്നാമത്തെ ബഡ്ജറ്റിലും നമുക്ക് കാണാൻ സാധിക്കുന്നത്. മാണിസാറിന്റെ 1976-ലെ കന്നി ബഡ്ജറ്റ് മുതൽ 1980-86, 2011-13 വരെയുള്ള ബഡ്ജറ്റുകൾ പരിശോധിച്ചാൽ അദ്ദേഹത്തിന്റെ ഹൃദയ വിശുദ്ധിയാണ് പ്രതിഫലിക്കുന്നത്. ഇത് ക്രിസ്തു ദർശനങ്ങളുടെ ഒരു സമാ ഹാരമാണ്. രോഗികളോടും വിധവകളോടും അനാഥരോടും അംഗവൈ കല്യം സംഭവിച്ചവരോടും ദരിദ്രരോടും ഈ ബഡ്ജറ്റിലൂടെ കാണിച്ച അനു കമ്പ ഏതൊരു മനുഷ്യന്റേയും ഹൃദയത്തെ സ്പർശിക്കുന്നതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ കേരളീയ സമൂഹത്തിന് ഏറ്റവും കൂടുതൽ സഹായകമാകുന്ന രീതിയിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഏർപ്പെടുത്തി നിർധനർക്ക് രണ്ട് ലക്ഷം രൂപവരെ ചികിത്സാ ധനസഹായം ഏർപ്പെടുത്തിയിരുന്നെങ്കിൽ ഈ ബഡ്ജറ്റിലൂടെ അശരണരായ ജനവിഭാഗങ്ങൾക്ക് കൂടുതൽ കരുതലും സംര ക്ഷണവും നൽകിയിട്ടുണ്ട് എന്നുള്ളതും ഏറെ ശ്രദ്ധേയമായ വിഷയമാണ്. ഓർഫനേജുകളിലെ കുട്ടികൾക്കുള്ള പഠന സഹായം, തെരുവിൽ കഴിയുന്ന ഭിക്ഷാടകരെ സംരക്ഷിക്കുന്നതിന് ഷെൽട്ടർ ഹോം, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആജീവനാന്ത സംരക്ഷണ ഗൃഹങ്ങൾ, ഡീ-അഡിക്ഷൻ

സെന്ററുകൾ തുടങ്ങിയവ ഇതിനുള്ള ഏറ്റവും വലിയ ഉദാഹരണമായി കാണാൻ സാധിക്കും.

ശ്രീ. കെ. എം. മാണി കർഷകരുടെ ബന്ധുവാണോയെന്ന് ശ്രീ. സി. ദിവാകരൻ ഇവിടെ ചോദിച്ചത് കേട്ടപ്പോൾ അത്ഭുതം തോന്നി. ഈ ബഡ്ജറ്റിന്റെ ആമുഖവും തന്നെ അതായിരുന്നു. ഇവിടത്തെ കർഷകരുടെ മനസ്സറിഞ്ഞൊരു ബഡ്ജറ്റാണിത്. ഇത് കോട്ടയം-മലപ്പുറം ബഡ്ജറ്റാണെന്ന ആക്ഷേപമാണ് ഇന്നലെ ഇവിടെ ഉന്നയിച്ചത്. ഇത് കോട്ടയം-മലപ്പുറം ബഡ്ജറ്റല്ല, കർഷകരുടെ മനസ്സറിഞ്ഞ ബഡ്ജറ്റാണെന്ന് ചിന്തിക്കത്തക്കനിലയിൽ "കെ.എം" എന്നത് മാറ്റിവായിക്കണമെന്നാണ് നിർദ്ദേശിക്കാനുള്ളത്. ചെറുകിട കർഷകരുടെ പലിശ ബാദ്ധ്യത എഴുതിതള്ളുകയും എല്ലാ ചെറുകിട കർഷകർക്കും പലിശരഹിത വായ്പ കൊടുക്കുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുകയും കാർഷികവായ്പാ തിരിച്ചടവിന് റിസ്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുകയും കാർഷികാദായ നികുതിയിൽനിന്നും വ്യക്തികളെ ഒഴിവാക്കുകയും ചെയ്തതിലൂടെ ഇടുക്കിയിലെ മലയോര കർഷകരെയും കേരളത്തിലെ ചെറുകിട കർഷകരെയും ഏറെ ആശ്വാസത്തിലെത്തിച്ചിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനംമൂലം കാർഷികരംഗത്തുള്ള പ്രതിസന്ധി പരിഹരിക്കുകയെന്ന ഏറ്റവും ശ്രദ്ധേയമായ വിഷയത്തിൽ എല്ലാ വിളകളേയും ഉൾപ്പെടുത്തി സമഗ്രമായ ഒരു ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയത് ഈ ബഡ്ജറ്റിലൂടെയാണെന്ന കാര്യം വിസ്മരിക്കരുത്. ഏലകർഷക മേഖലയാണ് ഇടുക്കി. ഇന്ത്യയിൽത്തന്നെ ഏലം ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കുന്നത് ഇടുക്കിയിലാണ്. ഏലത്തിന്റെ നികുതി ഇളവുചെയ്തതിലൂടെ ആഭ്യന്തരവ്യാപാരികൾക്ക് ഇവിടെ വരാൻ കഴിയുകയും അതിലൂടെ മത്സരബുദ്ധിയോടുകൂടിയുള്ള ഏലാസ്വഭാവത്തിലേക്ക് ഉയരുമ്പോൾ ഏല

ത്തിന്റെ വിലയുയരാൻ കാരണമാകുന്നുവെന്നുള്ളതും ഏറെ ശ്രദ്ധേയമായി പറയേണ്ടതാണ്. സമയപരിമിതി ഉള്ളതുകൊണ്ട് ഏതാനും ചില കാര്യങ്ങൾ മാത്രം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഹൗസിംഗ് ബോർഡിന്റെ ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി ഏറെ ശ്രദ്ധേയമായിരുന്നു. 4 ലക്ഷം രൂപ വരെ നൽകുന്ന ഈ പദ്ധതിയിൽ 2 ലക്ഷം രൂപയാണ് ഗവൺമെന്റ് വിഭാവന ചെയ്തിട്ടുള്ളത്. ഗുണഭോക്തൃവിഹിതം 1 ലക്ഷം രൂപയും മറ്റ് സംഘടനകൾ നൽകുന്ന സഹായം ഒരു ലക്ഷം രൂപയുമായിരുന്നു. എന്നാൽ ഈ ബഡ്ജ റ്റിൽ 1,80,000 ലക്ഷം രൂപയായി ഗവൺമെന്റ് വിഹിതം കുറഞ്ഞിരിക്കുന്നു. അത് രണ്ട് ലക്ഷമാക്കി നിലനിർത്തുകയും ഗുണഭോക്തൃവിഹിതവും സപ്ലി മെന്ററിയായി ചേർക്കുന്ന വിഹിതം ഓരോ ലക്ഷം രൂപയായി നിലനിർത്തു കയും ചെയ്താൽ അത് വളരെ സഹായകരമാകുമെന്നാണ് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം തന്നെ ജില്ലാ സഹകരണ ബാങ്കുകൾ ഇന്ന് വലിയൊരു പ്രതിസന്ധി നേരിടുകയാണ്. ബാങ്കിംഗ് റെഗുലേഷൻ ആക്ട് അനുസരിച്ചുള്ള റേഷ്യോ കൈവരിക്കുന്നതിന് കോട്ടയം ജില്ലാ സഹ കരണ ബാങ്ക് ഉൾപ്പെടെയുള്ള ജില്ലാ ബാങ്കുകൾക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്. സെയിൽസ് ടാക്സിന്റെ അപ്പ ലേറ്റ് ട്രൈബ്യൂണൽ ഇന്ന് സംസ്ഥാനത്ത് നിലവിലുണ്ട്. വാറ്റുമായി ബന്ധ പ്പെട്ട പാറശ്ശാല മുതൽ കാസർഗോഡ് വരെയുള്ള കേസുകൾ കൈകാര്യം ചെയ്യുന്ന ട്രൈബ്യൂണൽ എറണാകുളത്ത് മാത്രമാണുള്ളത്. അതിനുവേണ്ടി തിരുവനന്തപുരം, കോട്ടയം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ അപ്പ ലേറ്റ് ബഞ്ചുകളുണ്ടെങ്കിലും വാറ്റ് അപ്പീൽ ജൂറിസ്ഡിക്ഷൻ വിഭജിച്ച് നൽകി യിട്ടില്ല. അത് വിഭിച്ചുനൽകിയാൽ കാലതാമസമൊഴുവാക്കാനും വ്യാപാരി

സമൂഹത്തിനൊരു ആശ്വാസം നൽകാനും കൂടുതൽ തുക വരുമാനമായി ഗവൺമെന്റിന് ലഭിക്കുന്നതിനും സഹായകമാകുമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുന്നു. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ടുള്ള കേസ് കോടതിയിൽ നിലനിൽക്കുന്ന ഈ സാഹചര്യത്തിൽ കേരളത്തിന് സ്വീകാര്യമായ നിലയിലുള്ള ഒരു വിധിയുണ്ടാകുമെന്നുള്ള പ്രതീക്ഷയോടുകൂടിത്തന്നെ 50 കോടി രൂപയാണ് ഇതിനായി നീക്കിവച്ചിരിക്കുന്നുവെന്നത് ആ വിഷയത്തിൽ ഗവൺമെന്റ് കാണിച്ചിട്ടുള്ള ഒരു ജാഗ്രതയാണെന്ന് എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. സാമൂഹ്യക്ഷേമ പെൻഷനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. സാമൂഹ്യക്ഷേമ പെൻഷനുകളെപ്പറ്റി ആവർത്തിച്ച് വാദിക്കുന്നത് കേട്ടു. സാമൂഹ്യക്ഷേമപെൻഷനും മറ്റാനുകൂല്യങ്ങളും - വൃക്ക തകരാറുമൂലം സ്ഥിരമായി ഡയലാസിസിന് വേണ്ടിവരുന്ന ബി.പി..എൽ. വിഭാഗത്തിൽപ്പെടുന്ന വൃക്കരോഗികളുടെ പ്രതിമാസ പെൻഷൻ 525 രൂപയിൽ നിന്ന് 900 രൂപയാക്കി ഉയർത്തി. ക്ഷയരോഗികൾക്കുള്ള ധനസഹായം 525-ൽനിന്ന് 800 രൂപയായും കുഷ്ഠരോഗികൾക്കുള്ള സഹായം 525 രൂപയിൽ നിന്നും 800 രൂപയായും ക്യാൻസർ രോഗികൾക്കുള്ള ധനസഹായം 525 രൂപയിൽ നിന്നും 800 രൂപയായും ഉയർത്തിയിട്ടുണ്ട്. ക്ഷേമപെൻഷനുകളിൽ ഇത്രത്തോളം വർദ്ധനവുണ്ടാക്കാൻ ഇതിനുമുമ്പ് സാധിച്ചിട്ടുണ്ടോ? അതൊന്നും കാണാതെ ക്ഷേമ പെൻഷനുകളെന്ന ഒറ്റവാക്കുപറഞ്ഞ് ഇത്തരം കാര്യങ്ങളെ സ്പർശിച്ചുപോകുന്നത് ശരിയല്ല. അതോടൊപ്പംതന്നെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രശ്നമാണ് മുന്നോക്കവിഭാഗത്തിലുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ്. മുന്നോക്ക വിഭാഗത്തിൽപ്പെട്ടവരാണെങ്കിലും സാമ്പത്തിക

മായി പിന്നോക്കം നിൽക്കുന്ന മൂന്ന് ലക്ഷം രൂപ വാർഷികവരുമാന പരിധി യിൽപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് നിരക്കിലുള്ള ഫീസ് ഇളവ് കൊടുക്കാൻ ആദ്യമായി തീരുമാനമെടുത്തത് ഈ ഗവൺമെന്റാണ്. പഠനസഹായം കൊടുക്കുന്ന കാര്യത്തിൽ പാവപ്പെട്ട കുടുംബത്തിലെ സമർദ്ധരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക ഭദ്രതയുടെ അടിസ്ഥാനത്തിൽ പഠിക്കാനുള്ള അവസരമുണ്ടാകണമെന്ന ലക്ഷ്യത്തോടുകൂടി ഗവൺമെന്റ് ഐ.ഐ.ടി., ഐ.ഐ.എസ്.ടി, ഐ.സി.ഇ.ആർ., ഐ.ഐ.എം.തുടങ്ങിയ ഉന്ന തസ്ഥാപനങ്ങളിൽ പഠനത്തിനർഹത നേടുന്ന കുട്ടികളുടെ 75 ശതമാനം ഫീസ് സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. ഇത്തരം ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് ഈ ബഡ്ജറ്റ് കേരളത്തിന്റെ ഏറ്റവും സ്വീകാര്യമായൊരു ബഡ്ജറ്റായി മാറിയിട്ടുണ്ടെന്നുള്ളതാണ് ഇവിടെ നടന്നിട്ടുള്ള പ്രസംഗങ്ങളി ലൊക്കെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ആവശ്യമില്ലാത്ത കണക്കുകൾ അവതരിപ്പിച്ചുകൊണ്ട്, ഈ ബഡ്ജറ്റിനെതിരെ ഒരു പുകമറ സൃഷ്ടിക്കാനാണ് ഇവിടെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സമസ്തമേഖലകളിലും മാറ്റത്തിനുവേണ്ടി ശ്രമിക്കുന്നൊരു ബഡ്ജറ്റാണിത്. ഇവിടെ സൂചിപ്പിച്ചതുപോലെ കെ.എസ്. ആർ.ടി.സി. പ്രതിസന്ധികൾ നേരിടുണ്ടെങ്കിൽപോലും കട്ടപ്പനയിലേയും മൂല മറ്റത്തേയും ഓപ്പറേറ്റിംഗ് സെന്ററുകളിൽ ഒരു വാഹനംപോലും നഷ്ടത്തിൽ പോകുന്നില്ല. കട്ടപ്പന കെ.എസ്.ആർ.ടി.സി.ക്ക് ആവശ്യമായ ബസ് ടെർമിനൽ ഉണ്ടാകേണ്ടതുണ്ട്. അവിടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതി നാവശ്യമായ സഹായം ചെയ്യണം. ടൂറിസം സാധ്യത ഏറ്റവും കൂടുതലുള്ളത് ഇടുക്കി ജില്ലയിലാണ്. മൂന്നാർ-ഇടുക്കി ഉൾപ്പെടുന്ന പ്രദേശത്തെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി അവിടെ വരുന്ന ടൂറിസ്റ്റുകൾക്ക് താമസി

ക്കുന്നതിനുള്ള സൗകര്യക്കുറവുണ്ട്. അതിനുവേണ്ടി പത്തേക്കർ ഭൂമി ജില്ലാ പഞ്ചായത്ത് വിട്ടുകൊടുക്കുന്നതാണ്. ഇടുക്കിയിൽ ഡോർമെറ്ററി സംവിധാന ത്തോടുകൂടിയ, ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ടൂറിസ്സത്തിനുതകു ന്നവിധത്തിലുള്ള ഒരു ഹോട്ടൽ സമുച്ചയം ഉണ്ടാക്കണമെന്ന് ഈ അവസര ത്തിൽ അഭ്യർത്ഥിക്കുകയാണ്. താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങളെപ്പറ്റി ഇവിടെ പരാമർശിക്കുകയുണ്ടായി. ഇടുക്കിയെപ്പോലെ വിസ്തൃതമായൊരു പ്രദേശത്ത് ഒരു താലൂക്ക് ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുണ്ട്. 60 കിലോമീറ്റർ ദൂരമാണ് ഇവിടെനിന്ന് താലൂക്കിലേയ്ക്കുള്ളത്. അതുകൊണ്ട് ദൂരപരിധിയനുസരിച്ച് കേരളത്തിൽ താലൂക്ക് വിഭജനം നടത്തുന്നതിനാവശ്യ മായ നടപടി സ്വീകരിക്കണമെന്നും ഇടുക്കിയിൽ ഒരു താലൂക്ക് അനുവദിക്ക ണമെന്നുകൂടി ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഈ ബഡ്ജറ്റ് കേരളത്തിന്റെ മനസ്സറിഞ്ഞൊരു ബഡ്ജറ്റാണ്. തീർച്ചയായും കാരു ണ്യ പദ്ധതിയുമായി മുന്നോട്ടുപോകുമ്പോൾ കാരുണ്യത്തിന്റെ മനസ്സുള്ളൊരു ബഡ്ജറ്റാണിത്. കാരുണ്യത്തിന്റെ മനസ്സുള്ളൊരു ബഡ്ജറ്റ് എന്ന നിലയിൽ ശ്രദ്ധേയമായി മാറിയിരിക്കുന്ന ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. മാത്യൂ ടി. തോമസ്: സർ, സംസ്ഥാന സർക്കാർ സുതാര്യമായി പ്രവർത്തിക്കുന്നുവെന്നാണ് എപ്പോഴും അവകാശപ്പെടുന്നത്. ആ സർക്കാ രിന്റെ സുതാര്യതയുടെ ഏറ്റവും വലിയൊരു നിദർശനമായിരുന്നു കഴിഞ്ഞ ബഡ്ജറ്റിലെ പ്രധാനപ്പെട്ടൊരു നിർദ്ദേശം ഒളിച്ചുവച്ച് അവതരിപ്പിക്കാൻ ബഹു മാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് കഴിഞ്ഞുവെന്നത്. അദ്ദേഹത്തിന് സുഖമി ല്ലെന്ന് പറഞ്ഞപ്പോൾ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഞങ്ങളുമൊക്കെ അദ്ദേഹത്തിന്റെ ആരോഗ്യത്തിൽ താൽപ്പര്യമുള്ളവരായി ആകാംഷയോടു

കൂടി നിൽക്കുമ്പോൾ ഒരു കൗശലക്കാരന്റെ സാമർത്ഥ്യത്തോടുകൂടി വിദഗ്ദ്ധ മായി ചില കാര്യങ്ങൾ വായിക്കാതെ വിടുകയും പിന്നീട് അത് പ്രഖ്യാപിക്കു കയും ചെയ്തതിലൂടെ ഈ ഗവൺമെന്റിന്റെ സുതാര്യത വ്യക്തമാക്കിയിരി ക്കുകയാണ്. പിൻവാതിലിലൂടെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കിയൊരു ഗവൺമെന്റാണിത്. ഈ ബഡ്ജറ്റ് ആരുടേതാണ്; ശ്രീ. കെ.എം. മാണിയുടെ ബഡ്ജറ്റാണോ, ഗവൺമെന്റിന്റെ ബഡ്ജറ്റാണോ? കേരള നിയമസഭയിൽ ധനകാര്യവകുപ്പുമന്ത്രി ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഒരു സഹമന്ത്രി കൈമലർത്തിക്കാണിക്കുകയും ഇതൊന്നും പോരെന്ന് പറയുകയും ചെയ്യു ന്നത് ഇതാദ്യമായാണ്. സഹമന്ത്രിമാരുമായി ആലോചിക്കാതെയാണോ ഓരോ വകുപ്പുമായി ബന്ധപ്പെടുന്ന നിർദ്ദേശങ്ങൾ വയ്ക്കുന്നത്. ഇവിടെ ഭര ണകക്ഷി എം.എൽ.എ. മാർ പ്രതിഷേധം പ്രകടിപ്പിക്കുകയും സഭയിൽ പ്രസം ഗിക്കില്ലെന്നും പറയുന്നു. സ്വന്തം മന്ത്രിസഭയിലെ മന്ത്രിമാർ കൈമലർത്തികാ ണിക്കുന്നൊരു ബഡ്ജറ്റ് അവതരിപ്പിക്കേണ്ടുന്ന ഒരവസ്ഥാവിശേഷം ബഹുമാ നപ്പെട്ട മാണി സാറിനു മാത്രമേ കേരള നിയമസഭയിലുണ്ടായിട്ടുള്ളൂ. ഈ ദിവസങ്ങളിൽ എന്താണ് ഇവിടെ കാണുന്നത്. ചില ഭരണകക്ഷി എം.എൽ.എ. മാർ ധനകാര്യ വകുപ്പുമന്ത്രിയെ അമിതമായി പ്രശംസിക്കുകയാണ്. പ്രശംസ കഴിഞ്ഞ ഉടൻതന്നെ മറുപടി പ്രസംഗങ്ങൾ അവരുടെ മണ്ഡലങ്ങളിൽ ഇന്ന യിന്ന കാര്യങ്ങൾകൂടി അനുവദിക്കണമെന്നൊരു കത്ത് ബഹുമാനപ്പെട്ട മന്ത്രിക്ക് കൊടുക്കുകയും ചെയ്യുന്നു. മറ്റുചില എം.എൽ.എ.മാർ ഈ ബഡ്ജറ്റ് പ്രസംഗത്തിന്റെ ചർച്ചയിൽ പങ്കെടുക്കുന്നില്ലെന്ന് പറഞ്ഞ് മാറി നിൽക്കുകയും പിൻവാതിലിലൂടെ ചില കാര്യങ്ങൾ മറുപടി പ്രസംഗത്തിലൂടെ പരിഹരിച്ചുകിട്ടാൻ ശ്രമിക്കുകയാണ്. കേരളത്തിലെ പകുതിയോളം എം.എൽ.

എ.മാർ പ്രതിപക്ഷത്തുനിന്നുള്ളവരാണ്. അവരുടെ താൽപ്പര്യങ്ങൾകൂടി നോക്കണ്ടേ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): എന്നെ പ്രശംസിക്കുന്നവർക്കുമാത്രമല്ല, എന്നെ കല്ലെറിയുന്ന വർക്കും തുക അനുവദിക്കും. തിരുവല്ല ബൈപ്പാസിനുവേണ്ടി കഴിഞ്ഞ കൊല്ലം തുക അനുവദിച്ചില്ലേ; ഇനിയെന്തുവേണം. ഇനിയെന്തുവേണമെന്ന് പറഞ്ഞോളൂ.

ശ്രീ. മാത്യൂ ടി. തോമസ്: തിരുവല്ല ബൈപ്പാസിന് തുക അനുവദി ച്ചെങ്കിലും ഇതുവരെയും ഒരു പൈസ പോലുംചെലവാക്കിയിട്ടില്ലെന്ന് അങ്ങേയ്ക്ക് അറിയാം. ഇവിടത്തെ പ്രശ്നം കേരളത്തെ മൊത്തമായി കണ്ടു കൊണ്ട് പ്രവർത്തിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കഴി യുണ്ടോ; ശ്രീ. കെ. എം. മാണി യു.ഡി.എഫിന്റെ മാത്രം ധനകാര്യ വകുപ്പുമ ന്ത്രിയല്ല, കേരളത്തിന്റെ മന്ത്രിയാണ്. ഇവിടെ നടപ്പിലാക്കുന്ന വികസനപ്ര വർത്തനങ്ങൾക്ക് കോൺസ്റ്റിറ്റ്യൂവൻസി വൈസ് ഓഡിറ്റിന് ഈ ഗവൺമെന്റ് തയ്യാറാകുമോ? ഇവിടെ ചെലവാക്കുന്ന ഗവൺമെന്റിന്റെ പൊതു പണം ഏതെല്ലാം സ്ഥലങ്ങളിൽ ചെലവാക്കപ്പെടുന്നുവെന്നതിനെ സംബന്ധിച്ച് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒരു ആഡിറ്റിംഗിന് തയ്യാറാകുമോ എന്നാണ് ചോദിക്കുന്നത്. അസറ്റ് ക്രിയേഷന്റെ ഭാഗമായി എല്ലാ മണ്ഡലങ്ങ ളിലും അഞ്ച് കോടി രൂപ നൽകുമെന്ന് പറഞ്ഞെങ്കിലും 2012-13 നടപ്പുസാമ്പ ത്തിക വർഷം ഇതിന് ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടുണ്ടോ; ജനപ്രതിനി ധികൾ പ്രവർത്തിക്കാത്തതുകൊണ്ടാണോ? ബന്ധപ്പെട്ട ഭരണ വകുപ്പുക ളിൽനിന്നുള്ള നിർദ്ദേശങ്ങൾ ധനകാര്യവകുപ്പിൽ വന്നെങ്കിലും 31-03-2013

നുമുമ്പ് ഭരണാനുമതി കിട്ടുന്ന വർക്കുകൾ മാത്രം മുന്നോട്ടു കൊണ്ടുപോവുകയും അല്ലാത്തതിനെല്ലാം തടസ്സമുണ്ടാകുമെന്നുമാണ് പറയുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ അതിനായി തുക വകയിരുത്തിയിട്ടുണ്ടോ? 2012-13 നടപ്പുസാമ്പത്തികവർഷത്തെ അഞ്ച് കോടി രൂപയ്ക്കുള്ള ഭരണാനുമതി കിട്ടിയിട്ടില്ലെന്ന കാര്യം പല എം.എൽ.എ.മാർക്കുമറിയാവുന്നതാണ്. 2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഇതിനായുള്ള 700 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. നിയോജക മണ്ഡലങ്ങളോട് ഇങ്ങനെ വിവേചനം കാണിക്കാൻ പാടില്ല.

ശ്രീ. എ. കെ. ബാലൻ: കോളനി വിപുലീകരണത്തിനുവേണ്ടി ഒരു കോടി രൂപ പ്രഖ്യാപിച്ചെങ്കിലും പത്ത് പൈസപോലും ഇന്നുവരെ കൊടുത്തിട്ടില്ല.

ശ്രീ. മാത്യു റ്റി. തോമസ്: സർ, അങ്ങനെ നിൽക്കുകയാണ് കാര്യങ്ങൾ. വികസന രംഗത്ത് ഒരു സന്തുലിതാവസ്ഥയുണ്ടാക്കിയെടുക്കാൻ നമുക്ക് കഴിയണം. നിയോജക മണ്ഡലം പുനഃസംഘടന കഴിഞ്ഞപ്പോൾ വന്ന ഒരു പ്രശ്നമുണ്ട്. ആറന്മുള മണ്ഡലത്തിൽ 13 പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയുമുണ്ട്. എന്റെ മണ്ഡലത്തിൽ 11 പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയുമുണ്ട്. 4 പഞ്ചായത്ത് മാത്രമുള്ള നിയോജക മണ്ഡലങ്ങൾക്ക് കിട്ടുന്ന അതേ തുകയാണ് ഈ വലിയ മണ്ഡലങ്ങൾക്കും കിട്ടുന്നത്. ഈ അസന്തുലിതാവസ്ഥ നിൽക്കുന്നു. അസന്തുലിതാവസ്ഥ ഏത് തരത്തിൽ പരിഹരിക്കാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച നിർദ്ദേശം കിട്ടുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നികുതി പിരിവിൽ വലിയ തകരാറുണ്ടായിരിക്കുകയാണ്, വലിയ നികുതി ചോർച്ചയുണ്ടായിക്കൊണ്ടിരിക്കുകയാണ്.

ഇക്കാര്യം വളരെ ഗൗരവമായെടുക്കണം. ഇന്നലെ നിയമസഭയിൽ വന്ന കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് - 'Revenue raised by the State Government', ടാക്സ് റവന്യൂവിലെ വർദ്ധനവ് എന്നുപറയുന്നത് വെറും 18 ശതമാനമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ 2009-2010-നേക്കാൾ തൊട്ടടുത്ത സാമ്പത്തിക വർഷമായ 2010-2011-ൽ 23.24 ശതമാനം വർദ്ധിപ്പിച്ചെങ്കിൽ യു.ഡി.എഫ്. ഗവൺമെന്റ് വന്ന ആദ്യത്തെ വർഷം നികുതി നിരക്കുകളിൽ പരിഷ്ക്കരണം വരുത്തിയിട്ടുപോലും 18 ശതമാനം വർദ്ധനവ് മാത്രമാണുണ്ടായിരിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് - ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരം വിട്ടുപോകുന്ന അവസാന വർഷം 86.75 ശതമാനം വർദ്ധനവുണ്ടായിരുന്നു. അവിടെ വെറും 26 ശതമാനം മാത്രമാണ് വർദ്ധനവ്. കാർഷികാദായ നികുതി - ഈ ഗവൺമെന്റ് വന്നതിനുശേഷം 8.7 ശതമാനം താഴേയ്ക്ക് പോയിരിക്കുകയാണ്. പല നികുതികളും പുറകോട്ട് പോയിരിക്കുന്നു. പൊതുമരാമത്തിൽ നിന്ന് കിട്ടേണ്ട നികുതി വരുമാനം 37 ശതമാനം പുറകോട്ട് പോയിരിക്കുകയാണ്. നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് വളരെയധികം അമാന്തം കാണിച്ചിരിക്കുകയാണ്. സി.& എ.ജി. റിപ്പോർട്ടിന്റെ ഒന്നാം ഭാഗം നാലാമത്തെ പേജിൽ പറയുന്നത് 3274 കോടി രൂപ വ്യക്തികളിൽനിന്നും പ്രൈവറ്റ് കമ്പനികളിൽനിന്നുമായി പിരിച്ചെടുക്കാനുണ്ടെന്നാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമല്ല, ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്തും അങ്ങനെ പിരിച്ചെടുക്കാനുണ്ടെന്ന കാര്യം ഞങ്ങൾ അംഗീകരിക്കുന്നു. ആകെ 10,272 കോടി രൂപ നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ കിടക്കുകയാണ്. ഈ നികുതി പിരിച്ചെടുത്തുകഴിഞ്ഞാൽ

നമ്മുടെ സാമ്പത്തിക ഭാരം മാറ്റിയെടുക്കാൻ കഴിയില്ലേ? ഈ കാര്യങ്ങളിൽ തികഞ്ഞ അമാന്തം കാണിച്ചുകൊണ്ട് ധനകാര്യ മേഖലയിൽ ഒരു കെടുകാര്യസ്ഥതയാണ് ഈ ഗവൺമെന്റ് വരുത്തിയിരിക്കുന്നത്. വിൽപ്പന നികുതിയുമായി ബന്ധപ്പെട്ട റിക്കോർഡുകൾ സി.എ.ജി.യുടെ മുമ്പിൽ കൊടുക്കാൻ പോലും ബന്ധപ്പെട്ട വകുപ്പ് തയ്യാറായിട്ടില്ല. ഈ റിപ്പോർട്ടിലെ ൮-ാം പേജിൽ പറയുന്നത് - During 2011-2012; 9364 tax assessment records relating to 115 offices were not made available to audit, of these cases 1495 pertain to 13 special circles where assessments of major dealers are dealt with, details of which are as follows: പ്രധാനപ്പെട്ട ഡീലേഴ്സിനെ സംബന്ധിച്ച 1409 ഫയലുകൾ ഓഡിറ്റിന് കൊടുക്കാൻ പോലും കൊമേഴ്സ്യൽ ടാക്സ് ഓഫീസ് സി. ആന്റ് എ.ജി. യുടെ മുമ്പിൽ റിക്കോർഡ് കൊടുക്കാൻ തയ്യാറായിട്ടില്ല. വരുമാനം കളക്റ്റ് ചെയ്യുന്നില്ല. നികുതി വരുമാനത്തിൽ വലിയ ചോർച്ച. അതോടൊപ്പംതന്നെ ആവശ്യത്തിന് റിക്കോർഡുകൾ ഓഡിറ്റിംഗിനുപോലും കൊടുക്കാൻ കഴിയാത്ത ഒരു ഭരണ സംവിധാനമാണ് ഇവിടെ കെടുകാര്യസ്ഥത വരുത്തിവച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് വെറും പ്രഖ്യാപനങ്ങൾ മാത്രം നടത്തുന്ന ഗവൺമെന്റാണ്. കെ.എസ്.ആർ.ടി.സി. യെ സംബന്ധിച്ചിടത്തോളം എന്തെല്ലാം പ്രശ്നങ്ങളുണ്ടായി. കെ.എസ്.ആർ.ടി.സി. യെ സംബന്ധിച്ച് കഴിഞ്ഞ മാസം ഇവിടെ ഉന്നയിച്ച അടിയന്തരപ്രമേയത്തിന് മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വാക്കൗട്ട് പ്രസംഗത്തിൽ ഇടപെട്ടുകൊണ്ട് പറഞ്ഞു, 'ഒരു കാരണവശാലും ഇവിടത്തെ സ്വകാര്യ ബസ്സുകൾ കൊടുക്കുന്ന റേറ്റിനേക്കാൾ

കൂടിയ റേറ്റിൽ കെ.എസ്.ആർ.ടി.സി. ഡീസൽ അടിക്കുന്ന പ്രശ്നമേയില്ല, അത് വാങ്ങിയിരിക്കും.' ഇത് പറഞ്ഞത് ഫെബ്രുവരി മാസം 6-ാം തീയതിയാണ്. ഇന്ന് മാർച്ച് മാസം 20 ആയിരിക്കുന്നു. ഇതുവരെ വാക്ക് പാലിക്കാൻ കഴിഞ്ഞിട്ടില്ല. കെ.എസ്.ആർ.ടി.സി.ക്ക് വെറും 100 കോടി രൂപ കൊടുത്തത് അപര്യാപ്തമാണെന്നാണ് ഗതാഗത വകുപ്പുമന്ത്രി പറയുന്നത്. അയൽ സംസ്ഥാനങ്ങളിൽ, തമിഴ്നാട്ടിൽ അടക്കം കുറഞ്ഞ വിലയ്ക്ക് ഡീസൽ വാങ്ങുന്നു. തമിഴ്നാട്ടിലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഹൈക്കോടതിയിൽ കേസ്സിനുപോയി. തമിഴ്നാട് ഹൈക്കോടതി എണ്ണക്കമ്പനികളോട് കുറഞ്ഞ നിരക്കിൽ, സ്വകാര്യ ബസ്സുകൾക്ക് കൊടുക്കുന്ന അതേ നിരക്കിൽത്തന്നെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും ഡീസൽ കൊടുക്കാൻ പറഞ്ഞു, അവിടെ കൊടുത്തുതുടങ്ങി. ഇവിടെ ഇപ്പോഴും കൂടിയ വിലയ്ക്ക് വാങ്ങുകയാണ്. ആ കൂടിയ വില കിട്ടുന്നതിന്റെ പ്രയോജനം ആർക്കാണ്? സംസ്ഥാന ഗവൺമെന്റ് ഡീസലിന്റെ അധിക വിലയുടെ ബാദ്ധ്യത കൊടുത്താൽപ്പോലും കെ.എസ്.ആർ.ടി.സി.ക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ആ പണം അതേപടി എണ്ണക്കമ്പനികൾക്ക് പോകുകയാണ്. ഇവിടെ ഇടപെടാൻ കഴിയുന്നില്ല. ഇവിടെ കെ.എസ്.ആർ.ടി.സി.യെ നിലനിർത്താൻ തക്കവണ്ണമുള്ള സുവ്യക്തമായ ഒരു ധാരണയും ദർശനവും ഈ ഗവൺമെന്റ് പ്രകടിപ്പിക്കുന്നില്ല. കെ.എസ്.ഇ.ബി.യുടെ സ്ഥിതിയും അതുതന്നെയാണ്. ഇലക്ട്രിസിറ്റി ബോർഡ് വലിയ പ്രതിസന്ധി നേരിടുന്നു. ജനങ്ങൾക്കാവശ്യത്തിനുള്ള വൈദ്യുതി കൊടുക്കാൻ കെ.എസ്.ഇ.ബി.ക്ക് കഴിയുന്നില്ല. ആ പ്രതിസന്ധി അഭിമുഖീകരിക്കാൻ പദ്ധതിയില്ല. കുടിവെള്ളം വാണിജ്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. കാർഷിക മേഖലയിൽ എന്താണ് ഈ ഗവൺമെന്റ് ചെയ്തിരിക്കുന്ന

ത്? 200 കോടി രൂപ നെല്ല് സംഭരണത്തിനുവേണ്ടി നൽകിയെന്നാണ് പറയുന്നത്. 200 കോടി രൂപ നെല്ല് സംഭരണത്തിന് കൊടുത്തുവെന്ന് പറഞ്ഞാൽ കർഷകരിൽ നിന്ന് വാങ്ങുന്ന നെല്ലിന്റെ വിലയല്ലേ കൊടുത്തിരിക്കുന്നത്? നെല്ലിന്റെ വില കൊടുത്തിട്ട് അത് വലിയ സൗജന്യമായി പ്രഖ്യാപിച്ചുകൊണ്ടാണ് ബഡ്ജറ്റ് പ്രസംഗം നടത്തുന്നത്. കർഷകൻ കൊടുക്കുന്ന നെല്ലിന്റെ വില കൊടുത്തിട്ട് അത് ഗവൺമെന്റ് കർഷകന് കൊടുക്കുന്ന ആനുകൂല്യമാണെന്ന് വ്യാഖ്യാനിക്കുന്ന ഒരു ഗതികേടിലേയ്ക്ക് ഈ ഗവൺമെന്റ് എത്തിയിരിക്കുകയാണ്. ഈ ഗവൺമെന്റ് ഈ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഏതെങ്കിലും ഒരു പ്രത്യേക വിഷയത്തിന് പ്രാധാന്യം കൊടുത്തിട്ടില്ല. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിനെ ഇവിടത്തെ ഹരിത എം.എൽ.എ. മാർ 'ഗ്രീൻ ബഡ്ജറ്റ് 'എന്ന് വിളിച്ച് ആക്ഷേപിച്ചതാണ്. ഇടയ്ക്ക് ഞങ്ങൾ അവതരിപ്പിച്ച ബഡ്ജറ്റിനെ 'ജെണ്ടർ ബഡ്ജറ്റ് 'എന്ന് വിശേഷിപ്പിക്കുകയുണ്ടായി. ഇവിടെ അതില്ല. ഒരു ബഡ്ജറ്റ് പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്ന ബഡ്ജറ്റായിരുന്നതുകൊണ്ട് 'റോഡ് ബഡ്ജറ്റ്' എന്ന് വിശേഷിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിനെ എന്താണെന്നാണ് വിശേഷിപ്പിക്കാൻ കഴിയുന്നത്; ഈ ബഡ്ജറ്റിന്റെ മുഖമുദ്ര എന്താണ്? ഇവിടത്തെ സമ്പന്നരെ കൂടുതൽ സമ്പന്നരും ദരിദ്രരെ കൂടുതൽ ദരിദ്രരുമാക്കുന്നതിന് പര്യാപ്തമാകുന്ന നിർദ്ദേശങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെയും യു.ഡി.എഫ്. സംവിധാനത്തിന്റെയും വികൃതമായ മുഖമാണ് ഇവിടെ വ്യക്തമാകുന്നത്. ഒരുതരത്തിലും ഈ ബഡ്ജറ്റ് ഈ നാട്ടിലെ സാധാരണക്കാരെ സഹായിക്കുന്നതല്ല. അത്

ഇവിടത്തെ വിലക്കയറ്റം വർദ്ധിപ്പിക്കും, ജനജീവിതം കൂടുതൽ ദുസ്സഹ മാക്കും. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുന്നു.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ സന്തോഷ പൂർവ്വം പിന്താങ്ങുകയാണ്. കേരളത്തിലെ പ്രഗത്ഭനായ ധനകാര്യ വകുപ്പു മന്ത്രി അവതരിപ്പിച്ച ബഡ്ജറ്റാണ് ഇത്. ഇന്നത്തെ കേരളീയ പശ്ചാത്തലത്തിൽ പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി പഠിച്ച് ഏറ്റവും സന്ദർഭോചിതമായി നൽകി യിട്ടുള്ള പ്രഖ്യാപനങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. ബഹുമാനപ്പെട്ട പ്രതി പക്ഷ നേതാവുപോലും ഈ ബഡ്ജറ്റിനെ അംഗീകരിച്ചത് ഈ പശ്ചാത്തല ത്തിലാണെന്ന് തോന്നുന്നു. ഒരുപക്ഷേ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇന്ന് മാറ്റിപ്പറഞ്ഞേക്കാം. അദ്ദേഹം അന്ന് പറഞ്ഞത്, പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള ചെപ്പടി വിദ്യയാണ് മാണി ഇറക്കിയിട്ടുള്ളതെന്നാ ണ്. അഭിപ്രായം ഇങ്ങനെ പറഞ്ഞുവെങ്കിലും അദ്ദേഹത്തിന്റെ മനസ്സിൽ ഈ ബഡ്ജറ്റിനെക്കുറിച്ച് നല്ല അഭിപ്രായമുണ്ടായിരുന്നുവെന്നാണ് വരികൾക്കിട യിൽ നിന്ന് വായിക്കാൻ കഴിഞ്ഞത്. യു.ഡി.എഫ്. തെരഞ്ഞെടുപ്പ് കാലത്ത് മാത്രമല്ല, എപ്പോഴും ജനപക്ഷത്ത് നിൽക്കുന്നവരാണെന്ന് ഈ ബഡ്ജറ്റ് വ്യക്തമാക്കുകയാണ്. മുഖ്യമായും ആ നാട്ടിലെ ജനങ്ങളുടെ ജീവൽ പ്രശ്ന ങ്ങൾക്ക് പരിഹാരം കാണുകയെന്നതാണ് ഒരു ഗവൺമെന്റിന്റെ ബാധ്യത എന്നുപറയുന്നത്. ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽ വന്ന നാൾ മുതൽ കഠിനമായ പരിശ്രമത്തിന്റെ ഫലമായി മെല്ലെ മെല്ലെ കേരളം സമൃദ്ധി യിലേയ്ക്ക് വരികയാണ്. ആഗോളതലത്തിലുണ്ടായിട്ടുള്ള സാമ്പത്തിക പ്രശ്നങ്ങൾക്കിടയിലും ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നുവെന്നതാണ് ഈ ബഡ്ജറ്റ് വ്യക്തമാക്കുന്നത്. എല്ലാ

വിഭാഗം ആളുകളുടെയും അവസ്ഥ മനസ്സിലാക്കി അതനുസരിച്ച് ബഡ്ജറ്റ് അവതരിപ്പിച്ച മാണി സാർ കേരളത്തിന്റെ മാണിക്യമാണ്. നമ്മുടെ സംസ്ഥാനത്ത് എന്നും ശാപമായി നിൽക്കുന്നത് പദ്ധതിയുടെ പൂർത്തീകരണത്തിലുള്ള കാലതാമസമാണ്. സംസ്ഥാനത്തെ പദ്ധതികളുടെ അഭാവമല്ല, മറിച്ച് പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമമായും പൂർത്തിയാക്കുക എന്നതാണ് പ്രശ്നം. ഓരോ പദ്ധതിയും ഓരോ വർഷം കഴിയുംതോറും അവയുടെ എസ്റ്റിമേറ്റ് തുക കൂടിക്കൂടി വന്ന് അവസാനം ഒന്നും പൂർണ്ണമായി നടപ്പിലാക്കാത്ത സ്ഥിതി നമ്മുടെ നാട്ടിലുണ്ട്. ഇവിടെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മോണിറ്ററിംഗ് സംവിധാനത്തിലൂടെ ഇത് പരിശോധിക്കാനും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാനും കഴിയുമെന്ന പ്രതീക്ഷ നമ്മളെ സംബന്ധിച്ചിടത്തോളമുണ്ട്. നമ്മുടെ സംസ്ഥാനം കാർഷിക മേഖലയ്ക്ക് പ്രധാനമായും ഊന്നൽ കൊടുക്കുന്ന ഒരു സംസ്ഥാനമാണ്. പക്ഷേ കർഷകരെ സംബന്ധിച്ചിടത്തോളം ധാരാളം പ്രശ്നങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്നുണ്ട്. കാർഷിക രംഗത്തുനിന്ന് കർഷകരെല്ലാം പിൻമാറിക്കൊണ്ടിരിക്കുന്നു. പാരമ്പര്യമായി കൃഷിരംഗത്തുണ്ടായിരുന്ന ആളുകൾപോലും കൃഷിരംഗത്തേയ്ക്ക് ഇന്ന് കടന്നുവരുന്നില്ല എന്നത് ഒരു ദു:ഖസത്യമാണ്. ഈ പ്രയാസം മനസ്സിലാക്കി കാർഷിക മേഖലയ്ക്ക് മുമ്പൊന്നുമില്ലാത്തവിധം വളരെയധികം പ്രാധാന്യം നൽകിക്കൊണ്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അയൽ സംസ്ഥാനങ്ങളെ ആശ്രയിച്ചുകഴിയുന്ന ഒരു സംസ്ഥാനമാണ് കേരളം എന്ന നിലയിൽ കേരളത്തിൽത്തന്നെ കാർഷിക മേഖല വളർത്തിയെടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പുതിയ തലമുറ കൃഷിയിലേയ്ക്ക് ആകർഷിക്കപ്പെടുന്നില്ല എന്നതൊരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് കൃഷി പഠനം സ്കൂൾ പാഠ്യപദ്ധതിയിൽ

ഉൾപ്പെടുത്താനും അതിൽ പ്രായോഗിക പരിചയം നേടാനുള്ള അവസരം നൽകലുമൊക്കെ ഈ ബഡ്ജറ്റിൽ ഉണ്ടാക്കിയിട്ടുണ്ട്. ഈ രംഗത്ത് മിടുക്ക് കാണിക്കുന്ന കുട്ടികൾക്ക് സമ്മാനം കൊടുക്കുകയും അവരെ ആദരിക്കുകയും ചെയ്യണമെന്നുള്ള നിർദ്ദേശം കൂടി എനിക്ക് വയ്ക്കാനുണ്ട്.

കേരളത്തിൽ ഇന്ന് നാളികേര കർഷകർ തകർച്ചയുടെ വക്കിലാണ്. വലിയ പ്രതിസന്ധിയാണ് കേരളത്തിലെ നാളികേര കർഷകർ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. മുമ്പ് ഒരു സബ്മിഷനിലൂടെ ഞാൻ ഈ കാര്യം ഇവിടെ ഉന്നയിച്ചിരുന്നതാണ്. കേരളത്തിലെ തെങ്ങുകൃഷിക്കാർ തെങ്ങിൽനിന്ന് കിട്ടുന്ന വരുമാനംകൊണ്ട് ജീവിതം കരുപിടിപ്പിച്ചവരായിരുന്നു. വീട്ടിലെ ചെലവ് നടത്താനും വിവാഹാടിയന്തിരം നടത്താനുമൊക്കെ തേങ്ങകൊണ്ട് കേരളത്തിലെ കർഷകന് സാധിച്ചിരുന്നുവെങ്കിൽ ഇന്ന് അതെല്ലാം ഒരു സ്വപ്നമായി മാറുകയാണ്. ഇവിടെ കേരകർഷകരെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. തെങ്ങ് റീ-പ്ലാന്റ് ചെയ്യുന്നതിനുവേണ്ടി കേന്ദ്ര ബഡ്ജറ്റിൽ 75 കോടി രൂപ നീക്കിവച്ചിട്ടുള്ളത് സന്തോഷകരമായ ഒരു കാര്യമാണ്. മൂല്യവർദ്ധിത പരിപാടിയുടെ ഭാഗമായി 'നീര' ഉൽപ്പാദിപ്പിക്കാൻവേണ്ടിയുള്ള ഒരു സംവിധാനമുണ്ടാക്കുമെന്ന് ബഡ്ജറ്റിലൂടെ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അയൽ സംസ്ഥാനങ്ങളിലൊക്കെ വളരെ ഫലപ്രദമായി, വിജയകരമായി പരീക്ഷിച്ച് വിജയിച്ചിട്ടുള്ള ഒരു സംവിധാനമെന്നുള്ള നിലയിൽ 'നീര' ഉൽപ്പാദിപ്പിക്കുന്നതോടുകൂടി തെങ്ങുകൃഷിക്കാർക്ക് കൂടുതൽ ആനുകൂല്യമുണ്ടാകുകയും ഒരു തെങ്ങിൽനിന്ന് മിനിമം വേതനം അവർക്ക് ലഭ്യമാകുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. അത് വളരെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള

താൽപര്യംകൂടി ഗവൺമെന്റ് കാണിക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പി ക്കുകയാണ്. മുന്നോക്ക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പിനും മറ്റു മുള്ള വരുമാനപരിധി 3,00,000 രൂപയാക്കി ഉയർത്തിയിട്ടുള്ളത് വളരെ നല്ല കാര്യമാണ്. അത് സ്വാഗതാർഹവുമാണ്. അതോടൊപ്പം, പിന്നോക്ക വിഭാഗ ങ്ങൾക്കുള്ള സ്കോളർഷിപ്പ് വരുമാനപരിധി മുമ്പെന്നോ നിശ്ചയിച്ചിട്ടുള്ള താണ്. സമീപകാലത്തൊന്നും അതിൽ മാറ്റം വരുത്തിയിട്ടില്ല. കാലോചിത മായ പരിഷ്ക്കരണം ഇതിനും ആവശ്യമാണെന്നാണ് എനിക്ക് തോന്നുന്നത്. പിന്നോക്ക വിഭാഗക്കാരുടെ സ്കോളർഷിപ്പിന്റെ പരിധിയിൽ ന്യൂനപക്ഷ സമു ദായക്കാരെ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല. ഇതിന് പുറത്താണുള്ളത്. ന്യൂനപ ക്ഷത്തിന്റെ ആനുകൂല്യം മാത്രമേ ഇപ്പോൾ ഈ വിഭാഗത്തിന് ലഭിക്കുന്നുള്ളൂ. ഇതും പുന:പരിശോധന നടത്തണമെന്നാണ് എന്റെ അഭിപ്രായം. ആവശ്യ മായ മാറ്റം വരുത്തി വേണ്ട ഫണ്ട് വകയിരുത്തണമെന്ന് അഭ്യർത്ഥിക്കുക യാണ്. ഒരു പ്രധാനപ്പെട്ട കാര്യം ഈ ബഡ്ജറ്റിലൂടെ പറഞ്ഞിട്ടുള്ളത്, സർക്കാർ ജീവനക്കാർക്ക് സ്വകാര്യ ആശുപത്രികളിൽക്കൂടി ചികിത്സാ സൗകര്യം ലഭ്യമാക്കി റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുമെന്ന പ്രഖ്യാപനം കേരളത്തിലെ ജീവനക്കാർ വളരെ സന്തോഷപൂർവ്വമാണ് സ്വാഗതം ചെയ്തി ട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷംതന്നെ ജീവന ക്കാരെ സംബന്ധിച്ചിടത്തോളം ഒട്ടേറെ അനുകൂലമായ തീരുമാനങ്ങളുണ്ടാ യിട്ടുണ്ട്. വളരെയധികം സന്തോഷത്തിൽ കഴിയുന്ന കേരളത്തിലെ ജീവന ക്കാർ ഇതിനേയും വളരെ സന്തോഷപൂർവ്വം സ്വാഗതം ചെയ്തിരിക്കുകയാണ്. ഒരു കാര്യം എനിക്ക് ഇവിടെ നിർദ്ദേശിക്കാനുള്ളത്, ജീവനക്കാരിൽനിന്നും ഒരു ചെറിയ വിഹിതം പ്രീമിയം വാങ്ങി ചികിത്സാർത്ഥം ഇൻഷ്വർ പദ്ധതി

ഏർപ്പെടുത്തുന്നത് കൂടുതൽ സഹായകരമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അത് പരിഗണിക്കണമെന്നാണ് എന്റെ അഭിപ്രായം. എന്റെ മണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ സംസാരം അവസാനിപ്പിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് വളരെ വിപ്ലവകര മായ മാറ്റങ്ങൾ വരുത്തിയിട്ടുള്ള ഒരു ഗവൺമെന്റാണ് ഇത്. ഒരുപാട് മാറ്റ ങ്ങൾ ഈ രംഗത്ത് കൊണ്ടുവരികയുണ്ടായി. മാണി സാറിന്റെ ഈ ബഡ്ജറ്റ് പ്രഖ്യാപനത്തിൽപ്പോലും ഈ വർഷം നടപ്പിലാക്കാൻ പോകുന്ന ചില മാറ്റങ്ങ ളെക്കുറിച്ച് പറയുകയുണ്ടായി. പുതിയ കോളേജുകൾ അനുവദിക്കുമെന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനത്തെ വളരെയധികം സ്വാഗതം ചെയ്യുകയാണ്. എന്റെ നിയോജകമണ്ഡലമായ കൊടുവള്ളിയിൽ ഗവൺമെന്റ് തലത്തിലും എയ്ഡഡ് തലത്തിലും കോളേജുകളില്ല. 5000-ൽപ്പരം കുട്ടികളാണ് ഓരോ വർഷവും പ്ലസ് ടു കഴിഞ്ഞ് പുറത്തുവരുന്നത്. 40-ഉം 50-ഉം കിലോമീറ്റർ ദൂരം സഞ്ചരിച്ചാണ് കോളേജിലെത്തുന്നത്. അത് മനസ്സിലാക്കി ഗ്രാമപഞ്ചാ യത്ത് അഞ്ച് ഏക്കർ സ്ഥലം അവിടെ കോളേജിനുവേണ്ടി വാങ്ങിയിട്ടുണ്ട്. എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് കെട്ടിടമുണ്ടാക്കാൻ കഴിയുന്നതാണ്. കോളേജ് പ്രഖ്യാപിക്കുമെന്ന അദ്ദേഹത്തിന്റെ തീരുമാനം സ്വാഗതം ചെയ്യുന്നതിനോടൊപ്പം കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുന്നതിനുകൂടി തയ്യാറാക ണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. നാഷണൽ ഹൈവേ 212 വളരെ പ്രാധാന്യമുള്ള ഒരു റോഡാണ്. കോഴിക്കോടുനിന്നും വയനാടുവഴി പോകുന്ന റോഡിന്റെ പ്രാധാന്യം മനസ്സിലാക്കി അതിന്റെ പുന രുദ്ധാരണത്തിനുവേണ്ടി വിൽബർസ്മിത്ത് കമ്പനി തയ്യാറാക്കിയിട്ടുള്ള പ്രോജ

ക്ടിൽ സുൽത്താൻബത്തേരി, താമരശ്ശേരി, കൊടുവള്ളി എന്നീ മൂന്ന് ബൈപ്പാസുകളാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ സുൽത്താൻ ബത്തേരി മാത്രമാണ് ഉൾപ്പെടുത്തിക്കാണുന്നത്. മറ്റ് ബൈപ്പാസുകളെക്കൂടി ഉൾപ്പെടുത്തി ഈ റോഡിലെ ഗതാഗതം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി സഹായിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നു. ഇവിടെ ശ്രീ. സി. ദിവാകരൻ നാഥനില്ലാത്ത ഒരു യു.ഡി.എഫ്. ആണിവിടെയുള്ളതെന്ന് സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം അദ്ദേഹത്തിന്റെ അവസ്ഥയെ സംബന്ധിച്ച് ഒന്നാലോചിക്കേണ്ടതായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. മരണം കാത്ത് ശരശയ്യയിൽ കിടക്കുന്നതുപോലെ പി.ബി. കൂടുന്നതും കാത്ത് കസേരയിലിരിക്കുന്നത് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് വി. എസ്. അച്ചുതാനന്ദനാണ്. ഇന്നുവരും നാളെവരുമെന്ന് പ്രതീക്ഷിച്ച് ആ കസേരയിൽത്തന്നെ കണ്ണുംനട്ടിരിക്കുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ നയിക്കുന്ന എൽ.ഡി.എഫ്.-ലുള്ള വിശ്വാസത്തകർച്ച യു.ഡി.എഫ്.-ന് ഇപ്പോഴും വന്നിട്ടില്ലായെന്ന് അങ്ങ് ഓർക്കുന്നത് നന്നായിരിക്കുമെന്ന് മാത്രമേ എനിക്ക് അതിനെക്കുറിച്ച് സൂചിപ്പിക്കാനുള്ളൂ. ബഡ്ജറ്റിലേയ്ക്കു തന്നെ വരികയാണ്. കേരള സംസ്ഥാനത്തെ സുസ്ഥിരവികസനം ഉറപ്പാക്കുന്ന ഒരു ബഡ്ജറ്റാണ് ശ്രീ. കെ. എം. മാണി അവതരിപ്പിച്ചിരിക്കുന്നത്. ആളോഹരി വരുമാനത്തിനും വളർച്ചാതോതിനും ഇതര സംസ്ഥാനങ്ങൾക്ക് മുന്നിലാണ് നാം. എന്നാൽ അതിൽ വളരെയൊന്നും നമുക്ക് അഭിമാനിക്കാനോ ആഹ്ലാദിക്കാനോ വകയില്ല. കാരണം കാർഷിക മേഖലയിലെ വളർച്ചയും

വ്യവസായമേഖലയിലെ വളർച്ചയും നമുക്ക് പ്രതീക്ഷിച്ചതുപോലെ കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടില്ല. കാർഷിക മേഖലയിലാണെങ്കിൽ നെഗറ്റീവ് ഗ്രോത്താണുണ്ടായിരിക്കുന്നതെന്ന യാഥാർത്ഥ്യം നമ്മൾ ഉൾക്കൊള്ളണം. സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് എന്താണ് ആവശ്യമെന്ന് മനസ്സിലാക്കിത്തന്നെയാണ് മാണി സാർ ഈ ബഡ്ജറ്റിൽ പല നിർദ്ദേശങ്ങളും കൊണ്ടുവന്നിരിക്കുന്നതെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. അദ്ദേഹത്തിന്റെ ബഡ്ജറ്റിനെ നാം കാണേണ്ടത് കേന്ദ്ര ബഡ്ജറ്റിന്റെ പശ്ചാത്തലത്തിൽത്തന്നെയാണ്. കേന്ദ്ര ബഡ്ജറ്റ് ഇനിയും ഒരു വർഷത്തിനകലെയല്ലാതെ നടക്കുന്ന ഒരു പാർലമെന്റ് തെരഞ്ഞെടുപ്പിനുമുമ്പുള്ള ഒരു പൂർണ്ണ ബഡ്ജറ്റ് എന്നുള്ള നിലയിലാണ് ശ്രീ. പി. ചിദംബരം കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനനാളിൽ പൂർണ്ണബഡ്ജറ്റല്ലാതിരുന്നിട്ടുകൂടി ഡോ. ടി. എം. തോമസ് ഐസക് എന്തെല്ലാം പൊടിക്കൈകളാണ് ഉപയോഗിച്ചത്. കേന്ദ്ര ബഡ്ജറ്റ് ഒരു പൊടിക്കൈയും പ്രയോഗിക്കാതെ യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യങ്ങളായി കണ്ട് ഇന്ത്യയുടെ വളർച്ചയ്ക്ക് സാമ്പത്തിക ഭദ്രത നിലനിർത്തുന്നതിന് സാമ്പത്തിക വളർച്ചയിലേയ്ക്ക് രാജ്യത്തെ കൊണ്ടുവരുന്നതിന് എന്താണ് ആവശ്യമെന്ന് കണ്ട് അതിനനുസരിച്ചുള്ള ഒരു ബഡ്ജറ്റാണ് കേന്ദ്ര ബഡ്ജറ്റെന്ന് എല്ലാ സാമ്പത്തിക വിദഗ്ദ്ധരും അഭിപ്രായപ്പെടുകയുണ്ടായി. ഇവിടെ രാജ്യത്തെ വളർച്ചയുടെ പാതയിലേയ്ക്ക് കൊണ്ടുവരികയാണ് വേണ്ടത്. വളർച്ചാനിരക്ക് 5.2-ലേയ്ക്ക് ഈ വർഷം വന്നിരിക്കുന്നുവെന്നത് നമ്മുടെ സ്ഥിതിയനുസരിച്ച് വളരെ കുറവാണെന്ന് തോന്നാമെങ്കിൽപ്പോലും ലോകനിലവാരത്തിൽ അതൊരു നല്ല വളർച്ചാനിരക്ക് തന്നെയാണ്. പക്ഷേ നമുക്ക് ആ വളർച്ചാനിരക്കുകൊണ്ട് തൃപ്തിപ്പെടാൻ കഴിയുകയി

ല്ല. വീണ്ടും നല്ല സാമ്പത്തിക വളർച്ചയിലേയ്ക്ക് നമ്മുടെ രാജ്യത്തെ കൊണ്ടു വരണം. അതിനെന്താണ് തകരാർ, അതിന് എന്താണ് തടസ്സങ്ങൾ? സാമ്പ ത്തിക കമ്മി വല്ലാതെ നമ്മളെ ഞെരുക്കുന്നു. ആ സാമ്പത്തിക കമ്മി കുറച്ചു കൊണ്ടുവരാതെ നമുക്ക് മുന്നോട്ടുപോകുക സാധ്യമല്ല. അതുപോലെതന്നെ നമുക്ക് മുന്നോട്ടുപോകണമെന്നുണ്ടെങ്കിൽ പ്ലാൻ എക്സ്പെൻഡിച്ചർ കുറ യ്ക്കാതെ വരുമാന വർദ്ധനവുണ്ടാക്കേണ്ടതുണ്ട്. ഈ തരത്തിൽ ക്രമാനുഗത മായി നമ്മുടെ സാമ്പത്തിക രംഗത്തെ മുന്നോട്ടുകൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങളാണ് ശ്രീ. പി. ചിദംബരം അദ്ദേഹത്തിന്റെ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിരിക്കുന്നത്. ഇവിടെ കാർഷിക മേഖലയെക്കുറിച്ച് പറയുന്നു. കേന്ദ്ര ബഡ്ജറ്റിൽ ഒന്നാം ഹരിതവിപ്ലവം അതേനിലയിൽത്തന്നെ നില നിർത്തുന്നതിനാവശ്യമായ നിർദ്ദേശമാണ് ആദ്യമുണ്ടാക്കിയത്. ഒന്നാം ഹരിത വിപ്ലവം പഞ്ചാബ്, ഹരിയാന, യു.പി. മുതലായ സംസ്ഥാനങ്ങളിലാണുണ്ടാ യത്. പക്ഷേ ഇപ്പോൾ അവിടെ ഉൽപ്പാദനം താഴേയ്ക്ക് വരുന്നു. വീണ്ടും വീണ്ടും താഴേയ്ക്ക്പോകുന്നു. ഇതിന് പരിഹാരമുണ്ടാക്കുന്നതിന് ക്രോപ് ഡൈവേഴ്സിഫിക്കേഷനുവേണ്ടി 500 കോടി രൂപ പ്രത്യേകം വകയിരുത്തുകയാണ്.

അത് ഒന്നാം ഹരിതവിപ്ലവത്തിന്റെ വളർച്ച അതേ നിലയിൽ നിലനിറു ത്തുന്നതിനുള്ള സജഷനാണ്. ഇപ്പോൾ വീണ്ടും നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റു കളിൽ രണ്ടാം ഹരിതവിപ്ലവം പൂർണ്ണമാക്കുന്നതിനുവേണ്ടി 1000 കോടി രൂപ യാണ് കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. എന്നുമാത്രമല്ല 200 കോടി രൂപ വകയിരുത്തിക്കൊണ്ട് ന്യൂട്രി ഫാംസ് എന്നു പറയുന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുകയാണ്. റീ പ്ലാന്റിംഗ് ഓഫ് കോക്കനെട്ടിനു

വേണ്ടി 75 കോടി രൂപ കേരളത്തിനും ഈ രംഗത്ത് കൊണ്ടുവരികയാണ്. കാർഷികരംഗത്ത് വളർച്ചയുണ്ടാക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ നിർദ്ദേശങ്ങൾ കേന്ദ്ര ബഡ്ജറ്റിൽ ഉണ്ടാക്കുകയാണ്. ധൈര്യപൂർവ്വം പ്രതിസന്ധികളെ മറികടക്കാനും ഭാവിയെ പ്രതീക്ഷയോടെ നോക്കിക്കാണാനും സുസ്ഥിരവികസനം സാധ്യമാക്കുന്നതിനും വേണ്ടിയാണ് കേന്ദ്ര ബഡ്ജറ്റിൽ പല നിർദ്ദേശങ്ങളുമുണ്ടാക്കിയത്. എനർജിയുണ്ടാക്കുന്നതിനും ഗ്രാമീണവികസനത്തിനുമൊക്കെ കൂടുതൽ തുക കേന്ദ്ര ബഡ്ജറ്റിൽ കണ്ടെത്തിയിരിക്കുന്നു. വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും 18000 കോടി രൂപയുടെ പുതിയ നികുതി നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിരിക്കുന്നത്. ഈ 18000 കോടി രൂപയും പണക്കാരന്റെ കൈയിൽ നിന്ന്, അവന്റെ പോക്കറ്റിൽ നിന്നാണ് എടുത്തത് എന്നതാണ് പ്രത്യേകം പറയാനുള്ളത്. ലക്ഷ്വറി കാറിന്, എസ്.യു.വി. വെഹിക്കിളിന് ടാക്സ് കൂട്ടി, 27 ശതമാനമെന്നത് 30 ശതമാനമാക്കി വർദ്ധിപ്പിച്ചു. ആരാണ് കൊടുക്കേണ്ടത്. എസ്.യു.വി. വെഹിക്കിൾ സാധാരണക്കാരന്റെ വാഹനമല്ലല്ലോ. അതുപോലെ സെക്കന്റ് ഹാന്റ് കാറുകൾ ഇംപോർട്ട് ചെയ്യുമ്പോൾ അതിന്റെ എക്സൈസ് ഡ്യൂട്ടി 100-ൽ നിന്നും 125 ശതമാനമാക്കി വർദ്ധിപ്പിക്കുകയാണ്. ഒരു കോടി രൂപയിൽ കൂടുതൽ ഇൻകംടാക്സ് കൊടുക്കുന്ന ടാക്സ്പേയേഴ്സിന് സർചാർജ് ഏർപ്പെടുത്തുകയാണ്. പണക്കാരന്റെ കൈയിൽ നിന്ന് 18000 കോടി രൂപ വരുമാനം കണ്ടെത്തിക്കൊണ്ട് വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ നിർദ്ദേശമാണ് കേന്ദ്ര ബഡ്ജറ്റിലുള്ളത്. കേരളത്തിന് സെയിൽസ്ടാക്സ് ഇനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 1303 കോടി രൂപ

യാണ് കൂടുതൽ കിട്ടാൻ പോകുന്നത്. കൊച്ചി മെട്രോയ്ക്ക് 130 കോടി രൂപ, തെങ്ങു കൃഷിക്ക് 75 കോടി രൂപ, എഫ്.എ.സി.ടി.ക്ക് 211 കോടി രൂപ, ഇടുക്കി-കുട്ടനാട് പാക്കേജിന് പ്രത്യേക പദ്ധതി, ടീ ബോർഡിന് 17 കോടി രൂപ, കോഫി ബോർഡിന് 13 കോടി രൂപ, റബ്ബർ ബോർഡിന് 167 കോടി രൂപ, വല്ലാർപാടത്തിന് 30 കോടി രൂപ, റീജിയണൽ കാൻസർ സെന്റർ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നു. കേരളത്തിന് ഒന്നും കിട്ടിയില്ലെന്ന ധ്വനിയിൽ മാണിസാർ ഉൾപ്പെടെയുള്ള ആളുകൾ കേന്ദ്ര ബഡ്ജറ്റിന്റെ അവതരണത്തിനുശേഷം അഭിപ്രായം പറഞ്ഞത് ഈ നിർദ്ദേശങ്ങൾ കാണാതെയാണ് എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. യഥാർത്ഥത്തിൽ ഡോ. ടി.എം. തോമസ് ഐസക് ഈ ബഡ്ജറ്റിനെ എതിർക്കാൻ ബാധ്യതപ്പെട്ടയാളാണ്. അദ്ദേഹത്തിന് എതിർത്തേ പറ്റൂ. പക്ഷേ, യാഥാർത്ഥ്യങ്ങൾ യാഥാർത്ഥ്യങ്ങളായി കാണാതെ മുന്നോട്ടുപോകാൻ സാധ്യമല്ല. അതിന്റെ അടിസ്ഥാനത്തിൽത്തന്നെയാണ് സംസ്ഥാന ബഡ്ജറ്റും ശ്രീ. കെ. എം. മാണി അവതരിപ്പിച്ചിരിക്കുന്നത്. നമുക്ക് ധനക്കമ്മി കുറച്ചുകൊണ്ടുവരണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരം വിട്ടുപോകുമ്പോൾ 3.6 ശതമാനമായിരുന്നു ധനക്കമ്മി. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരം വിട്ടുപോകുമ്പോൾ എസ്.ഡി.പി.യുടെ 4.19 ശതമാനമായി ധനക്കമ്മി വർദ്ധിച്ചു. ധനക്കമ്മി വർദ്ധിപ്പിച്ചതിനുശേഷമാണ് അവർ അധികാരമൊഴിഞ്ഞത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരമേറ്റതിനുശേഷം ധനക്കമ്മി കുറച്ചുകൊണ്ടുവരുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമുണ്ടാകുന്നുണ്ട്. ഈ ഗവൺമെന്റ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിലും അതിനുവേണ്ടിയുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 88887 കോടി രൂപയുടെ കടബാധ്യത അതായത്

എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചുവർഷം കൊണ്ട് 93 ശതമാനം കടം വർദ്ധിച്ചിരിക്കുന്നു.

ശ്രീ. സാജു പോൾ: സർ, പോയിന്റ് ഓഫ് ഓർഡർ, റൂൾ 287, ബഹുമാന്യനായ കെ. ശിവദാസൻ നായർ പ്രമുഖനായ ഒരു സഹകാരി കൂടിയാണ്. ബഹുമാനപ്പെട്ട മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ചയാണിത്. പക്ഷേ അദ്ദേഹം സംസാരിച്ചതു മുഴുവൻ കേന്ദ്ര ധനകാര്യമന്ത്രി ശ്രീ. പി. ചിദംബരം ഇൻഡ്യൻ പാർലമെന്റിൽ അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ചാണ്. മാത്രവുമല്ല ഇന്ന് പ്രകാശ്ബക്ഷി കമ്മിറ്റിക്കെതിരെ കേരളത്തിലെ മുഴുവൻ സഹകരണ ജീവനക്കാരും നിയമസഭയിലേയ്ക്ക് മാർച്ച് നടത്തി. ആ മാർച്ചിനെക്കുറിച്ച് ഒരക്ഷരവും പറയാതെ ഇവിടെ ബഹുമാന്യനായ ശിവദാസൻ നായർ സംസാരിക്കുന്നത് ഓർഡറിലാണോ?

മി. ചെയർമാൻ: ശ്രീ. സാജുപോൾ പ്ലീസ് കൺക്ലൂഡ്, അതിൽ പോയിന്റൊന്നുമില്ല. No.....No..... please sit there. You are talking different subject.

ശ്രീ. കെ. ശിവദാസൻ നായർ: സർ, സംസ്ഥാന ബഡ്ജറ്റിനെക്കുറിച്ചുള്ള ഗൗരവമായ ചർച്ചയാണ് ഇവിടെ നടക്കുന്നത്. സാജുപോളിനെന്താണ് ഇതിനകത്ത് കാര്യം. പൂച്ചയ്ക്ക് പൊന്നുരുക്കുന്നയിടത്ത് വല്ല കാര്യവുമുണ്ടോ?

മി. ചെയർമാൻ: ഒരു കാര്യവുമില്ല.

ശ്രീ. കെ. ശിവദാസൻ നായർ: സംസ്ഥാന ബഡ്ജറ്റിനെ സംബന്ധിച്ച് എന്താണ് സംസ്ഥാനത്തെ പത്രമാധ്യമങ്ങൾ എഡിറ്റോറിയലുകൾ എഴുതിയത്. മാതൃഭൂമിയുടെ എഡിറ്റോറിയലിന്റെ ഹെഡ്ഡിംഗ് 'നാളേയ്ക്കുള്ള നിക്ഷേപം'

എന്നാണ്. മംഗളം 'വളരാനുള്ള വഴികാട്ടി' എന്നും മലയാള മനോരമ 'ക്ഷേമം വിടാതെ വികസനം' എന്നും മാധ്യമം 'ജനദ്രോഹമല്ലാത്ത ബഡ്ജറ്റ്' എന്നുമാണ് എഴുതിയത്. ദീപിക എഴുതിയത് 'ഇന്നിനെ കണ്ടും നാളെയെ പ്രതീക്ഷയോടെ നോക്കിയും' എന്നാണ്. എല്ലാ മാധ്യമങ്ങളുടെയും റിപ്പോർട്ടാണ് ഞാൻ സൂചിപ്പിച്ചത്. .... വീക്ഷണത്തിന്റെ കാര്യം ഞാൻ എന്തിനാണ് പറയുന്നത്. വീക്ഷണത്തിൽ ഇതിനേക്കാൾ നല്ല രീതിയിലാണ് ബഡ്ജറ്റിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. അതിൽ സംശയമില്ല. ഇവിടെ നമ്മൾ മനസ്സിലാക്കേണ്ടത്, ക്ഷേമപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുകയും എന്നാൽ അനാവശ്യമായ ധൂർത്ത് കാണിക്കാതെ വരുമാനം വർദ്ധിപ്പിച്ച് ധനക്കമ്മി കുറച്ച് സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഉതകുന്ന തരത്തിലുള്ളതുമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ആസ്തി വികസന ഫണ്ടിനെ സംബന്ധിച്ചാണ് ഇവിടെ എല്ലാവരും പറയുന്നത്. ആസ്തി വികസന ഫണ്ട് ഏർപ്പെടുത്തിയതിന്റെ പ്രയോജനം എല്ലാവരുടേയും നിയോജകമണ്ഡലത്തിൽ കിട്ടിയതാണ്. എ.എസ്. കിട്ടിക്കൊണ്ടിരിക്കുന്നു. ..... അതിനുവേണ്ടി ജോലി ചെയ്യാത്തതുകൊണ്ട് ശ്രീ. സി. ദിവാകരന്റെ നിയോജകമണ്ഡലത്തിൽ കിട്ടാത്തത്. എല്ലാവർക്കും കിട്ടുന്നുണ്ട്. അതിന്റെ ഫ്ളക്സ് ബോർഡുകൾ പലയിടത്തും കാണുകയും ചെയ്യുന്നു. ഒരു വാക്കെങ്കിലും അതിനെക്കുറിച്ച് നല്ല അഭിപ്രായം, ഒരു അഭിനന്ദനം പറഞ്ഞതിനുശേഷം വീണ്ടുമത് വേണമെന്ന് പറയൂ. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഞ്ചുവർഷം കൊണ്ട് 5 കോടി രൂപ കിട്ടിയിട്ടില്ലല്ലോ. എന്റെ സുഹൃത്ത് ശ്രീ. രാജു എബ്രഹാം ഇന്നലെ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. മറ്റു ചിലയാളുകളും പറഞ്ഞു. ചിലയാളുകൾ ഫ്ളക്സ്

ബോർഡ് വയ്ക്കുന്നു, അതിനകത്ത് എം.എൽ.എ.മാരുടെ ബോർഡില്ല എന്നൊക്കെ പറയുന്നു. അവരവരുടെ നിയോജകമണ്ഡലങ്ങളിൽ ചിലയാളുകൾ വയ്ക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ആസ്തി നിർമ്മാണ ഫണ്ട് വേണമെന്നു പറയുന്നതു തന്നെ അത് നല്ലതാണ് എന്നുള്ള സമ്മതിക്കലാണ്. എനിക്ക് ബഹുമാനപ്പെട്ട മെമ്പറോട് പറയാനുള്ളത്, ഈ വർഷം അത് തുടരുന്നതിനുള്ള പണം ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. അതുകൊണ്ട് ധനമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ അത് ഈ വർഷവും തുടരണം എന്ന് അങ്ങ് ആവശ്യപ്പെടുമോ?

ശ്രീ. കെ. ശിവദാസൻ നായർ: അതിനെ സംബന്ധിച്ച് വളരെ വ്യക്തമായ മറുപടി മാണിസാർ പറയും. പക്ഷേ, അത് നല്ലതാണ് എന്ന് പരോക്ഷമായിട്ടെങ്കിലും അങ്ങ് ഇപ്പോൾ പറഞ്ഞല്ലോ. എന്നിട്ടും ഡയറക്ടായി പറഞ്ഞില്ല. ഞങ്ങളത് വേണമെന്ന് ആവശ്യപ്പെടുന്നത് ഇത് നല്ലതാണ് എന്നതുകൊണ്ടാണ് എന്ന് ഇൻഡയറക്ടായിട്ടാണ് ഇപ്പോഴും അങ്ങ് അതിനെക്കുറിച്ച് സൂചിപ്പിച്ചത്. ഞാൻ പറഞ്ഞുവന്നത് അതല്ല. ഇവിടെ ഇന്നലെ ഫ്ളക്സ് ബോർഡിനെ സംബന്ധിച്ച് വലിയ തർക്കമായിരുന്നു. ശ്രീ. രാജു എബ്രഹാം, എന്റെ നിയോജകമണ്ഡലം അങ്ങയുടെ നിയോജകമണ്ഡലത്തിന് തൊട്ടടുത്താണ്. ഇരവിപേരൂർ പഞ്ചായത്തിൽ പി.ഡബ്ല്യൂ.ഡി. റോഡ് ചെയ്തുകഴിഞ്ഞാൽ ഉടനെ പി.ഡബ്ല്യൂ.ഡി. റോഡിന് 23 ലക്ഷം അനുവദിച്ച പഞ്ചായത്ത് പ്രസിഡണ്ടിന് അഭിവാദ്യങ്ങൾ - ഡി.വൈ.എഫ്.ഐ. എന്ന ഫ്ളക്സ് ബോർഡാണ്. അവിടം കൊണ്ടും തീർന്നില്ല. ഡി.വൈ.എഫ്.ഐ.ക്കാരും പഞ്ചായത്ത് പ്രസിഡന്റുംകൂടി അവിടെ ഒരു കല്ലിടുകയാണ്. എത്രയോ പി.ഡബ്ല്യൂ.ഡി. റോഡുകൾ ചെയ്യുന്നു. അവിടെ ആരെങ്കിലും ഉദ്ഘാടനമഹാമഹം

നടത്താറുണ്ടോ? ഞാൻ നടത്താറില്ല. പക്ഷേ, അവിടെയും ഇതൊക്കെ നടത്തുന്ന ആളുകളുടെ പ്രതിനിധികൾ ഇവിടെ വന്നുനിന്ന് ഫ്ളക്സ് ബോർഡ് എന്റെ നിയോജകമണ്ഡലത്തിൽ ആരോ മന്ത്രിയുടെ ഫോട്ടോയും ചേർത്ത് വച്ചു എന്ന് പറയുന്നതിനകത്ത് എന്താണർത്ഥം എന്ന് എനിക്ക് മനസ്സിലാകുന്നില്ല. പിന്നെ, കോൺസ്റ്റിറ്റ്യൂവൻസി വൈസ് ആഡിറ്റ് വേണം.....

<u>ശ്രീ. രാജു എബ്രഹാം</u>: അങ്ങ് പറഞ്ഞ കാര്യം പ്രധാനമായി സൂചിപ്പിച്ചത് ശ്രീമതി കെ. കെ. ലതികയാണ്. അത് എന്താണെന്നു ചോദിച്ചാൽ എം. എൽ.എ.മാർ അറിയാതെ ആ നിയോജകമണ്ഡലങ്ങളിൽ പദ്ധതികൾ വരുന്നു, റോഡുകളും മറ്റും വരുന്നു. നിയമസഭയെ പ്രതിനിധീകരിക്കാൻ ജനങ്ങൾ പറഞ്ഞുവിട്ടിട്ടുള്ള എം.എൽ.എ.മാർക്ക് അവിടെ യാതൊരു റോളുമില്ല. പ്രാദേശികമായ ഏതെങ്കിലും നേതാക്കൻമാർ അവരുടെ പടങ്ങൾ അവിടെ ഫ്ളക്സായി വയ്ക്കുന്നു. അതാണ് ഇവിടെ പ്രധാനമായി സൂചിപ്പിച്ചത്. എം. എൽ.എ.മാർ അറിയണം അതാണ് പ്രധാനപ്പെട്ട പ്രശ്നം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: എത്ര ബോർഡുകൾ അങ്ങയുടെ പാർട്ടിക്കാർ വച്ചിട്ടുണ്ടെന്ന് ഇരവിപേരൂർ പഞ്ചായത്തിലേയ്ക്ക് വന്നു നോക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച റോഡുകളെ സംബന്ധിച്ചാണ് ആ പഞ്ചായത്തിൽ ഡി.വൈ.എഫ്.ഐ.ക്കാർ ബോർഡ് വച്ചിരിക്കുന്നത്. അങ്ങ് ഇത് മനസ്സിലാക്കണമെന്നാണ് ഞാൻ പറഞ്ഞത്. എനിക്ക് ശ്രീ. മാത്യു ടി. തോമസ് കഴിഞ്ഞ പ്രാവശ്യം ആകെ ഒരു ഓർഡിനറി ബസ്സാണ് അനുവദിച്ചത്. ആ ഓർഡിനറി ബസ്സിന്റെ ഉദ്ഘാടനത്തിനുമുമ്പിൽ മൈക്കും വച്ചു കെട്ടി ഇടതുമുന്നണി ഗവൺമെന്റ് അനുവദിച്ച ബസ് ഇതാ പുറകേ വരുന്നേ എന്ന് പറഞ്ഞ് പോയ ആളുകളാണ്. അതുകൊണ്ട് അത്തരത്തിലുള്ള കാര്യങ്ങൾ നമ്മൾ പറയാതിരിക്കുകയല്ലേ നല്ലത്. നാട്ടിൽ പല കാര്യങ്ങളും

നടക്കും. കോൺസ്റ്റിറ്റ്യൂവൻസി വൈസ് ആയി ആഡിറ്റ്, ഞാൻ ചോദിക്കട്ടെ, പത്തനംതിട്ടയിലും തിരുവല്ലയിലും കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് ഒരുമിച്ച് നടപ്പിലാക്കുമെന്ന് എന്നെക്കൂടി വിളിച്ച് ശ്രീ. മാത്യു ടി. തോമസ് പത്രസമ്മേളനം നടത്തിയതാണ്. രണ്ടിനും ഒരുപോലെ പ്ലാൻ തയ്യാറാക്കി, രണ്ടിനും അനുമതി കിട്ടി. എന്തുകൊണ്ടാണ് തിരുവല്ലയിൽ മാത്രം തുടങ്ങുകയും പത്തനംതിട്ടയ്ക്ക് പണമില്ലാതാകുകയും ചെയ്തത് എന്ന് ആഡിറ്റ് നടത്തണമെന്ന് പറയുന്ന ശ്രീ. മാത്യു ടി. തോമസ് ഒന്നു വ്യക്തമാക്കുമോ? ഇപ്പോൾ മാത്രം ആഡിറ്റിംഗ് വേണമെന്നൊക്കെ പറയുമ്പോൾ എന്തായിരുന്നു കഴിഞ്ഞ അഞ്ചു വർഷക്കാലം നടത്തിയിരുന്നത് എന്ന് ഒന്ന് ആലോചിക്കുന്നത് നന്നായിരിക്കും എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ഫ്ളെക്സ് വയ്ക്കുന്നതിനെ സംബന്ധിച്ചാണ് പറയുന്നത്. എം.എൽ.എ.മാർ വഴി മാത്രമേ സംസ്ഥാന ബഡ്ജറ്റിലെ നിർദ്ദേശങ്ങളും, ഇവിടെ പറയുന്നതിനുപുറമെയുള്ള വികസന പ്രവർത്തനങ്ങളും മണ്ഡലങ്ങളിൽ നടപ്പാക്കാൻ സാധിക്കൂ. അങ്ങനെ വരുമ്പോൾ എം.എൽ.എ.മാർ അല്ലാത്ത ആളുകൾ ഇത് അനുവദിപ്പിച്ചു എന്നുപറഞ്ഞ് ഫ്ളെക്സ് വയ്ക്കുന്ന രീതി ശരിയല്ല. അങ്ങയുടെ മണ്ഡലത്തിൽ അങ്ങനെ നടന്നിട്ടുണ്ടെങ്കിൽ അത് തെറ്റാണ്. അങ്ങ് പറഞ്ഞത് ശരിയാണ്. അങ്ങയോട് ചെയ്തത് തെറ്റാണ്. ഞങ്ങളാരും അങ്ങനെ ചെയ്യാറില്ല. അത് അവിടെയുള്ള ആളുകളുടെ തെറ്റാണ്. ഇതാണ് ഞങ്ങളുടെ സമീപനം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, ശ്രീ. ജി. സുധാകരൻ പറഞ്ഞ സമീപനം തന്നെയാണ് എന്റെ സമീപനവും. അതാണ് ശരിയായ സമീപനം. അക്കാര്യത്തിൽ എനിക്ക് സംശയമൊന്നുമില്ല. പക്ഷേ, ഒരാളിന്റെ സമീപനത്തെസംബന്ധിച്ച് കുറ്റം പറയുമ്പോൾ മറ്റുള്ളവരുടേതും കൂടി

ആലോചിക്കണമെന്നുമാത്രമേയുള്ളൂ. ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു നികുതി നിർദ്ദേശം കെ.എം. മാണിസാർ കൊണ്ടുവന്നു. അതായത്, വാങ്ങിയ ഭൂമി മൂന്നുമാസത്തിനുള്ളിൽ മറിച്ചുവിറ്റാൽ ഇരട്ടി സ്റ്റാമ്പ് ഡ്യൂട്ടി നൽകേണ്ടി വരും. ഇവിടെ വസ്തുക്കച്ചവടക്കാർ വാങ്ങുകയും കൊടുക്കുകയുമാണ് ചെയ്യുന്നത്. അവരാണ് വസ്തുവിന് വില കൂട്ടുന്നത്. കൊള്ളയാണ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്. ആ കൊള്ളക്കാരുടെ കയ്യിൽനിന്നും പണം വാങ്ങിക്കുന്നതിനുള്ള വളരെ നല്ല ഒരു നിർദ്ദേശമാണ് ഇവിടെ വച്ചിരിക്കുന്നത് എന്നാണ് ഇക്കാര്യത്തിൽ പറയാനുള്ളത്. ഇവിടെ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ വളർച്ചയിലേക്ക് നയിക്കുന്നതിനു വേണ്ടിയിട്ടുള്ള മാണിസാറിന്റെ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, വോട്ടെടുപ്പിനുമുമ്പുതന്നെ ഭൂരിപക്ഷം നഷ്ടപ്പെട്ട ഒരു ബഡ്ജറ്റിന്റെ അവസാന നടപടിക്രമങ്ങളിലേക്കാണ് നമ്മുടെ സഭ കടന്നിരിക്കുന്നത്. മൂന്നു പേരുടെ ഭൂരിപക്ഷമാണ് ഈ മന്ത്രിസഭയ്ക്കുള്ളത്. എന്നാൽ മന്ത്രിസഭയിലെ ഒരംഗമായ ശ്രീ. ആര്യാടൻ മുഹമ്മദ് ഉൾപ്പെടെ നാല് ഭരണകക്ഷിയംഗങ്ങൾ ഈ ബഡ്ജറ്റിനെ പരസ്യമായി അപലപിച്ചിരിക്കുന്നു. ഈ ബഡ്ജറ്റിനെ മുക്തകണ്ഠമായി പ്രശംസിച്ചുകൊണ്ട് എന്റെ അയൽസീറ്റുകാരനായ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ അര മണിക്കൂറില ധികം ശക്തിയായി സംസാരിച്ചു. അദ്ദേഹത്തിന് വർഷത്തിൽ ഒരു ദിവസം കിട്ടുന്ന അവസരമാണ്. ശരിക്കുമദ്ദേഹം സ്തോത്രം സ്തോത്രം എന്ന് നീട്ടിപ്പാടിയിട്ടില്ലെന്നേയുള്ളൂ. നിയമസഭാ അംഗത്തിന്റെ സുവർണ്ണ ജൂബിലി

രണ്ടുവർഷത്തിനകം ആഘോഷിക്കുകയാണ് ശ്രീ. കെ.എം. മാണി എന്ന് ശ്രീ. എൻ. ശക്തൻ പറഞ്ഞു. നിയമസഭയിൽ അർധസെഞ്ച്വറിയും പതിനൊന്നാമത്തേയോ പന്ത്രണ്ടാമത്തേയോ ബഡ്ജറ്റ് അവതരണവും. അങ്ങനെ മാണി സർവ്വകാല റിക്കാർഡ് സ്ഥാപിക്കുന്നതിലാണ് ശ്രീ ശക്തന്റെ ആനന്ദം. ഈ നിയമസഭാമന്ദിരത്തിൽ നിന്ന് ഇറങ്ങിയപ്പോൾ റോഡുകൾ മറയ്ക്കുംവിധം ശ്രീ. കെ.എം. മാണിയുടെ കൂറ്റൻ കട്ടൗട്ടുകൾ നിറഞ്ഞിരുന്നു, '48 splendid years' എന്ന തലവാചകവും. എന്റെ സുഹൃത്ത് ശ്രീ. കെ. എം. മാണി ബഡ്ജറ്റ് കണ്ടുപിടിച്ച ആളാണെന്ന് അവകാശപ്പെട്ടിട്ടില്ല, അത്രയും ആശ്വാസം. 1967-ൽ ഞാൻ ആദ്യമായി നിയമസഭയിൽ എത്തിയ വർഷമാണ് ശ്രീ. കെ. എം. മാണിയും നിയമസഭയിൽ എത്തിയത്. 1965-ൽ ശ്രീ. മാണി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. പക്ഷേ, ആർക്കും ഭൂരിപക്ഷം ഇല്ലാത്തതിനാൽ അന്ന് സഭ രൂപീകരിക്കുകപോലും ചെയ്തില്ല. മെമ്പർമാർ ആരും അത്തവണ സത്യപ്രതിജ്ഞ ചെയ്തില്ല. അപ്പോൾ ശ്രീ. മാണിയുടെ 48 years splendid years, 45 years മാത്രമേ ആയുള്ളൂ. എന്റെ സുഹൃത്തായ ശ്രീ. കെ.എം. മാണിയെ ഇകഴ്ത്തിപ്പറയുകയല്ല. മേൽപ്പറഞ്ഞ അവകാശവാദത്തെ പോലെയും ആത്മപ്രശംസപോലെയുമാണ് അദ്ദേഹത്തിന്റെ ബഡ്ജറ്റ് എന്ന് ചൂണ്ടിക്കാണിക്കുക മാത്രമാണ് ചെയ്യുന്നത്. ബഡ്ജറ്റിന്റെ ഇഴ കീറി പരിശോധിച്ചുകൊണ്ട് അതിന്റെ പൊള്ളത്തരം എന്റെ സഹപ്രവർത്തകരിവിടെ ചൂണ്ടിക്കാട്ടുകയുണ്ടായി. അതുകൊണ്ട് ഞാൻ വിശദാംശങ്ങളിലേക്ക് അധികം കടക്കുന്നില്ല. ഈ ബഡ്ജറ്റ് മിസ്റ്റർ മാണി അവതരിപ്പിച്ച ഉടനെ ഞാൻ നടത്തിയ പ്രതികരണത്തിൽ, ഒരു കാര്യത്തിൽ ഞാൻ മന്ത്രിയെ

അഭിനന്ദിക്കുകയുണ്ടായി. തൊഴിലുറപ്പുപദ്ധതിയിൽ ജോലി ചെയ്യുന്നവർക്ക് പെൻഷൻ ഏർപ്പെടുത്തിയതിനെയാണ് ഞാൻ സ്വാഗതം ചെയ്യുന്നത്. അത് മുൻകൂർ പ്രാബല്യത്തോടുകൂടി ഇതിനാൽ പിൻവലിച്ചിരിക്കുന്നു. കാരണം, വമ്പിച്ച ഒരു ചതിയാണ് അതിൽ അന്തർലീനമായിരിക്കുന്നത്. സീസണു കളിൽമാത്രം ജോലിയുള്ള കർഷകത്തൊഴിലാളികളാണ് ഇന്ന് തൊഴിലുറപ്പ് പദ്ധതിയിൽ അണിനിരന്നിരിക്കുന്നത്. കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നിലവിലുള്ളതാണ്. ഒരാൾക്ക് രണ്ട് പെൻഷൻ കിട്ടില്ല. തൊഴിലുറപ്പ് പദ്ധതി യിൽ ജോലി ചെയ്യുന്നവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഇപ്പോൾ സർക്കാർ തുക പുതിയ പെൻഷൻ ഫണ്ടിലേക്ക് കൊടുക്കും. കേവലം 184 രൂപ കൂലിയായി നൽകുന്നതിൽനിന്നും ഒരു വിഹിതവും പെൻഷൻ ഫണ്ടി ലേക്ക് പിടിക്കും. അതായത് ഭാവിയിൽ കർഷകത്തൊഴിലാളി പെൻഷനും പങ്കാളിത്ത പെൻഷൻ പദ്ധതി ആക്കുന്നതിന്റെ നിഗൂഢതയുടെ തുടക്കമാണത്. മറ്റൊന്ന്, 100 ദിവസം ജോലി ചെയ്ത തൊഴിലുറപ്പ് തൊഴിലാളികൾക്കാണ് പെൻഷൻ പദ്ധതിയിൽ അംഗത്വം കിട്ടുന്നത്. 100 ദിവസം പോയിട്ട് 50 ദിവസംപോലും പണി കിട്ടാത്തവരാണ് തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഭൂരിപക്ഷം പേരും. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചുവെന്ന് അപ്പുറത്തെ ചില സുഹൃത്തുക്കൾ വലിയ കാര്യമായി പറയുന്നത് കേട്ടു. പെൻഷൻ വർദ്ധിപ്പിക്കുന്നത് സ്വാഗതാർഹംതന്നെയാണ്. എന്നാൽ കടുത്ത വിലക്കയറ്റത്തിന്റെ ഭാരം കയറ്റിവച്ചിട്ട് ഒന്നു വീശി ക്കൊടുത്തതിനുശേഷം ആശ്വാസമായില്ലേ എന്ന് ചോദിക്കുന്നതുപോലെ യാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബസ്ചാർജും വൈദ്യുതി ചാർജും രണ്ടുതവണ വർദ്ധിപ്പിച്ചു. നിത്യോപയോഗ സാധനങ്ങ

ളുടെ വില വാണംപോലെ കുതിച്ചുയരുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് ക്ഷേമ പെൻഷനുകൾ 400 രൂപയായി വർദ്ധിപ്പിച്ചെങ്കിൽ അന്നത്തേതിന്റെ രണ്ടു മടങ്ങാണ് ഇപ്പോഴുള്ള ജീവിത ചെലവ്. എന്നിട്ടാണ് 100 രൂപ വർദ്ധിപ്പിച്ചത്. മാത്രമല്ല കയർത്തൊഴിലാളികളോട് ഈ ഗവൺമെന്റ് പ്രത്യേക വൈരാഗ്യം കാണിച്ചിരിക്കുന്നു. മറ്റെല്ലാ ക്ഷേമ പെൻഷനുകളും 500 രൂപ ആക്കിയപ്പോൾ അഗതി പെൻഷനേക്കാൾ വളരെ കുറഞ്ഞ തുകയായ കേവലം 400 രൂപയാണ് കയർത്തൊഴിലാളി പെൻഷനുവേണ്ടി മാറ്റിവച്ചത്. മിസ്റ്റർ മാണി ഈ അവസാന നിമിഷത്തിലെങ്കിലും ആ തെറ്റ് തിരുത്തുമെന്ന് കരുതുന്നു. വികലാംഗ പെൻഷൻ 700 രൂപയായി വർദ്ധിപ്പിച്ചു. ആ തോതിൽ കർഷകത്തൊഴിലാളി പെൻഷനും കയർ തൊഴിലാളി പെൻഷനും ഈ വർഷംതന്നെ വർദ്ധിപ്പിക്കണം. മറുപടി പ്രസംഗത്തിൽ അതും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. 9 ശതമാനം വളർച്ചാ നിരക്കിനെക്കുറിച്ച് മേനി പറഞ്ഞിട്ട് കാര്യമില്ല.

കൃഷിക്കാരെ കാർഷിക രംഗത്ത് ഉറപ്പിച്ചുനിർത്താൻ എന്തെങ്കിലും പദ്ധതി നിർദ്ദേശിക്കാൻ കഴിഞ്ഞോ; ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് ഏറ്റവും ഉദാരമായ രീതിയിൽ സബ്സിഡി നൽകണമെന്ന് വികസിത രാജ്യങ്ങളുൾപ്പെടെ നിലപാട് സ്വീകരിക്കുമ്പോൾ ഇവിടെ കയ്യുംകെട്ടി നോക്കിനില്ക്കുകയാണ്. കാർഷിക മേഖലയ്ക്ക് ഊന്നൽ നല്കുന്ന ബഡ്ജറ്റാണെന്ന അവകാശവാദം അപഹാസ്യമാണ്. വ്യക്തികളെ കാർഷികാദായ നികുതി നൽകുന്നതിൽനിന്നും ഒഴിവാക്കി എന്നതാണോ നിങ്ങളുടെ അവകാശവാദം? കഴിഞ്ഞ ബഡ്ജറ്റിൽ തോട്ടഭൂമിയുടെ 5%

മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാമെന്ന് സമ്മതിച്ച് ആനുകൂല്യം ലഭ്യമാക്കിയ അതേ വൻകിട കാർഷിക മുതലാളിമാർക്ക് ശ്രീ. കെ.എം. മാണി വീണ്ടും സഹായം നല്കിയിരിക്കുന്നത്. വാറ്റ് നുകുതി 1% വർദ്ധിപ്പിച്ച് 750 കോടിയോളം രൂപയുടെ അധികഭാരം പാവങ്ങൾക്കുമേൽ കെട്ടിവയ്ക്കുന്ന ശ്രീ. കെ.എം. മാണി പണക്കാർക്ക് ആനുകൂല്യങ്ങൾ നല്കാൻ ആ പണം ഉപയോഗിക്കുകയാണ്. അധ്വാനവർഗ്ഗ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവാണല്ലോ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി. ആ സിദ്ധാന്തം ലോകമെങ്ങും പ്രചരിപ്പിക്കുവാൻ ബിലാത്തിയിലും മാഞ്ചസ്റ്ററിലുമെല്ലാം പോയി പ്രസംഗിച്ചു വന്നതാണല്ലോ അദ്ദേഹം. പക്ഷെ ഞങ്ങൾ proletariat-നെയാണ് അധ്വാനവർഗ്ഗമായി പറയുന്നത്. ശ്രീ. കെ.എം.മാണിയുടെ അധ്വാനവർഗ്ഗം വൻകിട ബൂർഷ്വാസികളാണെന്ന് ഈ ബഡ്ജറ്റ് തെളിയിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒന്നിനും നികുതി കുറച്ചിട്ടില്ല എന്നുഞാൻ പറയില്ല. അദ്ദേഹം മലരിന് വില കുറച്ചിരിക്കുന്നു. ഒരു വലിയ കുട്ടയിൽ വാഗ്ദാനങ്ങളുടെ മലർപ്പൊടിയുമായി അദ്ദേഹം വന്നിരിക്കുന്നു. മൂന്നാമത്തെ ബഡ്ജറ്റാണല്ലോ ഇത്. ആദ്യത്തെ രണ്ട് ബഡ്ജറ്റിലും പ്രഖ്യാപിച്ച പദ്ധതികളിൽ 25% പോലും നടപ്പിലാക്കിയിട്ടില്ല. വയനാട്ടിലും ഇടുക്കിയിലും വിമാനത്താവളം, എല്ലാ ജില്ലകളിലും വിമാനമിറങ്ങാൻ എയർസ്ട്രിപ്പ്, മെഡിക്കൽ കോളേജുകളില്ലാത്ത ജില്ലകളിലെല്ലാം മെഡിക്കൽ കോളേജ്, ഹൈടെക്ക് ഫാം, ഗ്രീൻഹൗസ്, 1200 മെഗാവാട്ട് വൈദ്യുതി - എവിടെപ്പോയി ഇതെല്ലാം? കഴിഞ്ഞ വർഷം പറഞ്ഞതുതന്നെ ഈ വർഷവും പ്രഖ്യാപിക്കുന്നു. പണം കണ്ടെത്താൻ ഒരു വിഷമവുമില്ല. കാരണം നടപ്പുവർഷം ചെലവ് പൂജ്യം. എസ്.കെ. പൊറ്റക്കാടിന്റെ ജന്മശതാബ്ദിയാണല്ലോ ഇപ്പോൾ.

അദ്ദേഹത്തിന്റെ പ്രശസ്ത കഥാപാത്രത്തിന്റെ ചെലവുപുസ്തകം പോലെയാണ് ശ്രീ. കെ.എം. മാണിയുടെ ബഡ്ജറ്റിലെ ചെലവിന്റെ കാര്യം. എസ്. കെ. പൊറ്റക്കാടിന്റെ കഥാപാത്രമായ ഓമഞ്ചിയുടെ ഡയറിയിൽ കാണുന്നത്, ചായകുടി-അര അണ, മുറുക്കാൻ- കാലണ, വ്യായാമം = പൂജ്യം എന്നും മറ്റുമാണ്. എന്റെ സുഹൃത്ത് ശ്രീ. ആര്യാടൻ മുഹമ്മദ് ആവശ്യപ്പെട്ടതുപോലെ കെ.എസ്.ആർ.ടി.സി.യും കെ.എസ്.ഇ.ബി.യുമുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഒരുതരത്തിലും സഹായിക്കാത്തതും അവയെ തകർച്ചയിലേക്ക് നയിക്കുന്നതുമായ ബഡ്ജറ്റാണിത്. കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി കേന്ദ്രസർക്കാരിന്റെ സൃഷ്ടിയാണ്. സ്വകാര്യ ബസ്സിനേക്കാൾ ലിറ്ററിന് 14 രൂപ അധികം കൊടുത്താലേ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഡീസൽ നൽകൂ എന്നത് കേന്ദ്ര നയമാണ്. ഇക്കാരണംകൊണ്ട് പ്രതിമാസം 20 കോടിരൂപ അധികച്ചെലവ് വരുന്നു. മദ്രാസ് ഹൈക്കോടതിയെ സമീപിച്ച് തമിഴ്നാട് സർക്കാർ സ്റ്റേ നേടി. സ്റ്റേ ലഭിക്കുന്നതുവരെ തമിഴ്നാട് സർക്കാർ സ്വകാര്യ പമ്പുകളെ ആശ്രയിച്ച് അധികച്ചെലവിൽനിന്നും രക്ഷപ്പെട്ടു. മറ്റ് സംസ്ഥാനങ്ങളെല്ലാം തമിഴ്നാടിന്റെ പാത പിന്തുടർന്നു. പക്ഷെ കേന്ദ്രഗവൺമെന്റിന്റെ പൊതുമേഖലാ വിരുദ്ധനയത്തിന് 'ഹാലേലൂയ' പാടുന്ന നിങ്ങൾ അധിക വില കൊടുത്ത് കെ.എസ്.ആർ. ടി.സി.-യെ വീണ്ടും തകർച്ചയിലേക്ക് തള്ളിയിട്ടു. കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കാൻ 1000 കോടിരൂപയുടെ പാക്കേജെങ്കിലും വേണ്ടിടത്ത് കേവലം 100 കോടിരൂപയാണ് ശ്രീ. കെ. എം. മാണി നീക്കിവച്ചത്. അതുപോലെ വ്യവസായ - ഐ.ടി മേഖലകളുടെ വികസനത്തിനുവേണ്ടിയും ആവശ്യമായ പണം നീക്കിവയ്ക്കാൻ തയ്യാറായിട്ടില്ല. അങ്ങനെ

മൊത്തത്തിൽ വളർച്ചയിലേക്കുള്ള ഊന്നലല്ല, തകർച്ചയിലേക്ക് നയിക്കുന്ന നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. ശ്രീ. കെ.എം. മാണി തന്നെ മുൻകയ്യെടുത്ത് അദ്ദേഹത്തിന്റെ പേരിൽ ഒരു ബഡ്ജറ്റ് സ്റ്റഡി സെന്റർ കൊച്ചി സർവ്വകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്. കെ.എം. മാണി സെന്റർ ഫോർ ബഡ്ജറ്റ് സ്റ്റഡീസ് - അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് ബഹുമാനപ്പെട്ട ഉപരാഷ്ട്രപതിയാണ്. ഞാനും ആ ചടങ്ങിൽ സംബന്ധിക്കുകയുണ്ടായി. ബഡ്ജറ്റുകളെക്കുറിച്ചുള്ള താരതമ്യ പഠനവും ഗവേഷണങ്ങളുമാണ് കെ.എം. മാണി ബഡ്ജറ്റ് സ്റ്റഡീസിൽ നടക്കുന്നത്. രണ്ടാം ഉമ്മൻ ചാണ്ടി മന്ത്രിസഭയ്ക്കുവേണ്ടി ശ്രീ. കെ.എം.മാണി അവതരിപ്പിച്ച ബഡ്ജറ്റുകൾതന്നെ അവിടെ ആദ്യം താരതമ്യത്തിനും ഗവേഷണത്തിനും വിധേയമാക്കട്ടെ. ബഡ്ജറ്റ് നിർദ്ദേശങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിലുള്ള പൊരുത്തക്കേടും വൈരുദ്ധ്യങ്ങളും മനസ്സിലാക്കാൻ ഒരു പഠന സാമഗ്രി വേണമല്ലോ. ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള പൊടിക്കൈകളെക്കുറിച്ച് പഠിതാക്കൾക്ക് നന്നായി മനസ്സിലാക്കാൻ ഇതിലൂടെ കഴിയും. എന്റെ സുഹൃത്തായ ശ്രീ. കെ.എം. മാണി ഒരു കാര്യം ഈ സഭയ്ക്ക് ഉറപ്പുനല്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. കഴിഞ്ഞ രണ്ട് ബഡ്ജറ്റിലെ നിർദ്ദേശങ്ങളിൽ ഏതെല്ലാം നടപ്പിലായില്ല എന്ന കാര്യത്തിൽ നിയമസഭയുടെ ഈ സമ്മേളനത്തിൽ അല്ലെങ്കിൽ വിശദമായി ചർച്ച നടക്കുന്ന മഴക്കാല സമ്മേളനത്തിൽ ഒരു ധവളപത്രം സമർപ്പിക്കാൻ തയ്യാറാണോ? രണ്ട് മണിക്കൂർ 50 മിനിറ്റ് സമയം വായിച്ചിട്ടും 53 പാരഗ്രാഫുകൾ മുക്കിയ അപാര വൈദഗ്ദ്ധ്യത്തെക്കുറിച്ചുകൂടി പറയാതിരിക്കുന്നത് ശരിയല്ലല്ലോ. അടിച്ചേൽപ്പിച്ച പങ്കാളിത്ത പെൻഷന്റെ അനുബന്ധ നടപടിയാണ് മനഃപൂർവ്വം

വായിക്കാതെവിട്ട ഒരു പാരഗ്രാഫ്. പെൻഷൻ പ്രായം നീട്ടുന്നില്ല എന്ന് പറയുക, അതേശ്വാസത്തിൽത്തന്നെ പങ്കാളിത്ത പെൻഷൻകാരുടെ റിട്ടയർമെന്റ് പ്രായം 60 ആക്കി എന്നുപറയുക. ഈ ഹിപ്പോക്രസി പെട്ടെന്ന് തിരിച്ചറിയരുത് എന്നുകരുതിയാണ് ആ പാരഗ്രാഫ് വായിക്കാതെ വിട്ടത്. പെൻഷൻ പ്രായവർദ്ധനവ് പിൻവാതിലിലൂടെ അടിച്ചേല്പിക്കുന്ന കപടതന്ത്രമാണ് പയറ്റിയിരിക്കുന്നത്. തൊഴിലില്ലായ്മ പരിഹരിക്കാൻ ഒരു പദ്ധതിയും നിർദ്ദേശിക്കാതിരിക്കുകയും ഉള്ള തൊഴിലവസരങ്ങൾ തട്ടിയെടു ക്കുകയും ചെയ്യുന്ന സമീപനമാണിത്. നിലവിലുള്ള ജീവനക്കാരുടെ പെൻഷൻ പ്രായവും വർദ്ധിപ്പിക്കാനാണ് ഗൂഢനീക്കം നടത്തുന്നത്. ഇതിനെ തിരെ ശക്തമായ യുവജന പ്രക്ഷോഭം ഉയർന്നുവരുമെന്ന കാര്യം മറക്കരുത്. സംസ്ഥാനത്തിന്റെ വികസനത്തെ പുറകോട്ട് വലിക്കുന്നതും വിലക്കയറ്റം രൂക്ഷമാക്കുന്നതും അസന്തുലിതാവസ്ഥ നിറഞ്ഞതും, ഭരണപക്ഷത്തെതന്നെ നിരവധി അംഗങ്ങൾ എതിർക്കുന്നതുമായ 2013–2014-ലെ ബഡ്ജറ്റിലെ നിർദ്ദേശങ്ങളെ ഞാൻ ശക്തിയായി എതിർക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി): സർ, ഡോ. ടി.എം. തോമസ് ഐസക് ആണ് ബഡ്ജ റ്റിനെക്കുറിച്ചുള്ള വിമർശനം ആരംഭിച്ചത്. ഈ ബഡ്ജറ്റിന് ഒരു സാമ്പത്തിക നയമുണ്ടോ;. ഒരു ധനനയമുണ്ടോ - ഇതായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളത്, ഈ ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെയും ധനനയത്തിന്റെയും ഏറ്റവും വലിയ ഉദാഹരണ മാണ് ജി.ഡി.പി. ഗ്രോത്തിൽ വന്നിരിക്കുന്ന വർദ്ധന എന്ന് ഞാൻ പറയട്ടെ.

എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലത്തുണ്ടായിരുന്ന ജി.ഡി.പി. ഗ്രോത്ത് 7.58% ആയിരുന്നുവെങ്കിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവന്ന 2011-2012-ൽ 9.5% ആയി ജി.ഡി.പി. ഗ്രോത്ത് ഉയർത്താൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ സാമ്പത്തിക രംഗത്തെ ദിശാബോധമാണ് വ്യക്തമാക്കുന്നതെന്ന് ഞാൻ പ്രത്യേകം പറയട്ടെ. നാഷണൽ ഗ്രോത്ത് പോലും 6.2% ആയിരിക്കെ കേരളത്തിന്റെ ഗ്രോത്ത് റേറ്റ് 9.5% എന്നുള്ളത് സൗത്ത് ഇന്ത്യയിൽവച്ച് ഏറ്റവും വലിയ ഗ്രോത്ത് റേറ്റാണെന്ന് ഞാൻ വിശേഷിപ്പിച്ചുകൊള്ളട്ടെ. അതുപോലെതന്നെ പെർകാപ്പിറ്റാ ഇൻകം സ്ഥിരവിലയുടെ അടിസ്ഥാനത്തിൽ 8.8% ഗ്രോത്ത് കൈവരിച്ചു എന്നുപറഞ്ഞാൽ അത് എത്രയോ വലിയ പ്രശംസനീയമായ ഒരു കാര്യമാണ് എന്ന് ഞാൻ ഓർക്കുകയാണ്. അതുപോലെതന്നെ ധന നയത്തെക്കുറിച്ച് വേറൊരു കാര്യം പറയട്ടെ. ഈ ഗവൺമെന്റിന്റെ ധനനയം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ധനനയം പോലെയല്ല.

ഒരു ദുർബലമായ ശരീരത്തിൽ പെട്ടെന്ന് രോഗം പിടിപെടും. എന്നാൽ ആരോഗ്യമുള്ള ശരീരത്തിൽ രോഗം പിടിപെടില്ല. ഇതുപോലെയാണ് സാമ്പത്തിക അച്ചടക്കവും. ആദ്യമായി ഫിനാൻഷ്യൽ മാനേജ്മെന്റ് ശരിയാക്കുക, അത് താറുമാറാകാതിരിക്കാൻ ശ്രദ്ധിക്കുക എന്നുള്ളതാണ് പ്രധാനം. താറുമാറാക്കിയ ഒരു ഖജനാവ് കയ്യിലേക്ക് വന്നു, അതിനെ ശരിയാക്കിയെടുക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ശ്രമം. അതിനു വേണ്ടിയാണ് 13-ാം ധനകാര്യകമ്മീഷൻ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഫിനാൻഷ്യൽ ഡിസിപ്ലിൻ കൊണ്ടുവരുന്നതിനുവേണ്ടി റവന്യൂ ഡെഫിസിറ്റ് 0.9 ശതമാനമാക്കണം എന്ന് നോംസ് വച്ചത്.

2012-13-ൽ കേരളത്തിന്റെ റവന്യൂ ഡെഫിസിറ്റ് 0.94 ശതമാനമാണ്. ഒരു ചെറിയ, പോയിന്റിന്റെ വ്യത്യാസം മാത്രമാണുള്ളത്. റവന്യൂ ഡെഫിസിറ്റ് അതിലേക്ക് താഴ്ത്തിക്കൊണ്ടുവരാൻ കഴിഞ്ഞതിൽ കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്. ഫിസ്ക്കൽ മാനേജ്മെന്റിന്റെ രംഗത്ത് ഇന്ത്യയ്ക്ക് കേരളം ഒരു മാതൃകയാണ്. അതുപോലെതന്നെ, ധനകാര്യകമ്മീഷൻ പറഞ്ഞത് ഫിസ്ക്കൽ ഡെഫിസിറ്റ് 3.5 ശതമാനത്തിൽ ഒതുക്കി നിറുത്തണമെന്നാണ്. കേരളം 3.12 ശതമാനത്തിൽ ഫിസ്ക്കൽ ഡെഫിസിറ്റ് നിറുത്തിയിരിക്കുന്നു. വേണമെങ്കിൽ കടമെടുത്ത് ഫിസ്ക്കൽ ഡെഫിസിറ്റ് കൂട്ടാം. ഡോ. ടി. എം. തോമസ് ഐസക്കിന്റെ പാത അതാണ്. പക്ഷേ ഇതിലൊക്കെ ഒരു ഡിസിപ്ലിനുണ്ട്. ഈ ഗവൺമെന്റ് സാമ്പത്തിക രംഗത്ത് ഡിസിപ്ലിൻ പരിപാലിച്ചുവെന്നുള്ളത് എത്ര വലിയ കാര്യമാണ്. അതുപോലെ തന്നെ മറ്റൊരു കാര്യം എനിക്ക് പറയുവാനുള്ളത്, സാമ്പത്തിക നയത്തെപ്പറ്റി പറയുമ്പോൾ ഗ്രോത്ത് ട്രാജക്ടറിയെ സംബന്ധിച്ച് ഈ ഗവൺമെന്റിന് തികച്ചും ബോധ്യമുണ്ട്. സാമ്പത്തിക വളർച്ച ശരിയായ ട്രാക്കിലേക്ക് കൊണ്ടുവരിക എന്നുള്ളതാണ് ഞാൻ ലക്ഷ്യം വയ്ക്കുന്നത്. ഇവിടെ സേവന മേഖലയുടെ ഗ്രോത്ത് 11.8 ശതമാനമാണ്. വ്യവസായ മേഖലയുടേത് 7 ശതമാനമാനവും, കാർഷിക മേഖലയുടേത് 0.7 ശതമാനവുമാണ്. സേവനമേഖലയുടെ ഗ്രോത്ത് റേറ്റ് കുറഞ്ഞിരിക്കുന്നുവെന്ന് പ്രൊഫ. സി. രവീന്ദ്രനാഥ് ഇവിടെ പറയുകയുണ്ടായി. അത് ശരിയാണ്. ഇതൊരു പുതിയ കാര്യമല്ല, ഞാൻ എത്രയോ വർഷമായി പറയുന്നതാണ്. ഇതിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നയത്തിന്റെ പോരായ്മയുണ്ട്. ഇന്ത്യയിൽ പ്രൈമറി സെക്ടറിന്റെ വളർച്ച സ്റ്റാഗ്നേറ്റ് ചെയ്ത് നിൽക്കുന്നു. അത് വളർത്തിയെടു

ക്കണമെന്നുണ്ടെങ്കിൽ വലിയ നടപടികൾ ആവശ്യമാണ്. അതിലേക്കുവേണ്ടി, ആദ്യമായി ചെയ്തിട്ടുള്ളത് പ്രൈമറി സെക്ടറിന്റെ, അഗ്രിക്കൾച്ചർ സെക്ടറിന്റെ ഡെവലപ്പ്മെന്റിനുവേണ്ടി ആവശ്യമായ ഇൻസെന്റീവ്/ഇൻവെസ്റ്റ്മെന്റ് നൽകിക്കൊണ്ടുള്ള 11 പദ്ധതികളാണ് ഈ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്. 1. ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട കർഷകരുടെ പലിശബാധ്യത എഴുതി ത്തള്ളും. 2. എല്ലാ ചെറുകിട കർഷകർക്കും പലിശരഹിത കാർഷിക വായ്പ ഉറപ്പാക്കും 3. കാർഷികവായ്പാതിരിച്ചടവിന് റിസ്ക് ഇൻഷ്വറൻസ് കൊണ്ടുവരും. 4. കാർഷികാദായ നികുതിയിൽനിന്നും വ്യക്തികളെ ഒഴിവാക്കും. 5, സംയോജിതകൃഷിത്തോട്ട പദ്ധതി നടപ്പിലാക്കും. 6, മാതൃകാ ഹൈടെക്-ഹരിത ഗ്രാമങ്ങൾ കൊണ്ടുവരും. 7, നെല്ല് സംഭരണം - തുക ഉടനെ കൊടുക്കും. 8, കർഷക ഉത്പാദക സംഘങ്ങളും കർഷക മാർക്കറ്റു കളും കൊണ്ടുവരും. 9, ജൈവകൃഷിക്ക് കേരള ബ്രാൻഡ് കൊണ്ടുവരും. 10. തെങ്ങിൽനിന്നും നീര ഉൽപ്പാദിപ്പിക്കും. 11. കൃഷിക്കാർക്ക് സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കും. ഇങ്ങനെ 11 പദ്ധതികൾ വളരെ കോൺഷ്യസായി അഗ്രികൾച്ചർ സെക്ടറിന്റെ വളർച്ചയ്ക്കായി കൊണ്ടു വന്നിരിക്കുകയാണ്. ഈ ഗവൺമെന്റിന് സാമ്പത്തിക നയം ഉണ്ടോയെന്ന് ഡോ. ടി.എം. തോമസ് ഐസക് ചോദിച്ചു. ശരിയായ സാമ്പത്തിക നയം ഈ ഗവൺമെന്റിനുണ്ടെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തൊഴിലില്ലായ്മ കുറയ്ക്കാൻ എന്ത് സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട പ്രൊഫ. സി. രവീന്ദ്രനാഥ് ചോദിച്ചു. അതിനും വ്യക്തമായ സമീപനമുണ്ട്. തൊഴിലില്ലായ്മ കുറയ്ക്കുകയും പുതിയ ആളുകൾക്ക് ജോലി കൊടുക്കുകയും ചെയ്താൽ മാത്രമേ വരുമാനമുണ്ടാകുകയുള്ളു. വരുമാന

മുണ്ടായാൽ മാത്രമേ ഇൻവെസ്റ്റ്മെന്റ് ഉണ്ടാകുകയുള്ളു. ഇൻവെസ്റ്റ്മെന്റ് ഉണ്ടെങ്കിലേ ഗ്രോത്ത് ഉണ്ടാവുകയുള്ളു. അതിനാൽ തൊഴിൽ കൊടുക്കുക യെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിനുവേണ്ടി പല പരിഷ്ക്കാരങ്ങളും കൊണ്ടുവന്നിരിക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ പ്ലേസ്മെന്റ് സെൽ. പ്ലേസ്മെന്റ് സെൽ ഉണ്ടെങ്കിൽ കുട്ടികൾക്ക് ഏത് ഇന്റർവ്യൂവിനുചെന്നാലും ജോലിസാധ്യത വർദ്ധിക്കുകയാണ്. ഇന്ത്യയിൽ ജോലിയുണ്ട്, എംപ്ലോയബിലിറ്റിയാണ് ഇല്ലാത്തത്. അതിനുവേണ്ടി കരിയർ ഡെവലപ്പ്മെന്റ് മിഷൻ സ്ഥാപിക്കുന്നു. സംരംഭകർക്ക് സ്റ്റാർട്ട്-അപ്പ് സബ്സിഡി കൊടുക്കുന്നു. പ്രോജക്ട് രൂപകൽപ്പന ചെയ്യുന്നതുമുതൽ പ്രൊഡക്ഷൻ വരെ പിൻബലം നൽകുന്നു. ഇന്നൊവേഷൻ പ്രോത്സാഹിപ്പി ക്കുന്നു, വിദഗ്ദ്ധ തൊഴിലാളികൾക്ക് വെബ് സൈറ്റ് കൊണ്ടുവരുന്നു, അടിസ്ഥാന സൗകര്യവികസനമെല്ലാം ഒരുക്കുന്നു. ഈ രീതിയിൽ രണ്ടു മേഖലകളുടെ - കാർഷിക മേഖലയുടെയും തൊഴിൽ മേഖലയുടെയും അഭിവൃദ്ധിക്കുവേണ്ടി എല്ലാ കാര്യങ്ങളും ചെയ്തിരിക്കുന്നു. ഇവിടെ പുതിയ തൊഴിൽസാധ്യതകൾ വർദ്ധിപ്പിക്കുകയും തൊഴിലില്ലായ്മ കുറയ്ക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. അതുകൊണ്ട്, ഈ ഗവൺമെന്റിന് സാമ്പത്തിക ദിശാബോധമുണ്ട് എന്ന് ഞാൻ അടിവരയിട്ടുപറയട്ടെ. ഇനി വിഭവസമാഹരണ രംഗത്തെ നേട്ടങ്ങളെപ്പറ്റി പറയാം. റവന്യൂ വരുമാന വളർച്ച 2010-11-ൽ 23651 കോടി രൂപയായിരുന്നു. 2011-12-ൽ അത് 28310 കോടി രൂപയായി. അതായത്, 20 ശതമാനത്തോളം (19.71 ശതമാനം) ഗ്രോത്താണ് റവന്യൂ വരുമാനരംഗത്ത് ഉണ്ടായിരിക്കുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് 2012-13-ൽ 27.7 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. ആ നിലയ്ക്ക് നമ്മുടെ വരുമാനത്തെ

സംബന്ധിച്ചിടത്തോളം വളരെയേറെ വർദ്ധനയുണ്ടായി. കെ.ജി.എസ്.ടി.യിൽ നിന്ന് മാത്രമുള്ള വരുമാന വർദ്ധനവ് 2011-12-ൽ 19 ശതമാനമായിരുന്നു. 2012-13 സാമ്പത്തിക വർഷം ഫെബ്രുവരി വരെ കണക്കെടുക്കുമ്പോൾ 22 ശതമാനം വർദ്ധനയുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ 5 വർഷത്തെ കാലഘട്ടത്തിൽ 18.36 ശതമാനമായിരുന്നത് ഇപ്പോൾ 22 ശതമാനമായി ഉയർത്തിയെടുക്കാൻ കഴിഞ്ഞതിൽ എനിക്ക് വലിയ അഭിമാനമുണ്ട്. പണക്കാർ ഉപയോഗിക്കുന്ന വൈറ്റ് ഗുഡ്സിന്റെ കാര്യത്തിൽ ഉണ്ടായിരിക്കുന്ന റവന്യൂ ഗ്രോത്ത് 28 ശതമാനമാണ്. അങ്ങനെ ശരിയായ നിലയിൽ ഇവിടത്തെ വരുമാനം സംരക്ഷിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി ഇളവിനെ സംബന്ധിച്ച് ഡോ. ടി.എം. തോമസ് ഐസക് ഇവിടെ വാചാലമായി പ്രസംഗിക്കുകയുണ്ടായി. സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് എന്തിനാണെന്ന് അദ്ദേഹം ചോദിച്ചു. ഇതിന് ഞാൻ ഉത്തരം പറയാം. ഗവൺമെന്റ് ഓഫ് ഇന്ത്യ നിർദ്ദേശം നൽകിയിരിക്കുന്നത് സ്റ്റാമ്പ് ഡ്യൂട്ടി 5 ശതമാനമായി കുറച്ചുകൊണ്ടുവരണമെന്നാണ്. ഇവിടത്തെ അക്കൗണ്ടന്റ് ജനറലിന്റെ സ്റ്റഡിയുണ്ട്, ഇന്ത്യയിലെ 16 സ്റ്റേറ്റുകളിൽ 5 ശതമാനമോ അതിൽ താഴെയോ ആണ് സ്റ്റാമ്പ് ഡ്യൂട്ടിയുള്ളത്. വെസ്റ്റ് ബംഗാളിൽ 7 ശതമാനമാണ് സ്റ്റാമ്പ് ഡ്യൂട്ടി. സൗത്ത് ഇന്ത്യയിൽ പ്രത്യേകമെടുത്താൽ, ആന്ധ്രാപ്രദേശിലും കർണ്ണാടകയിലും 5 ശതമാനവും തമിഴ്നാട്ടിൽ 7 ശതമാനവുമാണ് സ്റ്റാമ്പ് ഡ്യൂട്ടി. കേരളത്തിൽ മാത്രമാണ് സ്റ്റാമ്പ്ഡ്യൂട്ടി ഉയർന്നുനിൽക്കുന്നത്. ഈ കാരണങ്ങളാലാണ് സ്റ്റാമ്പ്ഡ്യൂട്ടി 2 ശതമാനമായി താഴ്ത്തിയത്. ഡോ. ടി. എം. തോമസ് ഐസക് കാണുന്ന കാഴ്ചയല്ല ഞാൻ കാണുന്നത്. എന്റെ സമീപനം വേറെയാണ്. അതുകൊണ്ട്, ഇന്ത്യയിലെ മുഴുവൻ പരിതസ്ഥിത

കൾ പഠിച്ച്, കാലഘട്ടത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് അവതരിപ്പിച്ച ബഡ്ജറ്റാണിതെന്ന് ഞാൻ പ്രത്യേകം പറയുകയാണ്. ഫിസ്ക്കൽ ഡെഫിസിറ്റിനെപ്പറ്റി പറഞ്ഞു. 2013-14 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 2082 കോടി രൂപയാണ്. അത് ജി.ഡി.പി.യുടെ 2.82 ശതമാനമാണ്. ഡോ. ടി.എം. തോമസ് ഐസക് ചോദിച്ചത് അത് 3 ശതമാനമായി വർദ്ധിപ്പിച്ചുകൂടെ എന്നാണ്. ഞാൻ അതിനോട് യോജിക്കുകയാണ്. പക്ഷേ, ഡോ. ടി.എം. തോമസ് ഐസക് എടുത്ത കണക്ക് എന്റെ ലാസ്റ്റ് ടൈ-അപ്പിനുമുമ്പുള്ള കണക്കാണ്. ബഡ്ജറ്റിൽ ഞാൻ പ്രഖ്യാപിച്ച 1400 കോടി രൂപയുടെ ന്യൂ മെഷേഴ്സ് കൂടി കണക്കിലെടുക്കുമ്പോൾ ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞതിനേക്കാൾ ഗ്രോസ്സ് ഫിസ്ക്കൽ ഡെഫിസിറ്റ് ഉയർന്നുവരുന്നുവെന്നുള്ളതാണ് ഏറ്റവും സവിശേഷമായ ഒരു കാര്യം. അത് അദ്ദേഹം നോക്കിയില്ല എന്നുള്ളതുമാത്രമേ ഞാൻ അതിൽനിന്ന് മനസ്സിലാക്കുന്നുള്ളൂ. അതുകൊണ്ട് ആ ഭാഗത്ത് ഗവൺമെന്റ് ചെയ്ത നടപടികൾ വളരെ ശ്ലാഘനീയമാണെന്നേ എനിക്ക് പറയാൻ കഴിയുകയുള്ളൂ. ഒരു ഗവൺമെന്റിന്റെ പദ്ധതി പ്രവർത്തനത്തിന്റെ ഇൻഡിക്കേറ്റർ എന്നുപറയുന്നത് ക്യാപ്പിറ്റൽ എക്സ്പെൻഡീച്ചറാണ്. ആ രംഗത്ത് വളരെ അഭിമാനകരമായ ഒരു നേട്ടമാണ് ഈ ഗവൺമെന്റിന് കൈവരിക്കുവാൻ കഴിഞ്ഞത്. 2006-07-ൽ, ഡോ. ടി. എം. തോമസ് ഐസക്കിന്റെ കാലഘട്ടത്തിൽ 903 കോടി രൂപയായിരുന്നു ക്യാപ്പിറ്റൽ എക്സ്പെൻഡീച്ചർ. അത്, 2007-08-ൽ 1475 കോടി രൂപയും 2008-09-ൽ 1696 കോടി രൂപയും 2009-10-ൽ 2059 കോടി രൂപയും 2010-11-ൽ 3369 കോടി രൂപയുമായിരുന്നു. 2010-11 കഴിഞ്ഞാൽ ക്യാപ്പിറ്റൽ എക്സ്പെൻഡീച്ചറിൽ ഒരു കുതിച്ചുചാട്ടമായിരുന്നുവെന്ന്

പ്രതിപക്ഷ മെമ്പർമാരോട് ഞാൻ പറയുന്നു. 2011-12-ൽ 3853 കോടി രൂപയും 2012-13-ൽ 6555 കോടി രൂപയും 2013-14-ൽ 8635 കോടി രൂപയും - ഈ കുതിച്ചുചാട്ടമാണ് പ്രതിപക്ഷനിരകളിലുള്ള ബഹുമാനപ്പെട്ട മെമ്പർമാർ കാണേണ്ടത്. അവരത് കണ്ടില്ല. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ഏത് നിലയ്ക്ക് നീങ്ങുന്നുവെന്നുള്ളത് ഇതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്ന താണ്. പ്ലാൻ സൈസ് 2010-11-ൽ 10,025 ആയിരുന്നു, 73 ശതമാനത്തിന്റെ അച്ചീവ്മെന്റ് ഉണ്ട്. 2011-12-ൽ, 12,010 കോടി രൂപ - 98 ശതമാനമാണ് അച്ചീവ്മെന്റ്. 2012-13-ൽ 14,010 കോടി രൂപയാണ്, അച്ചീവ്മെന്റ് കൃത്യം കാൽക്കുലേറ്റ് ചെയ്തിട്ടില്ല. എൽ.ഡി.എഫ്-ന്റെ ലാസ്റ്റ് ഈയറിൽ പ്ലാൻ എക്സ്പെൻഡീച്ചർ 73 ശതമാനമായിരുന്നുവെങ്കിൽ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ, ഇപ്പോൾ 98 ശതമാനം എന്നുള്ളത് എത്ര മനോഹര മാണെന്ന് ഞാൻ ഓർക്കുകയാണ്. എവിടെയാണ് എം.എൽ.എ. അസെറ്റ് ക്രിയേഷനെന്ന് ഡോ. ടി.എം. തോമസ് ഐസക് ചോദിച്ചു. എം.എൽ.എ. അസെറ്റ്സ് ക്രിയേഷന് 5 കോടി രൂപ വീതമെന്ന് ബഡ്ജറ്റിൽ പറയുകയല്ല, പല ഡിപ്പാർട്ടുമെന്റുകളിലായിട്ടാണ് ചെയ്തിരിക്കുന്നത്. എം.എൽ.എ.മാർ വിവിധ ഡിപ്പാട്ടുമെന്റുകളിലാണ് എഴുതിക്കൊടുക്കുന്നത്. ഒരാൾക്ക് ഹോസ്പിറ്റലായിരിക്കും ആവശ്യം. ഒരാൾക്ക് സ്കൂളായിരിക്കും, മറ്റൊരാൾക്ക് റോഡ് ആയിരിക്കും. വിവിധ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടു മെന്റുകളുടെ ഹെഡ്ഡിൽ വച്ചിരിക്കുന്നത് ഡോ. ടി.എം. തോമസ് ഐസക്കിന് വായിക്കാൻ പ്രയാസമായിരിക്കും, അത് എനിക്കറിയാം. ടോട്ടൽ 705 കോടി

രൂപ 14 ഹെഡ്ഡുകളിലായി എം.എൽ.എ. അസെറ്റ് ക്രിയേഷന് ഫണ്ട് വച്ചിട്ടുണ്ട്.

ശ്രീ. തോമസ് ചാണ്ടി: സർ, ഭരണപക്ഷത്തും പ്രതിപക്ഷത്തുമിരിക്കുന്ന എം.എൽ.എ മാർക്ക് വലിയ ആശ്വാസമാണ് ഈ 5 കോടി രൂപ. പക്ഷേ എനിക്കുള്ള ഒരു ബുദ്ധിമുട്ട് ഞാൻ പറയാം, പലർക്കും ആ പ്രശ്നമുണ്ട്. എന്റെ മണ്ഡലത്തിൽ 13 പഞ്ചായത്തുകളുണ്ട്. അങ്ങ് 10 വർക്കായി റെസ്ട്രിക്ട് ചെയ്തിരിക്കുന്നതുകൊണ്ട് മൂന്ന് പഞ്ചായത്തുകാരുടെ ചീത്തവിളി ഞാൻ കേൾക്കണം. അതുകൊണ്ട് 15 വർക്കാക്കി മാറ്റി തന്നിരുന്നെങ്കിൽ വളരെ ഉപകാരമായിരുന്നു.

ശ്രീ. കെ.എം. മാണി: സർ, അങ്ങയെപ്പോലൊരു മാന്യനായ പൊതുപ്രവർത്തകൻ ഇനി ചീത്ത കേൾക്കാൻ പാടില്ല. അങ്ങേയ്ക്ക് നല്ല രീതിയിൽ കുട്ടനാട്ടിൽ പ്രവർത്തിക്കേണ്ടതിനാൽ 10 വർക്ക് എന്നുള്ളത് 15 വർക്കുകളാക്കി വർദ്ധിപ്പിക്കുന്നു. 2012-13-ൽ എം.എൽ.എ. മാർക്ക് 540 വർക്കുകൾക്ക് 430 കോടി രൂപയുടെ സാമ്പത്തിക ക്ലിയറൻസ് നൽകിയ അഭിമാനത്തോടെയാണ് ഞാൻ നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത്. ഇവിടെ ഫിനാൻസ് പിടിച്ചുവയ്ക്കാതെ ഒരു ഫയലും തടസ്സപ്പെടുത്താതെ വേഗതയിൽ പൂർത്തിയാക്കുന്നതിന്റെ ലക്ഷണമാണ് ഇത് കാണിക്കുന്നത്. പ്രഖ്യാപനത്തിൽ പറയുന്നതൊക്കെ നടത്തിക്കൊടുക്കുന്ന ഒരു ഗവൺമെന്റാണ് ഇവിടെയുള്ളത്. മാർച്ച് 31-ന് മുമ്പ് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകൾ അതിന്മേലുള്ള എ.എസ്. നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പഞ്ചായത്ത്

വിഹിതം കുറച്ചു, ഇരുപത്തിമൂന്നര ശതമാനമേയുള്ളൂ, 25 ശതമാനം കൊടുക്കേണ്ടിയിരുന്നു എന്ന ഒരു ആരോപണം ഡോ. ടി.എം. തോമസ് ഐസക് ഉന്നയിച്ചിരുന്നു. എന്താണ് ഇതിന്റെ വസ്തുത? 2013–14-ലെ പ്ലാൻ 17,013 കോടി രൂപയാണ്. അത് കെ.എസ്.ഇ.ബി. യുടെ വിഹിതവും കൂടിയാണ്. കെ. എസ്.ഇ.ബി വിഹിതം 1,130 കോടി രൂപയുണ്ട്. അത് കുറച്ചാൽ 15,870 കോടി രൂപയാണ്. കെ.എസ്.ഇ.ബി. പഞ്ചായത്തിൽ ചെയ്യേണ്ട സർവ്വീസ് കെ. എസ്.ഇ.ബി. തന്നെ ചെയ്യുന്നുണ്ട്. പഞ്ചായത്തുകളിൽകൂടി കെ.എസ്.ഇ.ബി. അവരുടെ പ്ലാൻ ഇംപ്ലിമെന്റ് ചെയ്യുന്നത് അവരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. അവരുടെ വിഹിതം കുറച്ചാൽ ബാക്കിയുള്ള 15,870 കോടി രൂപയാണ് നമ്മുടെ പ്ലാൻ. അതിന്റെ 25 ശതമാനം 3,967 കോടി രൂപയാണ്. ആ സ്ഥാനത്ത് 4,000 കോടി രൂപ ഈ ഗവൺമെന്റ് പഞ്ചായത്തുകൾക്ക് കൊടുത്തിരിക്കുന്നു എന്ന് പ്രത്യേകം പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് ചെയ്ത കാര്യം ചെയ്യാൻ പാടില്ലാത്താണ്. ഫിനാൻസ് കമ്മീഷന്റെ തീർപ്പ് പ്ലാൻ ഔട്ട്ലേയുടെ ശതമാനമാണ്. ആദ്യമായി കേരളത്തിൽ പ്ലാൻ ഔട്ട്ലേയിൽനിന്ന് ഇലക്ട്രിസിറ്റി മാറ്റി വച്ച് അതിന്റെ വിഹിതം നിശ്ചയിച്ചിരിക്കുന്നു. അത് തെറ്റാണ്. മറ്റൊന്ന് 25 ശതമാനമല്ല, അടുത്ത വർഷം 30 ശതമാനം വേണ്ടതാണ്. ഓരോ വർഷവും പ്രോഗ്രസീവായി കൂട്ടി അടുത്ത വർഷം 30 ശതമാനത്തിലെത്തേണ്ടതാണ്. ഈ വർഷം ഇരുപത്തിയെട്ടര ശതമാനമെങ്കിലും വേണം.

ശ്രീ. കെ. എം. മാണി: സർ, ഡോ. ടി.എം. തോമസ് ഐസക്കിന് അദ്ദേഹത്തിന്റെ അഭിപ്രായം പറയാം. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ പറഞ്ഞതൊക്കെ ശരിയാണ് എന്ന നിലപാടാണ്. കഴിഞ്ഞ വർഷത്തെ സ്കീമുകൾ നടപ്പിലായില്ല എന്ന ആക്ഷേപമാണുള്ളത്. ഏതെങ്കിലുമൊരു ഗവൺമെന്റിന്റെ കാലത്ത് ഈ വർഷം അനൗൺസ് ചെയ്ത പ്രോജക്ടുകൾ അടുത്ത വർഷം നടപ്പിലാകുമോ? മേജർ പ്രോജക്ടുകൾക്ക് എ.എസ്. കൊടുക്കണം, ടി.എസ്. കൊടുക്കണം, ടെൻഡർ കൊടുക്കണം, സ്ഥലം കണ്ടെത്തണം, കെട്ടിടം പണിയണം തുടങ്ങി എന്തെല്ലാം കാര്യങ്ങളാണുള്ളത്. ഇത് മെറ്റീരിയലൈസ് ചെയ്യാൻ ഒരു വർഷംകൊണ്ട് ഏതെങ്കിലും ഗവൺമെന്റിന് സാധിക്കുമോ? എം.എൽ.എ. മാർക്ക് ഇത്ര കോടി രൂപ തന്നിരിക്കുന്നു എന്ന് പറഞ്ഞാൽ അത് ഉടനെ നടപ്പിലാകും, ഇന്ന പെൻഷൻ കൂട്ടിയിരിക്കുന്നു എന്ന് പറഞ്ഞാൽ ഉടനെ ജി.ഒ. നൽകാം. പക്ഷേ പ്രോജക്ടിന്റെ കാര്യത്തിൽ നടപ്പിലായോ എന്ന് ചോദിച്ചാൽ 100 ശതമാനവും നടപ്പിലാവുകയില്ല. പക്ഷേ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മാതൃകാപരമായി പറഞ്ഞതിൽ ബഹുഭൂരിപക്ഷവും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ഞാൻ അഭിമാനബോധത്തോടുകൂടി പ്രത്യേകം എടുത്ത് പറയാൻ ആഗ്രഹിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് എയർ സ്ട്രിപ്പ് സ്ഥാപിക്കുമെന്നും ഡാമിൽ നിന്നും മണൽ വാരുമെന്നും പറഞ്ഞത് നടപ്പിലാക്കിയോ; വയൽ നികത്തുന്നതിന് റഗുലറൈസ് ചെയ്ത് ഒരു സ്കീം കൊണ്ടുവന്നു. അത് നടന്നോ; നടന്നില്ല.

ശ്രീ. സാജു പോൾ: സർ, ബഹുമാന്യനായ കെ. എം. മാണി ഇവിടെ ഇല്ലാതിരുന്ന സമയത്ത് ബഹുമാന്യനായ കെ. ശിവദാസൻ നായർ ശ്രീ. പി.

ചിദംബരത്തിന്റെ കേന്ദ്ര ബഡ്ജറ്റിൽ യാതൊന്നുമില്ല, അത് വളരെ മോശമാണെന്നുള്ള നിലയ്ക്ക് അതൊന്നും മനസ്സിലാക്കാതെ മാണി സാർ സംസാരിച്ചു എന്നുപറഞ്ഞു. ഈ സംസ്ഥാനത്ത് പതിനൊന്ന് ബഡ്ജറ്റ് അവതരിപ്പിച്ച മാണി സാറിന് ശ്രീ. പി. ചിദംബരത്തിന്റെ ബഡ്ജറ്റ് മനസ്സിലായില്ല എന്നുപറഞ്ഞ വിഷമത്തിൽ ഞാൻ ഈ സമയം വരെ ഭക്ഷണംപോലും കഴിച്ചിട്ടില്ല. ഇക്കാര്യം മാണി സാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ശ്രീ. സാജു പോളാണെങ്കിൽപ്പോലും ഇത്തരം കാര്യങ്ങൾ നിയമസഭയിൽ പറയാൻ പാടില്ല. അതുകൊണ്ട് നിയമസഭാ രേഖയിൽനിന്നും ഇത് നീക്കം ചെയ്യണം. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ് ... ഇരിക്കണം.

ശ്രീ. കെ.എം. മാണി: സർ, 2011-12- ലെ ബഡ്ജറ്റിൽ പറഞ്ഞ 90 ശതമാനം പ്രോജക്ടുകളും ആരംഭിച്ചുകഴിഞ്ഞു. അങ്ങനെ ഒരു കാലത്തും ഉണ്ടായിട്ടില്ല. ബാക്കിയുള്ള പ്രോജക്ടുകളുടെ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കൊല്ലത്തെ ബഡ്ജറ്റ് സ്പീച്ചിൽ പ്ലാൻ സ്കീം മോണിറ്റർ ചെയ്യാൻ ഉടനടി നടപ്പിലാക്കാൻ ഒരു സംവിധാനം കൊണ്ടുവന്നല്ലോ. പദ്ധതി പ്രവർത്തനവും നിർവ്വഹണവും സ്പീഡപ് ചെയ്യണം. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ അനൗൺസ് ചെയ്ത പരിപാടികൾ ഉടനെ നടക്കണം. ചീഫ് സെക്രട്ടറി ലെവലിൽ ഒരു കമ്മിറ്റിയെ വച്ചിരിക്കുകയാണ്. പ്ലാൻ സംബന്ധിച്ചിടത്തോളം പുതിയ ഒരു സംവിധാനം പറഞ്ഞിട്ടുണ്ട്. ഇതൊക്കെ ഇംപ്ലിമെന്റേഷൻ കൂടുതൽ സ്പീഡിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ്. പ്രതിപക്ഷത്തുനിന്ന് പറഞ്ഞ കാര്യങ്ങളുടെ സ്പിരിറ്റ് ഞാനുൾക്കൊള്ളുന്നു.

ഞാനതിനെ പൂർണ്ണമായി തള്ളുകയല്ല. തീർച്ചയായും പറയുന്ന പദ്ധതികൾ നടപ്പിലാവണം. അതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 90 ശതമാനം പദ്ധതികളും നടപ്പിലായിട്ടുണ്ട്. കാസർഗോഡിനെ സംബന്ധിച്ചിടത്തോളം, ഈ സഭയുടെ മന:സാക്ഷി, കാസർഗോഡ് ജില്ല പിന്നോക്കം നിൽക്കുന്ന ജില്ലയാണ്. ആ ജില്ലയിൽ ധാരാളം പ്രശ്നങ്ങളുണ്ട്. ആ ജില്ലയ്ക്ക് കുറച്ച് ഫണ്ട് അനുവദിക്കണം. പ്രഭാകർ കമ്മീഷൻ റിപ്പോർട്ടിൽ ഓരോ വകുപ്പിലും ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതാത് വകുപ്പുകളുടെ പ്ലാനിലും നോൺപ്ലാനിലും ഉൾപ്പെടുത്തി റിപ്പോർട്ട് നടപ്പിലാക്കണം. അങ്ങനെ പ്രോജക്ട് നടപ്പിലാക്കുമ്പോൾ മാത്രമേ തുക പറയാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ മുഴുവൻ തുകയും എനിക്ക് പറയാൻ കഴിയില്ല. പക്ഷേ ആ പ്ലാൻ നടപ്പിലാക്കുമ്പോൾ ക്രിട്ടിക്കൽ ഗ്യാപ്പ് എന്തെങ്കിലുമുണ്ടായാൽ അത് നികത്താൻ ഇപ്പോൾത്തന്നെ 15 കോടി രൂപ വകയിരുത്തുന്നു.

റിയൽ എസ്റ്റേറ്റ് മേഖലയിൽ ഭൂവില വർദ്ധന തടയുന്നതിനുവേണ്ടി മൂന്നുമാസത്തിനകം ഭൂമി മറിച്ചുവിറ്റാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇരട്ടിയാക്കിയിരുന്നു. പക്ഷേ പിന്നെയും മറിച്ചുവിറ്റാലോ എന്ന് ചോദിച്ചതിന് ഒരു ചെറിയ അമെന്റ്മെന്റ് കൊണ്ടുവരികയാണ്. ചോദ്യം നല്ലതാണ്. പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ഇങ്ങനെയൊരു ചോദ്യമുണ്ടായി. മൂന്നുമാസംകഴിഞ്ഞ് ഭൂമി മറിച്ചുവിറ്റാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇരട്ടിയാക്കുന്നു, മൂന്നുമുതൽ ആറുമാസത്തിനകം വീണ്ടും ഭൂമി മറിച്ചുവിറ്റാൽ സ്റ്റാമ്പ് ഡ്യൂട്ടി ഒന്നര ഇരട്ടിയാക്കുന്നു. അത്രയും ഒരു കൺട്രോൾ ഈ രംഗത്ത് കൊണ്ടുവരുന്നു. അത്രയും നല്ലതാണെന്ന് ഞാൻ കരുതുകയാണ്. ഇവിടെ ശ്രീ. പി.

കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. ഷിബു ബേബി ജോണും എന്നോട് പറഞ്ഞു, ഞാൻ ക്ഷേമ പദ്ധതികൾ പറഞ്ഞപ്പോൾ കയറിൽ 300 രൂപയെന്നത് 400 രൂപ യാക്കുന്നുവെന്നുപറഞ്ഞത് തെറ്റിപ്പോയി. 400 രൂപ ഇപ്പോൾത്തന്നെയുണ്ട്. അത് 500 രൂപയാക്കി വർദ്ധിപ്പിക്കുന്നു. കശുവണ്ടിത്തൊഴിലാളികളുടെ കാര്യം വിട്ടുപോയി. അവരുടെ ക്ഷേമപെൻഷനായ 400 രൂപ 500 രൂപയാക്കി വർദ്ധിപ്പിക്കുന്നു. മത്സ്യത്തൊഴിലാളികളുടേത് 400 രൂപയിൽ നിന്നും 500 രൂപയാക്കി വർദ്ധിപ്പിക്കുന്നു. കൈത്തറിത്തൊഴിലാളികളുടേതും 400 രൂപ യിൽനിന്നും 500 രൂപയാക്കി വർദ്ധിപ്പിക്കുകയാണ്. ഈറ്റ, കാട്ടുവള്ളി തൊഴി ലാളി ക്ഷേമനിധി 500 രൂപയാക്കി വർദ്ധിപ്പിക്കുന്നു. ഫിസിയോ സോഷ്യൽ കൗൺസിലിംഗ്- സ്കൂൾ കുട്ടികൾക്ക് കൗൺസിലിംഗ് കൊടുക്കുവാൻ എം. എസ്.ഡബ്ല്യു. പാസ്സായ ആളുകളെ നിയമിക്കണം. അവരുടെ ശമ്പളം 6,500 രൂപയായിരുന്നത് 7,500 രൂപയാക്കുമെന്നാണ് പറഞ്ഞത്. അത് പോരാ എന്ന് ബഹുമാനപ്പെട്ട മെമ്പർമാരിൽനിന്ന് ഒരു നിർദ്ദേശം വന്നതിനെതുടർന്ന് അത് 10,000 രൂപയാക്കി ഉയർത്തുന്നു. വിശ്വകർമ്മജ വിഭാഗത്തിൽ കളിമൺ വിഭാ ഗത്തിൽ എന്ന് ഉപയോഗിച്ച വാക്ക് ശരിയായില്ല 'മൂശാരി വിഭാഗം' എന്ന് പറ യണമെന്ന് എനിക്ക് എഴുതികിട്ടി. അത് മൂശാരി വിഭാഗം എന്ന് തിരുത്തുന്നു. ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപൻ, പഞ്ചായത്തുകൾക്ക് ഡാറ്റാ ബാങ്ക് തയ്യാ റാക്കാൻ 8 കോടി രൂപ റിലീസ് ചെയ്യണമെന്നുപറഞ്ഞു, അത് ഉടനെ റിലീസ് ചെയ്യുന്നതാണ്. റിവർ മാനേജ്മെന്റ് അതോറിറ്റി സ്ഥാപിക്കണമെന്ന് ഒരു നിർദ്ദേശം വന്നു. തീർച്ചയായും അതിനുള്ള നടപടികൾ എടുക്കുന്നതാണ്. ബഹുമാനപ്പെട്ട ഹൈബി ഈഡൻ എറണാകുളം മാർക്കറ്റ് നവീകരണം

ബ്രോഡ്‍വേ പൈതൃക പദ്ധതി JNNURM പദ്ധതിയുടെ കീഴിൽ നടപ്പിലാക്കണമെന്നും അതിന് സ്റ്റേറ്റ് വിഹിതം കൊടുക്കണമെന്നും പറയുന്നു അതിന് സ്റ്റേറ്റ് വിഹിതം 13.85 കോടി രൂപ അഡീഷണലായി വകയിരുത്തുന്നു. ക്ഷീര കർഷകർക്ക് അവരുടെ ക്ഷേമനിധി 300 രൂപയെന്നുള്ളത് 400 രൂപയായി ഉയർത്തുന്നു. കേരളത്തിലാദ്യമായി കോട്ടയത്ത് വെസ്റ്റേൺ ഘാട്ട്സ് ക്ലൈമറ്റ് ചെയ്ഞ്ച് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പുതിയതായി ആരംഭിക്കുന്നതിനായി 5 കോടി രൂപ നീക്കിവയ്ക്കുന്നു. ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയുമായി ശ്രീ. തോമസ് ഉണ്ണിയാടൻ ആലോചിച്ചതിന്റെ ഫലമായി ഇരിങ്ങാലക്കുടയിൽ കെ. എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ എം.എൽ.എ. ഫണ്ടുംകൂടി വിനിയോഗിച്ചുകൊണ്ട് സബ് ഡിപ്പോയായി ഉയർത്തുന്നതിനുവേണ്ടി സ്റ്റേറ്റ് വിഹിതം ഒരു കോടി രൂപ അധികമായി മാറ്റിവയ്ക്കുന്നു. ശ്രീ. തോമസ് ഉണ്ണിയാടന്റെ നിയോജകമണ്ഡലത്തിൽ ഉണ്ണായി വാര്യർ സ്മാരകത്തിനുവേണ്ടി 25 ലക്ഷം രൂപ മാറ്റി വയ്ക്കുന്നു. സുകുമാർ അഴീക്കോടിന്റെ വീട് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് സ്മാരകമാക്കാൻ 10 ലക്ഷം രൂപകൂടി അഡീഷണലായി വകയിരുത്തുന്നു. ഗുരുഗോപിനാഥ് നടനഗ്രാമത്തിൽ ദേശീയ നൃത്ത മ്യൂസിയം സ്ഥാപിക്കാൻ സംസ്ഥാന വിഹിതമായി 3 കോടി രൂപ വകയിരുത്തുന്നു. കട്ടപ്പന കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മിക്കുന്നതാണ്. ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ അധീനതയിൽ ഇടുക്കിയിൽ ഒരു ഹോട്ടൽ സമുച്ചയം നിർമ്മിക്കുന്നതാണ്. (ബഹളം)........ (ബഹളം)... എല്ലാപേർക്കുമുണ്ട്. പ്ലീസ്... ഒന്നിരിക്കാമെങ്കിൽ ഞാൻ പറയാം. (ബഹളം)... കേളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളെയൊന്നും വേർതിരിക്കില്ല. ഏത് മണ്ഡലത്തിലാണോ

കോളേജില്ലാത്തത് ആ മണ്ഡലങ്ങളിലെല്ലാം കോളേജ് അനുവദിക്കുന്നതാണ്. .... (ബഹളം)......

ശ്രീ. എ. കെ. ബാലൻ: സർ, കഴിഞ്ഞ വർഷം കെ.എസ്.ഇ.ബി.-ക്ക് 296 കോടി രൂപ കൊടുക്കേണ്ടതായിരുന്നു. 25 കോടി രൂപയേ കൊടുത്തിട്ടുള്ളൂ. ഈ വർഷം എ.ആർ.ആർ.- ഉം. ഇ.ആർ.സി.-യും കൊടുത്ത് 1,600 കോടി രൂപയുടെ ബാധ്യതയാണ് അവർ പറഞ്ഞത്. റവന്യൂ ഗ്യാപ്പ് 10 പൈസയും ഇതിലില്ല. അടുത്ത മാസം താരിഫ് 50 ശതമാനംകണ്ട് വർദ്ധിക്കുവാൻ പോകുകയാണ്. ഈ ബഡ്ജറ്റിന്റെ ഭാഗമായി അങ്ങ് എന്തെങ്കിലും പ്രഖ്യാപിക്കുമോ? കെ.എസ്.ആർ.ടി.സി.-ക്ക് 100 കോടി രൂപയാണ് പറഞ്ഞത്. ആ 100 കോടി രൂപകൊണ്ട് ആ സ്ഥാപനം നടക്കില്ല. ഇതാണ് പ്രധാനപ്പെട്ട രണ്ട് പ്രശ്നങ്ങൾ. ഈ പ്രശ്നത്തെ എങ്ങനെയാണ് ബഹുമാനപ്പെട്ട മന്ത്രി മീറ്റ് ചെയ്യാൻ പോകുന്നത്?

ശ്രീ. കെ. എം. മാണി: സർ, എന്റെ പ്രസംഗത്തിന്റെ അവസാനം വരെ ക്ഷമയോടെ കേട്ടിരിക്കുക. ..... (ബഹളം).....

മി. സ്പീക്കർ: നോ... നോ... അദ്ദേഹം സംസാരിക്കട്ടെ. പ്ലീസ്....

ശ്രീ. കെ. എം. മാണി: സർ, എടപ്പാടി ശ്രീനാരായണ പഠനകേന്ദ്രത്തിന് 15 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു. ..... (ബഹളം).... ബഡ്ജറ്റ് പ്രസംഗം പകുതിയായതേയുള്ളൂ. ബഹളം വച്ചിട്ട് കാര്യമുണ്ടോ? വെള്ളനാട്, ആര്യനാട്, തുരുത്തുംമൂല, ചായം, വിതുര ആര്യനാട്, കോട്ടയ്ക്കകം ലിങ്കും കളിയം നട-വലിയകലുങ്ക് ലിങ്കും വെള്ളനാട്-അരുവിക്കര ലിങ്കും ഒരൊറ്റ റിംഗ് റോഡായി വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭപ്രവർത്തനങ്ങൾക്ക് 5

കോടി രൂപ വകയിരുത്തുന്നു. ....... (ബഹളം).... അരീക്കോട്ടും പള്ളുരുത്തിയിലും നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ താലൂക്ക് ആശുപത്രിയാക്കി ഉയർത്തുന്നതാണ്. ...... (ബഹളം)...

<u>മി. സ്പീക്കർ</u>: യെസ്... അദ്ദേഹം വായിക്കട്ടെ. പ്ലീസ്.. പ്ലീസ്.... ഇങ്ങനെവന്നാൽ എങ്ങനെയാണ്... (ബഹളം)... അവസാനം വരെ വെയിറ്റ് ചെയ്യാൻ അദ്ദേഹം പറഞ്ഞല്ലോ. ..... (ബഹളം)... പ്ലീസ്... ഒരുകാര്യം... പ്ലീസ്.... (ബഹളം)

<u>ശ്രീ. കെ. എം. മാണി</u>: സർ, പ്രസംഗത്തിന്റെ അവസാനം വരെ ഇരുന്നാൽ അപ്പോൾ കേൾക്കാമല്ലോ. പ്രസംഗം പകുതിയായതേയുള്ളൂ.

<u>മി. സ്പീക്കർ</u>: പ്ലീസ്.. അദ്ദേഹം പറഞ്ഞുവരുന്നതല്ലേയുള്ളൂ.......... (ബഹളം)... ...

<u>ശ്രീ. കെ. എം. മാണി</u>: സർ, മൊയീൻകുട്ടി മാപ്പിള കലാ അക്കാഡമിക്ക് അനുവദിച്ചിരുന്ന 50 ലക്ഷം രൂപ 60 ലക്ഷം രൂപയായി ഉയർത്തുന്നു. കാസർഗോഡ് പാക്കേജ്...........കാസർഗോഡ് ഹാൻഡ്‌ലൂം വില്ലേജ് സ്ഥാപിക്കുന്നതാണ്....... (ബഹളം)....

<u>മി. സ്പീക്കർ</u>: സമ്മർദ്ദം ചെലുത്തി പറയിക്കാൻ ഒക്കുമോ.... (ബഹളം).... (മൈക്ക് ഓഫ്)...

<u>ശ്രീ. കെ. എം. മാണി</u>: സർ, മുലൂർ പത്മനാഭ പണിക്കർ സ്മാരകം 2 ലക്ഷം രൂപ, ഇന്റർനാഷണൽ ഫോക്‌ലോർ കേരളത്തിൽ നടത്താനുള്ള സഹായം 15 ലക്ഷം രൂപ.... (ബഹളം).... ഇവിടെ എന്താണ് കാണിക്കുന്നത്; ധനകാര്യ മന്ത്രിമാരെ സമ്മർദ്ദം ചെലുത്തി പറയിക്കാൻ ഒക്കുമോ? ............ (ബഹളം)......... വ്യാപാരി വ്യവസായി ക്ഷേമനിധി പെൻഷൻ 500 രൂപയിൽ

നിന്ന് 750 രൂപയായി വർദ്ധിപ്പിക്കുന്നതാണ്. സെക്ഷൻ 6(1) ടേൺ ഓവർ പരിധി 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി ഉയർത്തുന്നു. കണ്ണൂർ രാമത്തെരുവിൽ ഹാൻഡ്‌ലൂം വില്ലേജിനുവേണ്ടി 50 ലക്ഷം രൂപ വകയിരുത്തുന്നു. കൊടുങ്ങല്ലൂർ റവന്യൂ മൈതാനം കുഞ്ഞിക്കുട്ടൻ തമ്പുരാൻ സ്ക്വയർ ആയി പ്രഖ്യാപിച്ച് അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കുവാൻ 20 ലക്ഷം രൂപ അനുവദിക്കുന്നു. എറണാകുളം സ്മാർട്ട് സിറ്റി വന്നിരിക്കുന്ന പശ്ചാത്തലത്തിൽ ജെ.ഐ.സി.എ. സഹായത്തോടുകൂടി തുടങ്ങുന്ന ശുദ്ധജല പദ്ധതി ചേരാനെല്ലൂർ ഗ്രാമത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. ആലപ്പുഴ കുമാരപുരം പഞ്ചായത്തിൽ പഞ്ചായത്ത് സഹായത്തോടെ ഒരു പോളിടെക്നിക് സ്ഥാപിക്കുന്നതാണ്. മൂവാറ്റുപുഴയിൽ സ്റ്റേറ്റ് സിവിൽ സർവീസസ് അക്കാഡമിയുടെ ഒരു റീജിയണൽ സെന്റർ എം.എൽ.എ.യുടെ ആസ്തിഫണ്ടോടുകൂടി നിർമ്മിക്കുന്നതാണ്. ... (ബഹളം)

മി. സ്പീക്കർ.: ധനകാര്യമന്ത്രി... പ്ലീസ്... പ്ലീസ്.. (ബഹളം) പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദന് സംസാരിക്കാവുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കൂടുതൽ തുക അനുവദിക്കുന്നത് സംബന്ധിച്ച് ഓരോരുത്തർക്കും പറയുന്നതനുസരിച്ച് ട്രഷറി ബഞ്ചിൽനിന്ന്......... ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കാനാണ് ഞാൻ ഇത് പറയുന്നത്. ഗ്രൂപ്പ് ........(തടസ്സം) ....... പിന്നെ അതുവേണ്ടേ. ഞങ്ങളുടെ പുറകിൽനിന്ന് പറഞ്ഞുതരുന്നത് കേൾക്കുന്നത് ഒരു കുറച്ചിലായി ഞാൻ കരുതുന്നില്ല. ..........(ബഹളം)................. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ വികസനപ്രവർത്തനത്തിനും കോൺസ്റ്റിറ്റ്യൂവൻസിയുടെ

വികസനത്തിനുംവേണ്ടി പണം അലോട്ട് ചെയ്യുമ്പോൾ ........... അതുപോലെ തന്നെ മണ്ഡലത്തിലെ പ്രമുഖന്മാരായിട്ടുള്ള........... മൊയ്തുമൗലവിയുടെ സ്മാരകത്തിനുതന്നെയില്ല. കോഴിക്കോട് ശ്രീ. എ. പ്രദീപ്കുമാറിന്റെ മണ്ഡലമായതുകൊണ്ടാണ് അലോട്ട്മെന്റൊന്നുമില്ലാത്തത്. ............(ബഹളം)..............

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്..... ഒന്നുകിൽ അങ്ങ് സംസാരിക്കൂ. അല്ലെങ്കിൽ .......(ബഹളം).....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ധനകാര്യ വകുപ്പുമന്ത്രി, ഇതേപോലുള്ള വിവേചനപരമായ നിലയിലുള്ള ഒരു സമീപനം, ചോദിക്കുന്നത് കൊടുക്കാമെന്ന് പറഞ്ഞിട്ട് അപ്പുറത്തുള്ളവർ ചോദിക്കുന്നത് കൊടുക്കുകയും ഇപ്പുറത്തുള്ളവർ ചോദിക്കുന്നത് കൊടുക്കാതിരിക്കുകയും ചെയ്യുന്ന സമീപനം തെറ്റാണ്. കെ.എസ്.ആർ.ടി.സി.-ക്കും, കെ.എസ്.ഇ.ബി.-ക്കും ഒന്നും കൊടുത്തില്ല. ആയിരത്തിന്റെ വ്യത്യാസത്തിന് നിങ്ങൾ മാറ്റിവച്ചത് വെറും 100 കോടി രൂപയാണ്. അതിന് എന്തെങ്കിലും പരിഹാരമുണ്ടാക്കുമോ?

ശ്രീ. കെ. എം.മാണി: പ്രതിപക്ഷത്തിന് വല്ലതുമുണ്ടെങ്കിൽ പറഞ്ഞോ. എന്നേയും ശ്രീ. ആര്യാടൻ മുഹമ്മദിനേയും തമ്മിൽ പിണക്കിക്കാൻ നോക്കണ്ട. അത് ഞങ്ങൾ നോക്കിക്കൊള്ളാം. ......(ബഹളം).......... പ്രതിപക്ഷത്തിന്റേത് പറയാം. നാല് കിൻഫ്രാ പാർക്കുകൾ അനുവദിച്ചത് പ്രതിപക്ഷത്തിന്റെ കോൺസ്റ്റിറ്റ്യൂവൻസിയിലാണ്. ശ്രീ. അച്ചുതാനന്ദന്റെ കോൺസ്റ്റിറ്റ്യൂവൻസിയിലാണ് ടെക്സ്റ്റയിൽ പാർക്ക് സ്ഥാപിക്കുന്നത്. .......(ബഹളം).........

മി.സ്പീക്കർ: അദ്ദേഹം പറയട്ടെ. നോ...... നോ...... അദ്ദേഹം ഓരോ സ്ഥലത്തും അനുവദിച്ച കാര്യം പറയുമ്പോൾ അതിൽ കയറി ഇടപെടുന്നതെന്തിനാണ്. .......(ബഹളം)........ യെസ്, പ്ലീസ്.

ശ്രീ. കെ. എം. മാണി: സർ ഞാൻ പ്രതിപക്ഷത്തെ .........(ബഹളം)......... ഇത് കരുതിക്കൂട്ടിയുള്ള ഒരു പരിപാടിയാണ്. ഭരണകക്ഷിക്ക് പരാതിയുണ്ട്. കിൻഫ്രാ പാർക്കുകൾ അനുവദിച്ചത് മുഴുവനും ഇടതുപക്ഷ നിയോജകമണ്ഡലങ്ങളിലാണ്.. .......(ബഹളം)......... ഇവർ ബഹളമുണ്ടാക്കാൻ കരുതിക്കൂട്ടി വന്നിരിക്കുകയാണ്. ........(ബഹളം)........

മി. സ്പീക്കർ: കെ.എസ്.ആർ.ടി.സി.യുടേത് പറയും . പ്ലീസ്.......(ബഹളം)........ കെ.എസ്.ആർ.ടി.സി.യുടേത് പറഞ്ഞല്ലോ. ...... (ബഹളം)........ അങ്ങനെയാണോ. .....(ബഹളം).........

ശ്രീ. കെ. എം. മാണി: സർ, കൺസ്യൂമർ ഫെഡിന് സാമ്പത്തിക പിൻബലം നൽകുന്നതാണ്. കൺസ്യൂമർ ഫെഡിന് സാമ്പത്തിക പിൻബലം നൽകാൻ 10 കോടി രൂപ കൂടുതലായി വയ്ക്കുന്നുണ്ട്. .........(ബഹളം)........

മി. സ്പീക്കർ: എന്തിനാണ് ആവശ്യമില്ലാതെ ഇങ്ങനെ വേഷം കെട്ടുന്നത് ശ്രീ. ശിവൻകുട്ടി. ......(ബഹളം)....... ശിവൻകുട്ടി മാത്രമേയുള്ളോ ഇവിടെ എം.എൽ.എ. അത് ശരിയല്ല.. പ്ലീസ്...... (ബഹളം)......അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഓരോ സ്ഥലം പറഞ്ഞപ്പോഴും പ്രതിപക്ഷത്തു നിന്നും ബഹളമുണ്ടായല്ലോ. അപ്പോൾ ബഹളമുണ്ടായില്ലേ. ...... അദ്ദേഹം പറയട്ടെ.......(ബഹളം)........ അദ്ദേഹം സംസാരിക്കട്ടെ. ......(ബഹളം)..... ഇതിങ്ങനെയാണോ........ ഇതൊന്നും ശരിയല്ല. ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ള ഡോ. ടി. എം.തോമസ് ഐസക് ഇവിടെയുണ്ട്. അന്ന് ധനകാര്യ വകുപ്പുമന്ത്രിയെ ഗൺപോയിന്റിൽ നിറുത്തിയിട്ടല്ല ആരും കാര്യങ്ങൾ സംസാരിച്ചിട്ടുള്ളത്. ഡോ. ടി. എം.തോമസ് ഐസക് ഇവിടെ ഉണ്ടല്ലോ. ......(ബഹളം)...... അങ്ങനെയൊന്നുമല്ല. യെസ്....യെസ്...... അങ്ങ് സംസാരിക്കൂ........(ബഹളം)....

പ്ലീസ്..... ഇതൊന്നും ശരിയല്ല. .....(ബഹളം)....... ഇവിടെ ബഹളമുണ്ടാക്കുന്ന ഒരു എം.എൽ.എ. മുമ്പിൽനിന്ന് ബഹളമുണ്ടാക്കുമ്പോൾ അതിന്റെകൂടെ നേതാക്കന്മാർ കൂടരുത്. .....(ബഹളം)...... യെസ്.......യെസ്...... പ്ലീസ്....ശ്രീ. എ. കെ. ബാലൻ.... പ്ലീസ്.......പ്ലീസ്......ഇതൊന്നും ശരിയല്ല. മുമ്പിൽ വന്ന് ഒരു എം.എൽ.എ. വഴക്കുണ്ടാക്കുമ്പോൾ അതിന്റെ കൂടെ നേതാക്കന്മാർ ചേരുന്നത് ശരിയല്ല. അതൊന്നും നേതൃത്വവുമല്ല......(ബഹളം)........ശ്രീ. ശിവൻകുട്ടി ....... ......(ബഹളം)........അതൊന്നുമല്ല, യെസ്.......യെസ്.

(പ്രതിപക്ഷാംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ച് ഒന്നടങ്കം സഭവിട്ട് പുറത്തുപോയി)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി മുഴുവൻ കേൾക്കാൻപോലും തയ്യാറാകാതെ, ഈ ബഡ്ജറ്റ് ഇവിടെ പൊതുവേ അംഗീകരിച്ചൊരു ബഡ്ജറ്റാണ്. ഈ ബഡ്ജറ്റ് കർഷകരേയും കർഷകരുടെ അദ്ധ്വാനത്തേയും അംഗീകരിച്ചുകൊണ്ട് ഹൈടെക് കൃഷി സമ്പ്രദായത്തിലേയ്ക്ക് പോകുന്ന വളരെയേറെ പരിപാടികളുമുള്ളതാണ്. അതിനേക്കാളൊക്കെ വലുത് ദേശീയ മാധ്യമങ്ങൾപോലും ഈ ബഡ്ജറ്റിനെ പ്രശംസിച്ചു. നമ്മൾ പുതിയ തലമുറയ്ക്ക് കൊടുക്കുന്ന അംഗീകാരം, സ്റ്റാർട്ട് അപ്പ് സംവിധാനത്തിന് നൽകിയിട്ടുള്ളത് 75 കോടി രൂപയാണ്. പുതിയ സംരംഭകർക്കുവേണ്ടി വച്ചിട്ടുള്ളത് 75 കോടി രൂപയാണ്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും അത് ചെയ്തിട്ടില്ല. അങ്ങനെയുള്ള ഒരു ബഡ്ജറ്റിന്റെ മറുപടിപ്രസംഗം കേൾക്കാതെ പോയത് വളരെ നിർഭാഗ്യകരമാണ്. ഈ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി ഏറ്റവും കൂടുതൽ സാമ്പത്തിക ബാധ്യത വരുന്ന ഒരു വലിയ ഉത്തരവാദിത്വം എടുത്തത് ഒരൊറ്റ കോളേജ്

പോലുമില്ലാത്ത നിയോജകമണ്ഡലങ്ങളിൽ കോളേജ് കൊടുക്കുമെന്നുള്ള താണ്. അത് എല്ലാപേർക്കും ബാധകമാണ്. കൂടുതലും പ്രതിപക്ഷത്തിന്റെ നിയോജകമണ്ഡലങ്ങളിലാണ് അത് വരാൻ പോകുന്നത്. ഒരു വിവേചനം നൽകണമെന്നുണ്ടായിരുന്നെങ്കിൽ 5 അല്ലെങ്കിൽ 10 കോളേജ് കൊടുക്കാ മെന്ന് പറഞ്ഞാൽ ആരെങ്കിലും കുറ്റപ്പെടുത്തുമോ? ഇന്നുവരെ 22 കോളേജു കൾ ഒന്നിച്ചുകൊടുക്കുന്നത് കഴിഞ്ഞ 30 കൊല്ലകാലത്തിനിടയ്ക്ക് ഉണ്ടായി ട്ടില്ല. അങ്ങനെ എല്ലാവരോടും നീതി കാണിക്കുന്ന വിധത്തിലുള്ള കാര്യങ്ങ ളെടുത്തു. സഭയിൽ വന്നിട്ടുള്ള നിർദ്ദേശങ്ങളുടെയൊക്കെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. ഇനിയും പലതും പറയാനുള്ളത് എല്ലാ പേർക്കും കിട്ടത്തക്കവിധത്തിലുള്ളതാണ്. പക്ഷേ അത് കേൾക്കാൻ പോലും തയ്യാറാകാതെ, അവർക്കിത് കേട്ടിട്ട് അവർക്ക് സ്ട്രോംഗ് ഗ്രൗണ്ടുണ്ടെങ്കിൽ അതുവച്ച് വിമർശിക്കാമല്ലോ. ധനകാര്യ വകുപ്പുമന്ത്രിയെ വിമർശിക്കാം, ഈ ഗവൺമെന്റിനെ ജനങ്ങളുടെ മുന്നിൽ വിമർശിക്കാം. ഇടതുപക്ഷത്തിന്റെ എം.എൽ.എ.മാരുള്ള നിയോജകമണ്ഡലമെന്നുപറഞ്ഞാൽ അവരുടേതുമാത്ര മാണോ? യു.ഡി.എഫ്.-നും അവിടെ താല്പര്യമുണ്ട്. അവിടെ പ്രത്യേകമാ യിട്ടുള്ള സംവിധാനങ്ങളുണ്ട്. ഇതൊന്നും കേൾക്കാൻ തയ്യാറാകാതെ പോയ നടപടി ഈ സഭയുടെ ചരിത്രത്തിലെ നിർഭാഗ്യകരമായിട്ടുള്ള ഒരു സംഭവമാ യിപ്പോയി. അത് ഞാൻ വ്യക്തമാക്കുന്നു.

മി. സ്പീക്കർ: ഇതുമാത്രമല്ല. ചെയറിന് പറയാനുള്ളത്, ബഡ്ജറ്റ് പ്രസം ഗചർച്ചയുടെ അവസാനദിവസം ഇവിടെ ധാരാളം വിമർശനങ്ങളുണ്ടായിട്ടു ണ്ട്. ഒരു സന്ദർഭത്തിലും ബഡ്ജറ്റ് പ്രസംഗം അവതരിപ്പിച്ച ധനകാര്യ വകു പ്പുമന്ത്രിയെ ഗൺപോയിന്റിൽ എന്നുതന്നെ ഞാൻ പറയുന്നു, തോക്കിന്റെ

മുനയിൽ നിറുത്തികൊണ്ടൊന്നും ഒരു കാര്യവും നേടിയിട്ട് ആരും പോയിട്ടുമില്ല, അങ്ങനെ സംസാരിച്ചിട്ടുമില്ല. അത് ശരിയല്ല. ഏതെങ്കിലും പ്രദേശത്ത് ഒരു ഇംബാലൻസിംഗ് ഉണ്ടെങ്കിൽ തീർച്ചയായും അത് ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്. പക്ഷേ ഒരു കാര്യം ചെയർ ശ്രദ്ധിച്ചിട്ടുണ്ട്. ബഡ്ജറ്റ് അവതരണത്തിന് ശേഷം ഒരുപാട് പരാതികൾ വേറൊരു ഭാഗത്തുനിന്നാണ് വന്നത്. അപ്പോൾ പിന്നെ ആരും മിണ്ടിയില്ല. ഇത്രയുമേ എനിക്ക് പറയാനുള്ളൂ. ഇവിടെ ഏതെങ്കിലും ഒരു എം.എൽ.എ. അസ്വസ്ഥതകാണിച്ച് മുമ്പിലോട്ട് പാഞ്ഞുവരുമ്പോൾ അത് ഭരണപക്ഷമായാലും പ്രതിപക്ഷമായാലും എന്തെന്നന്വേഷിക്കാതെ മുമ്പോട്ടു ചാടിവരുന്ന എം.എൽ.എ.യ്ക്കുപുറകേ ആലോചിക്കാതെ നേതാക്കന്മാരുൾപ്പെടെ വന്നുനിന്നുകൊണ്ട് ഇത്തരം ഒരു സീൻ നിയമസഭയ്ക്കകത്തുണ്ടാക്കുന്നത് ഒരിക്കലും ജനാധിപത്യത്തിന് അനുയോജ്യമായ കാര്യമല്ല.. അതിനുള്ള സ്ട്രോംഗ് റിസർവേഷൻ ചെയർ ഇവിടെ രേഖപ്പെടുത്തുന്നു.

<u>ശ്രീ. കെ. എം. മാണി</u>: സർ, എനിക്കിതിനെപ്പറ്റി പറയാനുള്ളത് ഉറങ്ങികിടക്കുന്നവനെ നമുക്ക് വിളിച്ചെഴുന്നേല്പിക്കാം. ഉറക്കം നടിക്കുന്നവരെ വിളിച്ചെഴുന്നേല്പിക്കാനൊക്കുമോ? പ്രതിപക്ഷത്തിന് എത്രയോ കാര്യങ്ങളാണുള്ളത്. എന്റെ ബഡ്ജറ്റ് പ്രസംഗത്തിലെ 185-ാമത്തെ പാരഗ്രാഫ് അവർ വായിച്ച് നോക്കിയിട്ടുണ്ടോ എന്നറിയില്ല. അവർക്ക് ചെവിയുണ്ടെങ്കിൽ കേൾക്കട്ടെ. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട് കഞ്ചിക്കോട്ട് ലോകോത്തര നിലവാരമുള്ള തുണി വ്യവസായ പാർക്ക്, ഒറ്റപ്പാലത്ത് വ്യവസായ പാർക്ക്, കൊല്ലത്ത് കിൻഫ്രാ ബിസിനസ് പാർക്കും കാസർഗോഡ് ഉദുമയിൽ ചെറുകിട വ്യവസായ പാർക്കും എറണാകുളത്ത് ITPO-യുമായി

ചേർന്ന് അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ. ഇതൊക്കെ എവിടെയാണ്. ഇതെല്ലാം പ്രതിപക്ഷങ്ങളുടെ കോൺസ്റ്റിറ്റ്യൂവൻസിയിലാണ്.. ഇങ്ങനെ ബഡ്ജറ്റ് ഓരോന്നുമെടുത്തു നോക്കിയാൽ കിൻഫ്രാ പാർക്ക് നാലെണ്ണം പ്രതിപക്ഷ കോൺസ്റ്റിറ്റ്യൂവൻസിയിലാണ്. ഇവിടെ ഭരണകക്ഷി പറഞ്ഞു, ഞങ്ങൾക്കൊന്നുമില്ല, പ്രതിപക്ഷത്തിന്റേതാണെന്ന്. ഇവിടെ ഭരണകക്ഷി യെന്നോ പ്രതിപക്ഷമെന്നോ നോക്കിയിട്ടില്ല. വളരെ ആവശ്യമായ കാര്യങ്ങൾ ഇതിൽ പറയുന്നു. അവർക്കെന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഇടയ്ക്ക് എന്നോട് ചോദ്യം ചോദിക്കാം. അപ്പോൾ ഞാൻ ക്ലാരിഫൈ ചെയ്യാം. ഏതെങ്കിലും പുതിയ ആവശ്യമുണ്ടെങ്കിൽ വീണ്ടും സഭയിൽ പറയാം. ഇതിന് അവസാനം ഒരു സമയമുണ്ട്. അതുപോലും നോക്കിയിരിക്കാതെ പോയിരിക്കുന്നത് ഈ ബഡ്ജറ്റ് പ്രസംഗവും അതിന്റെ മറുപടിയും ഈ ഗവൺമെന്റിന്റെ ശോഭ വർദ്ധിപ്പിക്കുന്നു. ഇങ്ങനെ ഇമേജ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അവർക്ക് അസഹിഷ്ണുതയുണ്ട്. അതുകൊണ്ട് അവർ മാറിപ്പോയി എന്നുള്ളതേയുള്ളൂ. ഏതായാലും വലിയൊരു അനുകമ്പയാണ് എനിക്ക് അവരോടുള്ളത്.

സർ, ചെറുകിട വ്യവസായിയും ചെറുകിട വ്യാപാരിയും രണ്ടാണ്. ചെറുകിട വ്യാപാരി ക്ഷേമനിധി വർദ്ധിപ്പിക്കുന്നതായി ഞാൻ പറഞ്ഞു. ചെറുകിട വ്യവസായി സാമൂഹ്യ സുരക്ഷയുംകൂടിയുണ്ട്. ചെറുകിട വ്യവസായി സാമൂഹ്യ സുരക്ഷയ്ക്ക് കൂടുതൽ പണം അനുവദിക്കുന്നതാണ്. എയ്ഡഡ് കോളേജുകളിലെ നോൺ-ടീച്ചിംഗ് സ്റ്റാഫിന്റെ പാറ്റേൺ വിദ്യാഭ്യാസ കൗൺസിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വിനോദ സഞ്ചാര

മേഖലകൾ കൂടുതൽ ജനകീയവത്ക്കരിക്കുന്നതിന് 50 പഞ്ചായത്തുകളിൽ ജനകീയ ടൂറിസം നടപ്പിലാക്കും. അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 3 കോടി രൂപ വകകൊള്ളിക്കുന്നു. കേരളാ പോലീസിന് ഒരു ഇൻഷ്വറൻസ് സ്കീം കൊണ്ടുവരുന്നുണ്ട്; അതിനാവശ്യമായ തുക നൽകുന്നതാണ്. ഒരു വലിയ പ്രഖ്യാപനം നടത്താൻ പോകുകയാണ്, പ്രതിപക്ഷത്തിന് കേൾക്കാൻ ഭാഗ്യമുണ്ടായില്ലല്ലോ, അത് പ്രതിപക്ഷം കേൾക്കേണ്ടതായിരുന്നു. കേരള ത്തിൽ പുതിയതായി പതിനൊന്ന് താലൂക്കുകൾ അനുവദിക്കുകയാണ്. അതെല്ലാം പ്രതിപക്ഷത്തിനുംകൂടിയുള്ളതല്ലേ? മഞ്ചേശ്വരം, വെള്ളരിക്കുണ്ട്, ഇരിട്ടി, താമരശ്ശേരി, കൊണ്ടോട്ടി, പട്ടാമ്പി, ചാലക്കുടി, ഇടുക്കി, കോന്നി, കാട്ടാക്കട, വർക്കല എന്നിങ്ങനെ പതിനൊന്ന് താലൂക്കുകൾ പുതിയതായി അനുവദിക്കുകയാണ്. അതിനായി 33 കോടി രൂപ നീക്കിവയ്ക്കുന്നു. ഈ താലൂക്ക് അനുവദിക്കുന്നതിന്റെ പ്രവർത്തനങ്ങളിലേയ്ക്ക് ഉടനെതന്നെ കട ക്കുന്നതാണ്. കൺസ്യൂമർഫെഡിന് കുറച്ചുകൂടി തുക ആവശ്യമായതിനാൽ 5 കോടി രൂപ കൂടി കൺസ്യൂമർഫെഡിന് നീക്കിവയ്ക്കുന്നു. താലൂക്ക് ഹോസ്പിറ്റലിന് മുകളിലേയ്ക്കുള്ള ഹോസ്പിറ്റലുകളിൽ ഫ്രീ സപ്ലൈ ഓഫ് മെഡിസിനുവേണ്ടി 25 കോടി രൂപ അഡീഷണലായി വകയിരുത്തുന്നു. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിക്കുവേണ്ടി 50 കോടി രൂപ മാറ്റിവ യ്ക്കുന്നു. കേരള പത്രപ്രവർത്തക ആരോഗ്യപരിരക്ഷാ പദ്ധതിക്കുവേണ്ടി 60 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു. കടൽ സുരക്ഷാ പദ്ധതിക്ക് 4.5 കോടി രൂപ അഡീഷണലായി മാറ്റിവയ്ക്കുന്നു. സീറോ ലാന്റ്ലെസ് പ്രോജക്ടിനുവേണ്ടി 5 കോടി രൂപ മാറ്റിവയ്ക്കുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് അഡീഷ

ണലായി 75 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു. ജി. ശങ്കരക്കുറുപ്പ് സ്മാരകത്തിന് 30 ലക്ഷം രൂപയും ചങ്ങമ്പുഴ സ്മാരകത്തിന് 30 ലക്ഷം രൂപയും രാജീവ് ഗാന്ധി ഏവിയേഷൻ അക്കാഡമിക്ക് 25 ലക്ഷം രൂപയും പറവൂരിൽ നാട്ടാന ചികിത്സാ കേന്ദ്രത്തിന് 25 ലക്ഷം രൂപയും വകയിരുത്തുന്നു. തൃത്താല, നാദാപുരം നിയോജക മണ്ഡലങ്ങളിൽ ഭൂമി ഫ്രീയായി നൽകിയാൽ കോളേജുകൾ സ്ഥാപിക്കുന്നതാണ്. ഈ രണ്ട് സ്ഥലങ്ങളിൽ മാത്രമല്ല, ഏതെല്ലാം കോൺസ്റ്റിറ്റ്യുവൻസികളിലാണോ കോളേജുകളില്ലാത്തത് അവിടെയെല്ലാം ഫ്രീയായി സ്ഥലം ലഭ്യമാക്കിയാൽ കോളേജുകൾ സ്ഥാപിക്കുന്നതാണ്.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, കൊടുവള്ളിയിൽ ഗ്രാമപ്പഞ്ചായത്ത് അഞ്ചേക്കർ സ്ഥലം വാങ്ങിവച്ചിട്ടുണ്ട്.

ശ്രീ. കെ. എം. മാണി: സർ, അതുകൂടി ഉദ്ദേശിച്ചാണ് പറഞ്ഞത്. ഞാൻ ഒരു കാര്യം വ്യക്തമാക്കട്ടെ, കെ.എസ്.ആർ.ടി.സി.-യിൽ വലിയൊരു സാമ്പത്തിക പ്രതിസന്ധിയുണ്ട്. പ്രതിപക്ഷം കെ.എസ്.ആർ.ടി.സി.-യുടെ കാര്യം എപ്പോഴും സഭയിൽ പറയുന്നതിന്റെ അർത്ഥവും പൊരുളും എനിക്കറിയാം. ശ്രീ. ആര്യാടൻ മുഹമ്മദും ഞാനും തമ്മിൽ ഉരസട്ടെ എന്നു കരുതിയാണ്. പക്ഷെ എനിക്ക് ആത്മാർത്ഥതയുള്ളതുകൊണ്ട് ഒരു കാര്യം പറയുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ ഇന്നത്തെ പ്രശ്നം പരിഹരിക്കണം. 100 കോടി രൂപ അഡീഷണലായി അനുവദിച്ചു, ഇനിയും കൊടുക്കണം. പക്ഷെ മെമ്പർമാർ അറിഞ്ഞിരിക്കേണ്ട ഒരു കാര്യമുണ്ട്. ഒരു ബഡ്ജറ്റ് പ്രസംഗത്തിലൂടെ മാത്രം പരിഹരിക്കാവുന്ന വിഷയമല്ല കെ.എസ്.ആർ.ടി.സി.-യുടേത്. അത് വിപുലമായൊരു പ്രശ്നമാണ്. അത് എങ്ങനെ വേണം, അതിനുള്ള റിസോഴ്സ് എങ്ങനെ കണ്ടെത്തണം എന്നുള്ളതെല്ലാം ക്യാബിനറ്റ് സമഗ്രമായി

ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും അടുത്ത ദിവസം അനുവദിച്ച 100 കോടി രൂപയ്ക്കുപുറമേ 100 കോടി രൂപ കൂടി കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിക്കുകയാണ്. നമ്മുടെ കൊച്ചു കേരളത്തിലെ കൊച്ചു സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇതിൽ കൂടുതൽ എങ്ങനെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കും? എനിക്ക് വലിയ സംതൃപ്തിയുണ്ട്. നല്ലൊരു ബഡ്ജറ്റ്, നല്ല രീതിയിൽ ഇവിടെനിന്നും വന്ന നിർദ്ദേശങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞുവെന്ന് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പാലോട് രവി: സർ, അങ്ങ് ഇവിടെ അവതരിപ്പിച്ച മൂന്ന് ബഡ്ജറ്റിനുമുമ്പും എന്റെ നിയോജക മണ്ഡലത്തിലെ മൂന്ന് കാര്യങ്ങൾ അങ്ങേയ്ക്ക് എഴുതി നൽകിയിരുന്നു. ഇവിടെ നിയോജക മണ്ഡലങ്ങളുടെ പേരുകൾ പറഞ്ഞ് കാര്യങ്ങൾ പ്രഖ്യാപിക്കുന്നത് നല്ലതാണ്. ഈ ബഡ്ജറ്റിനെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്ന ഒരാളാണ് ഞാൻ. മറ്റു നിയോജക മണ്ഡലങ്ങളിൽ അനൗൺസ് ചെയ്യുന്നതിൽ എനിക്ക് പ്രയാസമില്ല. ഒരു താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയാക്കണമെന്നും അവിടെ ഒരു മിനി സിവിൽസ്റ്റേഷൻ വേണമെന്നും ഒരു ആർ.ഡി. ഓഫീസ് വേണമെന്നും ഈ മൂന്ന് ബഡ്ജറ്റിനുമുമ്പും ഞാൻ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. ബഹുമാന്യനായ സ്പീക്കറുടെ നിയോജക മണ്ഡലത്തിന്റെയും തിരുവനന്തപുരം നഗരത്തിന്റെയും മദ്ധ്യത്തുകിടക്കുന്ന ഒരു പിന്നോക്ക പ്രദേശമാണ് എന്റെ മണ്ഡലമെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്. ഈ മൂന്ന് ബഡ്ജറ്റിൽ ഏതെങ്കിലുമൊന്നിൽ ആ നിയോജക മണ്ഡലത്തിന്റെ പേര് ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; അവിടെ ഏതെങ്കിലുമൊരു കാര്യം പറഞ്ഞിട്ടുണ്ടോ? അങ്ങയുടെ അടുത്തു വന്ന് പറയുമ്പോൾ എഴുതിക്കൊണ്ടുവന്നാൽ തരാമെന്ന് സ്നേഹത്തോടെ

പറയുന്നുണ്ട്. ആ നിയോജക മണ്ഡലത്തിലെ ജനങ്ങളുടെ വികാരമാണ് ഞാനിവിടെ പ്രകടിപ്പിക്കുന്നത്. എനിക്ക് അങ്ങയോട് ബഹുമാനവും സ്നേഹവുമുണ്ട്.

ശ്രീ. കെ. എം. മാണി: സർ, ആ സ്നേഹത്തോടുകൂടി ഞാൻ മറുപടി പറയട്ടെ, ബഹുമാനപ്പെട്ട പാലോട് രവീ, എന്റെ പ്രസംഗം അവസാനിപ്പിച്ചി ട്ടില്ലായിരുന്നു. നെടുമങ്ങാടിന്റെ കാര്യം ഞാൻ എഴുതി വച്ചിട്ടുണ്ടായിരുന്നു. നെടുമങ്ങാട് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. അതിനാവശ്യമായ പണം അനുവദിക്കുന്നതാണ്. വിദ്യാർത്ഥികൾക്കെല്ലാം യൂണിഫോം കൊടു ക്കണമെന്ന ഒരാവശ്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉന്നയിച്ചു. തീർച്ചയായും അതിനെക്കുറിച്ച് ക്യാബിനറ്റ് ലെവലിൽ ആലോചിച്ച് അതി നുള്ള നടപടികൾ സ്വീകരിക്കാം. പല കാര്യങ്ങളും ചെയ്യാനായിട്ടുണ്ട്. അതു കൊണ്ട് എല്ലാം പൂർത്തിയായി എന്ന് ഞാൻ പറയുന്നില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഈ ബഡ്ജറ്റിനെ സർവ്വാത്മനാ സ്വാ ഗതം ചെയ്യുന്ന ഒരാളാണ് ഞാൻ. എന്റെ മണ്ഡലത്തിനുവേണ്ടി പ്രത്യേക മായി ഞാനൊന്നും ചോദിച്ചിട്ടില്ല. പക്ഷെ, കോഴിക്കോട് വിമാനത്താവള ത്തിന്റെ വികസനത്തിനുവേണ്ടി ഫണ്ട് അനുവദിക്കണമെന്ന് ഞാൻ പറഞ്ഞി രുന്നു. കൂടാതെ, പ്രവാസികൾക്കുവേണ്ടി പ്രവാസികൾ നടത്തുന്ന ഒരു ബാങ്ക് രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന നിർദ്ദേശവും പറ ഞ്ഞിരുന്നു. ഈ രണ്ട് വിഷയങ്ങളും പരിഗണിക്കണമെന്ന് അപേക്ഷിക്കുക യാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അങ്ങയുടെ കഴിഞ്ഞ ബഡ്ജറ്റിൽ ബി.പി.എൽ. വിദ്യാർത്ഥികളുടെ 2004 മുതൽ 2009 വരെയുള്ള കാലഘട്ട

ത്തിലെ വിദ്യാഭ്യാസ വായ്പയുടെ പലിശ ഒഴിവാക്കി. ഈ ബഡ്ജറ്റിൽ മൂന്ന് ലക്ഷം വരെ വരുമാനമുള്ള എ.പി.എൽ. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ പലിശ ഒഴിവാക്കി. ഞാൻ അങ്ങേയ്ക്ക് എഴുതി നൽകിയിട്ടുള്ള താണ്, ഇതിൽ വികലാംഗരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ വരുമാന പരിധി പൂർണ്ണമായും ഒഴിവാക്കിയാൽ അതൊരു അംഗീകാരമായി രിക്കും. അതുപോലെ 2002 വരെയുള്ള വിദ്യാഭ്യാസ വായ്പയും 2009 മുത ലുള്ള വിദ്യാഭ്യാസ വായ്പയും കേന്ദ്ര സർക്കാർ എഴുതിത്തള്ളി. 2004-ന് മുമ്പ് 2003 കൂടിയുണ്ട്. ഒരു വർഷം കൂടിയുണ്ട്. ഈ ബഡ്ജറ്റിൽ അതുകൂടി ഉൾക്കൊള്ളിക്കണമെന്നും വികലാംഗരുടെ വിദ്യാഭ്യാസ വായ്പയുടെ വരു മാനപരിധി പൂർണ്ണമായും ഒഴിവാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, വിദ്യാഭ്യസ വായ്പയിൽ മൂന്ന് ലക്ഷം രൂപ യെന്നുള്ളത് നാലര ലക്ഷം രൂപവരെയാക്കുമെന്ന് ഒരു ചർച്ച വന്നതാണ്. അങ്ങ് അക്കാര്യം പുന:പരിശോധിക്കുന്നുണ്ടോ; 2003 മുതൽ 2009 വരെയുള്ള പലിശ നാലര ലക്ഷം രൂപ ലിമിറ്റ് വയ്ക്കാൻ കഴിയുമോ? അതുപോലെ കഴി യുമെങ്കിൽ മുണ്ടക്കയത്തെ ട്രാൻസ്പോർട്ട് ബസ് സ്റ്റാൻഡിന് പത്ത് ലക്ഷം രൂപ കൂടി അനുവദിക്കാമോ? പത്ത് ലക്ഷം രൂപ മതി, ബാക്കി ഞാൻ കൊടു ത്തോളാം.

<u>ശ്രീ. കെ.എം. മാണി</u>: ഇനി വേറെ സാമ്പത്തിക ബാധ്യതകൾ പറയില്ല എന്ന വിശ്വാസത്തിൽ മുണ്ടക്കയം ട്രാൻസ്പോർട്ട് സ്റ്റേഷന് കുറച്ചുകൂടി രൂപ അനുവദിക്കുന്നതാണ്; ആവശ്യമായ തുക തരാം. ബഡ്ജറ്റ് എന്ന് പറയുന്നത് പ്രസംഗമല്ലല്ലോ; ബഡ്ജറ്റ് ഡോക്യുമെന്റ്സില്ലേ. അതിനാവശ്യമായ തുക ബഡ്ജറ്റിലുണ്ട്. അത് പ്രസംഗത്തിൽ പറയേണ്ട കാര്യമില്ല. അതുകൊണ്ട് കോഴിക്കോട് വിമാനത്താവളത്തിന് ആവശ്യമായ തുക വച്ചിട്ടുണ്ട്. കോഴി

ക്കോട് മൊയ്തു മൗലവി സ്മാരകത്തിന് പത്ത് ലക്ഷം രൂപ വകയിരുത്തുന്നു. വികലാംഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയ്ക്ക് ഒരു പ്രത്യേ കതയായി അവരുടെ ഇൻകം ലിമിറ്റ് കുറച്ചുകൂടി ഉയർത്താം. അങ്ങനെയു ളളവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. പത്തനാപുരത്ത് കൂടി ഒരു പുതിയ താലൂക്ക് അനുവദിക്കുന്നതാണ്. ഇത്രയും കാര്യങ്ങളേ പറയാനുള്ളൂ. ബഹുമാനപ്പെട്ട മെമ്പർമാർ നൽകിയിട്ടുളള നിർദ്ദേശങ്ങൾക്കും സഹകരണ ങ്ങൾക്കും ഞാൻ പ്രത്യേകം നന്ദി പറയുന്നു. നമുക്കെല്ലാവർക്കും കൂടി ഒരു മിച്ച് തുഴയാം, ഒരുമിച്ച് നീന്താം, ലക്ഷ്യ സ്ഥാനത്തെത്താം. എല്ലാവർക്കും നന്ദി.

മി. സ്പീക്കർ: , ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അറിവി ലേയ്ക്ക് ഒരു കാര്യം പറയാനുണ്ട്.

ശ്രീ. കെ. എം. മാണി: സർ, ആറ്റുകാൽ ടൗൺഷിപ്പ് രൂപീകരണത്തിന് വേണ്ടി 10 കോടി രൂപ വകയിരുത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ അധികം ചില പ്രഖ്യാപനങ്ങൾ നടത്തി. അത് ബുക്കിൽ തന്നിരിക്കുന്നതിന്റെ അധിക ചെലവും വർഷാന്ത്യ റൊക്ക ബാക്കിയുടെ മൈനസുമെല്ലാം വരും. അത് ഒന്നുകിൽ ഇന്ന് പറയണം. അല്ലെങ്കിൽ നാളെ പറയാമെന്ന് സഭയിൽ പറഞ്ഞാലും മതി.

ശ്രീ. കെ. എം. മാണി: ഇപ്പോൾ പറയാം. രണ്ട് മിനിട്ടു മതി. ബഡ്ജറ്റ് പ്രസംഗ പ്രകാരം വർഷാന്ത്യ റൊക്ക ബാക്കി 526.57 കോടി രൂപയായിരുന്നു. 298.47 കോടി രൂപയുടെ അധിക ചെലവ് ഇപ്പോൾ പ്രഖ്യാപിച്ച പരിപാടികളി ലൂടെ വരുന്നുണ്ട്. പുതുക്കിയ ക്ലോസിംഗ് -825.04 കോടി രൂപയാണ്. ബാലൻസ് -825.04 കോടിയിൽ നിന്ന് 30 കഴിച്ച് 825.34 ആണ് ഫൈനൽ

പോയിന്റ്. കമ്മി 825.34 കോടി രൂപ ആയിരിക്കും. അത് ടൈപ്പ് ചെയ്ത് നിയമസഭയിൽ നൽകുന്നതാണ്. ഇപ്പോഴത്തെ അറിവിനുവേണ്ടി പറയുകയാണ്, അവസാന കമ്മി 825.34 കോടി രൂപ ആയിരിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2013-14 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ മേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട സൂക്ഷ്മ പരിശോധന നിർദിഷ്ട സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ രണ്ടാം ഉപചട്ടം ധനാഭ്യർത്ഥനകൾ പാസാക്കുന്നതിനായി ചേരുന്ന സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ശിവൻകുട്ടി ചെയറിന്റെ മുന്നിൽ വന്ന് ആക്രോശിക്കുകയും ബഹളം വയ്ക്കുകയും നിലവിട്ട് സഭായോഗ്യമല്ലാത്ത വാക്കുകൾ ഉച്ചത്തിൽ സംസാരിക്കുകയും ചെയ്ത നടപടി നിയമസഭാ സാമാജികരുടെ പെരുമാറ്റചട്ടത്തിന്റെ പൂർണ്ണമായ, പരസ്യമായ ലംഘനമാണ്. ആയതിനാൽ പ്രസ്തുത ചട്ടത്തിന്റെ 53-ാം ചട്ടപ്രകാരം ചെയർ ശ്രീ. വി. ശിവൻകുട്ടിയെ സെൻഷ്വർ ചെയ്യുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 മാർച്ച് മാസം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.46-ന് പിരിഞ്ഞു.)

**********